VOL NO: 06 | ISSUE 14
www.nerpatham.com
mail@nerpatham.com
2022 APRIL 02 | ₹10

# നേർപഥം
വാരിക



## അവധിക്കാലം; കുട്ടികൾ കളിച്ചുവളരട്ടെ

ഭക്ഷണത്തെപ്പോലെ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽപെട്ടതാണ് ലൈംഗികതയും. ലൈംഗികതയിലേക്ക് പ്രവേശിക്കണമെങ്കിൽ മതത്തിന്റെ വക്താക്കൾക്ക് നിയതമായ ഒരു മാർഗമുണ്ട്; അതാണ് വിവാഹം. എന്നാൽ ഉഭയകക്ഷി സമ്മതപ്രകാരമാണെങ്കിൽ ആർക്ക് ആരുമായും സെക്സിലേർപ്പെടാമെന്ന് വാദിക്കുന്ന ലിബറലിസ്റ്റുകൾ ഇപ്പോൾ പറയുന്നത് കൺസെന്റ് ചോദിക്കൽ സ്ത്രീ വിരുദ്ധതയാണ് എന്നാണ്. എന്താണ് കൺസെന്റ്, ഉദാരവാദികൾ മുമ്പോട്ട് വയ്ക്കുന്ന കൺസെന്റിന്റെ മാനദണ്ഡമെന്താണ്?

# പരസ്പര സമ്മതത്തിലെ പ്രത്യയശാസ്ത്ര പ്രതിസന്ധികൾ

|| കൊല്ലാൻ പ്രേരിപ്പിക്കുന്ന ധനമോഹം
|| നോമ്പിന്റെ മഹത്ത്വവും മര്യാദകളും
|| വ്രതം: ആത്മീയതയ്ക്കും ആരോഗ്യത്തിനും




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

0271
നേർപഥം
വാരിക

2022 ഏപ്രിൽ 2
1443 റമദാൻ 1
പുസ്തകം 06 / ലക്കം 14



Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10

**പരസ്പര സമ്മതത്തിലെ പ്രത്യയശാസ്ത്ര പ്രതിസന്ധികൾ**
ഹിലാൽ സലീം സി. പി.

05
മുഖമൊഴി
ക്വുർആനുമായി കൂടുതൽ അടുക്കുക

06
ലേഖനം
ശീഈ അത്യാചാരങ്ങൾക്കെതിരെ
പണ്ഡിതശിരോമണികൾ-2
ഡോ. ഷാനവാസ് പറവണ്ണ
ചേക്കുമരക്കാരകത്ത്

09
ലേഖനം
യാത്രയിൽ ശ്രദ്ധിക്കേണ്ടത്
സ്വലാഹുദ്ദീൻ ഇബ്നു സലീം

17
ആരോഗ്യപഥം
അവധിക്കാലം;
കുട്ടികൾ കളിച്ചുവളരട്ടെ
ഡോ. യാസ്മിൻ എം. അബ്ബാസ്,
ആമയൂർ

18
ലേഖനം
നോമ്പിന്റെ മഹത്ത്വവും മര്യാദകളും
ഉസ്മാൻ പാലക്കാഴി

23
ക്വുർആൻ ദർശനം
അൽഫത്ഹ് (വിജയം)
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

26
ചരിത്രപഥം
സത്യസന്ധതക്ക് അംഗീകാരം
ഹുസൈൻ സലഫി

31
ലേഖനം
വ്രതം:
ആത്മീയതയ്ക്കും
ആരോഗ്യത്തിനും
ഡോ. ടി.കെ. യൂസുഫ്

34
കാഴ്ച
കൊല്ലാൻ
പ്രേരിപ്പിക്കുന്ന ധനമോഹം
ടി.കെ. അശ്റഫ്

# സമകാലിക ഇന്ത്യ; ഇന്റലക്ച്വൽ മീറ്റ് ഉജ്വലമായി

'സമകാലിക ഇന്ത്യ; പ്രശ്നങ്ങളും പരിഹാരവും' എന്ന വിഷയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മാർച്ച് 27 ന് കോഴിക്കോട്ട് സംഘടിപ്പിച്ച ഏകദിന ഇന്റലക്ച്വൽ മീറ്റ് ഉജ്വലമായി. ഫാഷിസത്തിന്റെ അജണ്ടകൾ ഒന്നിനു പിറകെ മറ്റൊന്നായി കൗശലപൂർവം നടപ്പിൽ വരുത്തുമ്പോൾ മതേതരപക്ഷത്തും വിശിഷ്യാ ന്യൂനപക്ഷങ്ങൾക്കിടയിലും ഉയർന്നുവന്നിട്ടുള്ള കടുത്ത ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇന്റലക്ച്വൽ മീറ്റ് സംഘടിപ്പിച്ചത്.

പ്രതിപക്ഷത്തിന്റെ ആവർത്തിച്ചുള്ള പരാജയം ഉയർത്തിക്കാണിച്ച് മതനിരപേക്ഷ മുന്നേറ്റത്തിന്റെ സാധ്യതകൾ അവസാനിച്ചതായി വിലയിരുത്തപ്പെടുന്നതിലൂടെ ഫാഷിസവും തീവ്രസ്വഭാവമുള്ള സംഘടനകളും അവരിലേക്ക് ആളെ ചേർക്കാനുള്ള സുവർണാവസരമായിട്ടാണ് ഈ സന്ദർഭത്തെ പ്രയോജനപ്പെടുത്തുന്നത്. ഈ പ്രവണത ശക്തിപ്പെട്ടാൽ സർവനാശമായിരിക്കും അന്തിമഫലമെന്ന് മീറ്റ് വസ്തുനിഷ്ഠമായി ബോധ്യപ്പെടുത്തി. വർഗീയ ശക്തികളുടെ വിജയത്തിലുപരി മതനിരപേക്ഷ മുന്നണിയുടെ ശൈഥില്യമാണ് ഫാഷിസത്തിന് അധികാരത്തിൽ തുടരാൻ സഹായകമായത്. ഇക്കാര്യം തിരിച്ചറിഞ്ഞ് നിലപാട് സ്വീകരിക്കാൻ സമൂഹം തയ്യാറായാൽ ഇന്ത്യ രക്ഷപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. മതനിരപേക്ഷ മുന്നേറ്റത്തിലൂടെ ലക്ഷ്യത്തിലെത്താൻ സഹായകമാകുന്ന പഠന പ്രബന്ധങ്ങളാണ് ഇന്റലക്ച്വൽ മീറ്റിനെ സവിശേഷമാക്കിയത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. 'പുതിയ ഇന്ത്യ ഉയർത്തുന്ന പ്രശ്നങ്ങളും പരിഹാരവും' എന്ന വിഷയം ജനറൽ സെക്രട്ടറി ടി. കെ. അശ്റഫ് അവതരിപ്പിച്ചു. 'ഫാഷിസത്തിന്റെ പര്യവസാനം, ദുരുപയോഗം ചെയ്യുന്ന സാങ്കേതിക ശബ്ദങ്ങൾ,' 'പ്രതിരോധത്തിന്റെ ഇസ്‌ലാമികമാനം,' 'വൈകാരികതയുടെ പര്യവസാനം' എന്നീ വിഷയങ്ങൾ യഥാക്രമം റശീദ് കുട്ടമ്പൂർ, അബ്ദുൽ മാലിക് സലഫി, ശബീബ് സ്വലാഹി, താജുദ്ദീൻ സ്വലാഹി എന്നിവർ അവതരിപ്പിച്ചു. സദസ്സുമായുള്ള സംവാദത്തിന് ഫൈസൽ മൗലവി, സി. പി സലീം, മുജാഹിദ് ബാലുശ്ശേരി എന്നിവർ നേതൃത്വം നൽകി. നാസിർ ബാലുശ്ശേരി ആമുഖ സംസാരവും ശമീർ മദീനി സമാപന സംസാരവും നടത്തി. കെ. പി ശമീൽ നന്ദി പറഞ്ഞു.

# വിസ്ഡം പുസ്തകമേള സമാപിച്ചു

മണ്ണാർക്കാട്: വിസ്ഡം യൂത്ത് മാർച്ച് 24 മുതൽ 27 വരെ മണ്ണാർക്കാട് പള്ളിപ്പടിയിൽ സംഘടിപ്പിച്ച പുസ്തകമേള സമാപിച്ചു.

വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാ പ്രസിഡന്റ് ഹംസക്കുട്ടി സലഫി അധ്യക്ഷത വഹിച്ചു. വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് ടി.കെ. ത്വൽഹത്ത് സ്വലാഹി, മുനിസിപ്പൽ ചെയർമാൻ ഫായിദ ബഷീർ, കൗൺസിലർ ഷഫീഖ് റഹ്മാൻ എന്നിവർ ഉദ്ഘാടന സെഷനിൽ സംബന്ധിച്ചു. രണ്ടാം ദിവസത്തെ പ്രഭാഷണ പരിപാടിയിൽ ടി.കെ. നിഷാദ് സലഫി, മുസ്തഫ മദനി എന്നിവർ പ്രസംഗിച്ചു. മൂന്നാം ദിവസം നടന്ന മണ്ഡലം സമ്മേളനത്തിൽ മുജാഹിദ് ബാലുശ്ശേരി, റഷീദ് കൊടക്കാട്ട്, മൂസ സ്വലാഹി എന്നിവർ പ്രഭാഷണം നടത്തി. അശ്കർ അരിയൂർ, പി.മുജീബ് സലഫി, അബ്ദുല്ല അൽഹികമി, ശഫീഖ് അൽഹികമി, കെ.അർശദ് സ്വലാഹി, നാസർ പോപ്പുലർ തുടങ്ങിയവർ സംബന്ധിച്ചു. ബാല സമ്മേളനം, മെസ്സേജ് പവലിയൻ, ഐ.ടി. കോർണർ, കിഡ്സ് കോർണർ തുടങ്ങിയവയും പുസ്തകമേളയോടനുബന്ധിച്ച് നടന്നു.

# ക്വുർആനുമായി കൂടുതൽ അടുക്കുക

വിശുദ്ധ ക്വുർആൻ അവതീർണമായ റമദാൻ മാസത്തിലാണ് സ്രഷ്ടാവ് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നത്. ലോകമെമ്പാടുമുള്ള വിശ്വാസികൾ ക്വുർആൻ പാരായണത്തിലൂടെയും പഠനത്തിലൂടെയും മനഃപാഠമാക്കുന്നതിലൂടെയും ക്വുർആനുമായി കൂടുതൽ അടുക്കുന്ന മാസമാണ് റമദാൻ.

അന്തിമ പ്രവാചകന് നൽകപ്പെട്ട ഏറ്റവും വലിയ ദൃഷ്ടാന്തമാണ് വിശുദ്ധ ക്വുർആൻ. 1400 വർഷങ്ങൾക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ട ക്വുർആൻ യാതൊരുവിധ മാറ്റത്തിരുത്തലുകൾക്കും വിധേയമാകാതെ ഇന്നും നിലകൊള്ളുന്നു എന്നതുതന്നെ അതിന്റെ ദൈവികതക്ക് തെളിവാണ്. കോടിക്കണക്കിന് മുസ്‌ലിംകൾ ഒരേ ഭാഷയിൽ അത് പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. അനേകം ആളുകൾക്ക് അത് മനഃപാഠമാണ്. എത്രയോ ആളുകൾ അതിൽ ആകൃഷ്ടരായി ഇസ്‌ലാമിലേക്ക് കടന്നുവന്നു; ഇന്നും കടന്നുവന്നുകൊണ്ടിരിക്കുന്നു.

ക്വുർആൻ ഇറക്കിയതിന്റെ ലക്ഷ്യമെന്താണെന്ന് അല്ലാഹു പറഞ്ഞുതരുന്നു: ''...മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതിപ്രകാരം ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്; ആകാശങ്ങളിലുള്ളതിന്റെയും ഭൂമിയിലുള്ളതിന്റെയും ഉടമയായ അല്ലാഹുവിന്റെ (മാർഗത്തിലേക്ക് അവരെ കൊണ്ടുവരാൻ വേണ്ടി)...'' (ക്വുർആൻ 14:1,2).

ആറാം നൂറ്റാണ്ടിൽ ഇരുളടഞ്ഞ മനസ്സും കാടൻ ജീവിതരീതിയുമായി കഴിഞ്ഞുകൂടിയിരുന്ന ഒരു സമൂഹത്തെ വെളിച്ചത്തിലേക്ക് നയിച്ചതും അവരുടെ മനസ്സുകളെ പ്രകാശമാനമാക്കിയതും ക്വുർആനായിരുന്നു. പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും കയ്യൊഴിക്കുവാൻ അവർ തയാറായത് വിശുദ്ധ ക്വുർആൻ അവരുടെ ചിന്തയെ തട്ടിയുണർത്തിയതുകൊണ്ടായിരുന്നു.

''തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)'' (17:9,10).

''നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉദ്ബുദ്ധരാകേണ്ടതിനും വേണ്ടി'' (38:29).

മനുഷ്യന്റെ ഇഹപര ജീവിത വിജയത്തിനുവേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥം എന്ന നിലയിൽ ക്വുർആൻ പഠിക്കൽ സത്യവിശ്വാസികളുടെ ബാധ്യതയാണ്. അതിലെ ഓരോ അക്ഷരവും പാരായണം ചെയ്താൽ അതിന് പ്രതിഫലം ഇരട്ടിയായി ലഭിക്കും എന്ന പ്രവാചകവചനം വിശ്വാസികൾക്ക് സന്തോഷദായകമാണ്. ഒരു വിശ്വാസി ക്വുർആനുമായി അഭേദ്യമായ ബന്ധം ഉണ്ടായിരിക്കേണ്ടവനാണ്. ക്വുർആൻ പാരായണം ചെയ്യുന്നവനെയും പാരായണം ചെയ്യാത്തവനെയും നബി(സ) ഉപമിച്ചത് കാണുക:

''ക്വുർആൻ പാരായണം ചെയ്യുന്ന സത്യവിശ്വാസിയുടെ ഉപമ-അവൻ മാതളനാരങ്ങ പോലെയാണ്. അതിന്റെ ഗന്ധം ഹൃദ്യവും രുചി നല്ലതുമാണ്. ക്വുർആൻ പാരായണം ചെയ്യാത്ത സത്യവിശ്വാസിയുടെ ഉപമ- അവൻ കാരക്കപോലെയാണ്. അതിന് സുഗന്ധമില്ല; മാധുര്യമുണ്ട്'' (ബുഖാരി, മുസ്‌ലിം).

വിശ്വത്തിന്റെ പ്രകാശമായ വിശുദ്ധ ക്വുർആൻ പഠിക്കുവാനും പാരായണം ചെയ്യുവാനും ഈ പരിശുദ്ധ റമദാനിലെ രാപകലുകളെ ഉപയോഗപ്പെടുത്തുവാൻ എല്ലാവരും പരിശ്രമിക്കുക. സർവശക്തൻ അനുഗ്രഹിക്കട്ടെ-ആമീൻ.



ലേഖനം

2

# ശീഈ അത്യാചാരങ്ങൾക്കെതിരെ പണ്ഡിതശിരോമണികൾ

ഡോ. ഷാനവാസ് പറവണ്ണ ചേക്കുമരക്കാരകത്ത്

**1917**ൽ നടന്ന ചരിത്രസംഭവമാണ് മാപ്പിളകവി മുണ്ടമ്പ്ര ഉണ്ണിമമ്മദ് അക്കാലത്ത് എഴുതിയ 'കൊടികേറ്റം' എന്ന കാവ്യത്തിന്റെ വിഷയം. അരീക്കോടിന്റെ പഴയകാല ഓർമകളിൽ അത് ഇന്നും തങ്ങിനിൽക്കുന്നു. അന്ധവിശ്വാസത്തിലധിഷ്ഠിതമായ ഒരനാചാരത്തോടുള്ള എതിർപ്പായിരുന്നു അതിന്റെ പിന്നിലെ പ്രേരണ. കൊണ്ടോട്ടി നേർച്ചക്കുള്ള കൊടികേറ്റത്തിനുശേഷം അരീക്കോട്ടുവന്നു കൊടികേറ്റംനടത്തും. അരീക്കോട്ടെ തങ്ങൻമാർ ഇതിനു പിന്തുണനൽകും. എന്നാൽ അരീക്കോട്ടെ തങ്ങളോടുള്ള എതിർപ്പുകാരണം പ്രസ്തുതവർഷം കൊടികേറ്റാൻ അനുവദിക്കില്ലെന്ന് പൗരപ്രധാനികളുടെ പിൻബലത്തിൽ ജനങ്ങൾ തീരുമാനിച്ചു. കൊണ്ടോട്ടി കൈക്കാരിലെ അനാചാരത്തിനെതിരായ ജനവികാരമാണ് കൊടികേറ്റത്തെ എതിർക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചത്. കൊണ്ടോട്ടിതങ്ങളുടെ കാര്യസ്ഥൻ കോയസ്സൻ അധികാരിയുടെ നേതൃത്വത്തിൽ കൊടികേറ്റാൻ വന്ന സംഘവും നാട്ടുകാരും തമ്മിൽ സംഘർഷമുണ്ടായി.

മാപ്പിളകവി മുണ്ടമ്പ്ര ഉണ്ണിമമ്മദ് ആ സംഭവം വിവരിക്കുന്ന ഭാഗം കാണുക:

''തനമാം അരീക്കോടാ നഗരം ഒന്നേ
ശുരിതി കൊടികേറ്റം കാശിന്തേകേമാ
ചുടരക്കഥ റാവി ബസീറാം നാമാ
പുരിയിൽ വസിപ്പാനെ നരർകൾതാമെ
പൂർവ്വീകമെ രണ്ടു വകുപ്പിലാമെ
വകയുണ്ടവർക്ക് പേർ നടക്കും സുന്നീ
പാലർ കശിയാമെ നഗർ പൊന്നാനി
ദ്വിദീയർ ശൈഖൻമാർകളും പെണ്ടാട്ടി
സിനഹപ്പടൈകയ്യാർകളും കൊണ്ടോട്ടി
സ്ഥിതിയാൽ നടന്നിട്ടും അവസ്ഥ ഹാദാ
സ്ഥിരമാൽ പരക്കെ മുമ്പറിവുള്ളതാം
ചിതറൈ അതൈവാർത്ത നിറുത്തികൊണ്ടെ
ചിന്തും 'കൊടികേറ്റം' വിശേളം കൊണ്ടെ'' (5)



രണ്ട് നൂറ്റാണ്ടുകളായി അരീക്കോട്ട് ഐശ്വര്യത്തോടെ വാണരുളിയ കുടുംബമായിരുന്നു കൊണ്ടോട്ടി ശൈഖൻമാരുടെ കുടുംബം. അരീക്കോട്ട് അവർക്ക് അളവറ്റ ഭൂസ്വത്തും കെട്ടിടങ്ങളും മറ്റു വരുമാനമാർഗങ്ങളും അവരുടെ കീഴിൽ ധാരാളം കുടിയാൻമാരും ഉണ്ടായിരുന്നു. സുഖസമൃദ്ധമായ ജീവിതം നയിച്ച്അരീക്കോട്ട് വിലസിയ ഇവരുടെ നടപടിക്രമങ്ങൾ ഇസ്‌ലാമിന് കടകവിരുദ്ധമാണെന്നും അത് ഇവിടെ തുടരാൻ പറ്റുകയില്ലെന്നും നാട്ടുകാർ മനസ്സിലാക്കി അവരെ നിഷ്കാസനം ചെയ്തു. യാതൊരു തടസ്സവും എതിർപ്പും കുടാതെ ആർഭാടമായി ഇതേവരെ കഴിച്ചിരുന്ന നേർച്ച അതോടെ അവസാനിച്ചു. തങ്ങൻമാരുടെ കുടുബവും സിൽബന്ധികളും സ്ഥലംവിട്ടു. അവരുടെ വീടുകളും കുംഭയും തക്കിയയും തകർന്നടിഞ്ഞു.

## ശവകുടീര ഉൽസവങ്ങൾക്കെതിരെ

ശവകുടീര ഉൽസവങ്ങൾ മുസ്‌ലിം സമൂഹത്തിൽ വ്യാപകമാകാൻ തുടങ്ങിയപ്പോൾ അതിനെതിരെ പട നയിച്ചവരിൽ പ്രമുഖനായ പണ്ഡിതപ്രവരനാണ് കരിമ്പനക്കൽ കുഞ്ഞിപ്പോക്കു മുസ്‌ലിയാർ, മലപ്പുറം നേർച്ചക്കെതിരെ അദ്ദേഹം ആളുകളെ ബോധവൽക്കരിച്ചിരുന്നു. പെരിന്തൽമണ്ണ ഭാഗത്ത് ഇപ്രകാരം പുരോഗമന വീക്ഷണത്തോടെ ആളുകളെ നയിച്ചിരുന്ന മറ്റൊരു പണ്ഡിതനാണ് കരുവള്ളി മുഹമ്മദ് മൗലവിയുടെ ഗുരുനാഥനായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ. വിദ്യാഭ്യാസ പ്രവർത്തനത്തിലും രാഷ്ട്രീയ കാര്യങ്ങളിലുമായിരുന്നു പ്രധാനമായും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഊന്നിയിരുന്നത്. കൊട്ടിലുങ്ങൽ മൊയ്തു മുസ്‌ലിയാർ, പാടൂർ കോയക്കുട്ടി തങ്ങൾ തുടങ്ങിയവരൊക്കെ ഈ രംഗത്ത് അനർഘസേവനങ്ങളനുഷ്ഠിച്ചു.

പ്രസിദ്ധ പണ്ഡിതനായിരുന്ന കരിമ്പനക്കൽ കുഞ്ഞിപ്പോക്കു മുസ്‌ലിയാർ ചാവടിയന്തിരത്തെ നിശിതമായി വിമർശിച്ചുകൊണ്ട് 'ഇർശാദുൽ ആമ്മ' എന്ന പേരിൽ ഒരു അറബി മലയാള കൃതി പ്രസിദ്ധപ്പെടുത്തി. പാടൂർ കോയക്കുട്ടി തങ്ങൾ ബുഖാരി അവർകൾ വ്യാജത്വരീക്വത്തുകളെയും 'മുഹ്‌യിദ്ദീൻ മാല' മുതലായ കൃതികളെയും വിമർശിച്ചിരുന്നു.(6)

ആണ്ടുനേർച്ച, ഉറൂസ് പൂരങ്ങൾ തലക്കുപിടിച്ച ചില പണ്ഡിതനാമധാരികൾ സമൂഹത്തിന്റെ അജ്ഞത മുതലെടുത്ത് ഉദരപൂരണം നിർവഹിക്കാൻ ശ്രമിച്ചിരുന്നതിന്റെ ഉദാഹരണങ്ങൾ പിൽക്കാലത്തുമുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിലെ ചില ന്യായീകരണതിലകങ്ങളുടെ വാചോടോപങ്ങൾ കാണുക:

''ചെണ്ടമുട്ട്: കുബത്ത് (തുടി) ഒഴികെയുള്ള എല്ലാ ചെണ്ടമുട്ടുകളും ഹലാലാണെന്നതിൽ റാഫിഈ ഇമാമും നവവി ഇമാമും(റ) ഒത്തിരിക്കുന്നു എന്ന് മിൻഹാജിലും, അതിന്റെ ശറആയ തുഹ്ഫ, നിഹായ, മുഗ്നി, സിറാജുൽ വഹ്ഹാജ് മുതലായവകളിലും പറഞ്ഞിരിക്കുന്നു. മൻഹജിന്റെ ഹാശിയയിൽ അല്ലാമത്തുൽ ബുജൈരിമി(റ) തുടിയല്ലാത്ത എല്ലാ ചെണ്ടകളും ഹലാലാണെന്നാണ് നിയമം എന്നും പറഞ്ഞിട്ടുണ്ട്.''(7)

''നടു കുടുങ്ങി തല രണ്ടും വികസിച്ച ചെണ്ട ഹറാമാണ്. അല്ലാത്ത, മലബാറിൽ കണ്ടുകൊണ്ടിരിക്കുന്ന എല്ലാ മുട്ടുകളും ഹലാലാണ്. ഇതാണ് മുട്ടുന്നതിന്റെ ശറഇന്റെ വിധി. കുഴൽവിളിയും ഇതേ പ്രകാരം ഹലാലാണ്.''(8)

**പ്രസിദ്ധ പണ്ഡിതനായിരുന്ന കരിമ്പനക്കൽ കുഞ്ഞിപ്പോക്കു മുസ്‌ലിയാർ ചാവടിയന്തിരത്തെ നിശിതമായി വിമർശിച്ചുകൊണ്ട് 'ഇർശാദുൽ ആമ്മ' എന്ന പേരിൽ ഒരു അറബി മലയാള കൃതി പ്രസിദ്ധപ്പെടുത്തി. പാടൂർ കോയക്കുട്ടി തങ്ങൾ ബുഖാരി അവർകൾ വ്യാജത്വരീക്വത്തുകളെയും 'മുഹ്‌യിദ്ദീൻ മാല' മുതലായ കൃതികളെയും വിമർശിച്ചിരുന്നു.(6) ആണ്ടുനേർച്ച, ഉറൂസ് പൂരങ്ങൾ തലക്കുപിടിച്ച ചില പണ്ഡിതനാമധാരികൾ സമൂഹത്തിന്റെ അജ്ഞത മുതലെടുത്ത് ഉദരപൂരണം നിർവഹിക്കാൻ ശ്രമിച്ചിരുന്നതിന്റെ ഉദാഹരണങ്ങൾ പിൽക്കാലത്തുമുണ്ടായിട്ടുണ്ട്.**

''കൂടാതെ നേർച്ചസ്ഥലങ്ങളിൽ പങ്കെടുക്കുന്ന പതിനായിരങ്ങളിൽ ക്ഷയരോഗം, കുഷ്ഠരോഗം തുടങ്ങിയ പകർച്ചവ്യാധികൾ ഉള്ളവരും ഉണ്ടാവാൻ ഹിതമുണ്ട്. അങ്ങിനെയുള്ള രോഗാണുക്കൾ മറ്റുള്ളവരെയും പിടികൂടിയേക്കാം. എന്നാൽ കരിമരുന്നു കത്തിക്കുന്ന അതിന്റെ പുകയ്ക്ക് അത്തരം രോഗാണുക്കളെ നശിപ്പിക്കാനുള്ള കഴിവുണ്ടെന്നു വൈദ്യശാസ്ത്രങ്ങൾ ഘോഷിച്ചിട്ടുണ്ട്. ഈ നിലവെച്ചു നോക്കിയാൽ ആ സന്ദർഭങ്ങളിൽ കരിമരുന്നു പ്രയോഗം അത്യാവശ്യമാണെന്നു പറഞ്ഞാൽ പോലും തെറ്റാവുകയില്ല.'' (9)

സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ യാഥാസ്ഥിതികന്മാരായ മുസ്‌ലിയാക്കൾക്കെതിരിൽ സമരം നടത്തി. അദ്ദേഹം അല്ലാഹുവിന്റെ സൃഷ്ടികൾക്ക് ആടും കോഴിയും നേർച്ചയാക്കുന്നതിനെ ശക്തിപൂർവം എതിർത്തു. കൊടികയറ്റം, സിവിൽ-ക്രിമിനൽ റാത്തീബുകൾ, മൗലിദ് മാല മുതലായ അനാചാരങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ട് ചമ്മന്നൂർ കൊട്ടിലുങ്ങൽ മൊയ്ദുണ്ണി മുസ്‌ലിയാർ 'തൻബീഹുള്ളാല്ലീൻ' എന്ന ഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചു. 1912ൽ പൊന്നാനിയിലെ മത്ബഅത്തുൽ ഇസ്‌ലാമിയ്യ പ്രസ്സിൽ നിന്ന് തിരൂർ സി. സെയ്ദാലിക്കുട്ടി മാസ്റ്റർ(10) ആണ് ആ അമൂല്യ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയത്.

കഴിഞ്ഞകാലത്തെ നിസ്വാർഥരായ മതപണ്ഡിതന്മാർ ജാറങ്ങളിലെ ആണ്ടുനേർച്ച, ഉറൂസ് പൂരങ്ങളെ ശക്തിമത്തായ സ്വരത്തിൽ വിമർശിക്കുകയും ഭത്സിക്കുകയും ചെയ്തിട്ടുണ്ട്. പാണക്കാട് സയ്യിദ് മുഹമ്മദ് ഹുസൈൻ തങ്ങൾ, മമ്പുറം സയ്യിദ് അലവി തങ്ങളുടെ പുത്രൻ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ, പരപ്പനങ്ങാടി സ്വദേശിയും വിഖ്യാത പണ്ഡിതനായിരുന്ന അബൂബക്കർ കോയ മുസ്‌ലിയാർ മുതലായ പ്രതിഭാധനരായ മതനേതാക്കൾ ശവകുടീരങ്ങളിൽ വെച്ചു നടത്തുന്ന പൂരങ്ങൾക്കെതിരിൽ ശക്തിയായ സ്വരത്തിൽ പ്രതികരിച്ചിട്ടുണ്ട്.

മൊയ്തുണ്ണി മുസ്‌ലിയാരുടെ 'ഹിദായത്തുള്ളാല്ലീൻ' എന്ന അറബി മലയാള ഗ്രന്ഥത്തിൽ കൊടികയറ്റം, ത്വരീകത്ത് തുടർച്ചകൾ, ഖബ്ർ പൂരങ്ങൾ മുതലായ അനാചാരങ്ങളെ അതിനിശിതമായി വിമർശിച്ചതു കാണാം. സമസ്ത സ്ഥാപിക്കുന്നതിന് എത്രയോ മുമ്പാണ് പ്രസ്തുത ഫത്‌വകളും ഗ്രന്ഥവും രചിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത പണ്ഡിതർക്കെതിരിൽ പ്രതികരിച്ച ഒരൊറ്റ ബറേൽവി പണ്ഡിതനും അക്കാലത്തുണ്ടായിരുന്നില്ല.

ചെണ്ട, കുഴൽവിളികൾക്ക് എതിരായി സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങൾ ഇസ്തംബൂളിൽ നിന്നെഴുതി അയച്ച ഫത്‌വ:

''സയ്യിദ് അലവി തങ്ങൾ അവർകളുടെ മകൻ മുജദ്ദിദുദ്ദീൻ വലിയ്യുല്ലാഹി അസ്സയ്യിദ് ഫദ്ൽപൂക്കോയ തങ്ങൾ അവർകളുടെ ഹള്റത്തിലേക്ക് സുആൽ.(11) ഈ മലയാളത്തിൽ നടന്നുവരുന്ന മുട്ട് വിളി ഹറാമോ ഹലാലോ? ഏത് പ്രകാരമാണെന്നു ഒരു ജവാബ് തരുവാൻ തങ്ങളോട് അപേക്ഷിക്കുന്നു. ഇതിനാൽ ഈ രാജ്യങ്ങളിൽ വലിയ ഫിത്ന വാഖിആയി സംഭവിച്ചിരിക്കുന്നു. ഇതിന്നു തങ്ങൾ ഒരു ജവാബ് തന്നാൽ ഈ ഫിത്ന അടങ്ങാനും മതി. അല്ലാഹു അവിടത്തേക്ക് ഉത്തമമായ പ്രതിഫലം തരട്ടെ. അവൻ നല്ലവർക്ക് നല്ല പ്രതിഫലം വർധിപ്പിക്കുന്നവനാണ്.''

''എല്ലാ മുസ്‌ലിമീങ്ങൾക്കും മേൽപറഞ്ഞ കുഴൽവിളി വാർത്ത്യങ്ങൾ ഒഴിച്ചു ദൂരത്താകുന്നത് വാജിബാകുന്നു. അതുകൾ എടുത്തു നടക്കുന്നത് വൻദോഷവുമാകുന്നു. അതുകൊണ്ട് കളിവിനോദങ്ങൾ ഒക്കെയും വിട്ടൊഴിഞ്ഞു പടച്ചവൻ കൽപിച്ച പ്രകാരം നടക്കുവാൻ നമുക്കും നിങ്ങൾക്കും തൗഫീഖ് ചെയ്യട്ടെ -ആമീൻ തമ്മത്.''(12)

(തുടരും)

**വിഷയ സൂചിക:**

5. മഹാകവി മുണ്ടമ്പ്ര ഉണ്ണി മമ്മദ്, കൊടികേറ്റം, മലയാള മൊഴിമാറ്റം: വിഅബ്ദുല്ലകുട്ടി അരീക്കോട്, ടീം പോസിറ്റീവ് അരീക്കോട്, മെയ് 2015, പുറം 24.
6. ബശീർ സലഫി പൂളപ്പൊയിൽ, കേരള മുസ്‌ലിം നവോത്ഥാനം ചരിത്രവും വർത്തമാനവും, അഹ്‌ലുസ്സുന്ന ബുക്സ്, കോഴിക്കോട്, കരുവള്ളി മുഹമ്മദ് മൗലവിയുടെ അവതാരിക..
7. ആണ്ടുനേർച്ചയും ചില അപവാദങ്ങളും, പുറം 21.
8. മുട്ടുംവിളി നേർച്ചയെ എതിർക്കുന്നവർക്കൊരു മറുപടി, പുറം 39.
9. ആണ്ടുനേർച്ചയും ചില അപവാദങ്ങളും, പുറം 24.
10. സി.സെയ്ദാലിക്കുട്ടി മാസ്റ്റർ എന്ന പ്രതിഭാശാലിയായ പരിഷ്കർത്താവിനെ കൂടുതൽ അറിയാൻ 2019 ആഗസ്റ്റ് 3,10 തീയതികളിൽ പുറത്തിറങ്ങിയ 'നേർപഥം' വാരികയിൽ ഈ ലേഖകൻ എഴുതിയ 'തമസ്സു മാറ്റാൻ തപിച്ച സെയ്ദാലിക്കുട്ടിമാസ്റ്റർ,' 'മാസ്റ്ററുടെ തൂലികാ വിസ്മയം' എന്നീ ലേഖനങ്ങൾ വായിക്കുക.നേർപഥം വാരികയുടെ പഴയ ലക്കങ്ങൾ ഓൺലൈനിലും ലഭ്യമാണ്.
11. ചോദ്യം.
12. സയ്യിദ് ഫദ്ൽ പൂക്കോയ തങ്ങൾ ഇസ്തംബൂളിൽനിന്നെഴുതി അയച്ച ഫത്‌വ.




# യാത്രയിൽ ശ്രദ്ധിക്കേണ്ടത്

സ്വലാഹുദ്ദീൻ ഇബ്നു സലീം
:94954 67259

ഇബ്നു ഉമർ(റ) പറയുകയാണ്: ''നബി(സ്വ) എന്റെ തോളിൽ പിടിച്ച് പറഞ്ഞു: 'നീ ഇഹലോകത്ത് ഒരു വഴിയാത്രക്കാരനെ പോലെയോ അല്ലെങ്കിൽ അപരിചിതനെപ്പോലെയോ ആയിരിക്കുക'' (ബുഖാരി).

യാത്രയ്ക്കിടയിൽ, അല്ലെങ്കിൽ പരിചിതമല്ലാത്തിടത്ത് ചെന്നുപെട്ടാൽ ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും ഇല്ലായ്മയെ ഉൾകൊള്ളാനും ജീവിത വീക്ഷണങ്ങളെ പരിവർത്തിപ്പിക്കാനും സാധിക്കും. ഇത് ജീവിതത്തിന് നൽകുന്ന സമാധാനം വളരെ വലുതായിരിക്കും. യാത്രയുടെ ലക്ഷ്യം നിറവേറ്റി തിരിച്ചുപോകുവാനായിരിക്കും അവന്റെ അദമ്യമായ ആഗ്രഹം.

യാത്രക്ക് വേണ്ടത് എന്തൊക്കെയാണ്? അത്യാവശ്യത്തിന്ന് പാഥേയം, കൃത്യമായ ഒരു ലക്ഷ്യസ്ഥാനം, മാർഗം വ്യക്തമായി മനസ്സിലാക്കൽ, ഇടയ്ക്കുള്ള തടസ്സങ്ങളെ അവഗണിക്കൽ, വന്നുചേരുന്ന ബുദ്ധിമുട്ടുകളിൽ ക്ഷമിക്കൽ... ഇങ്ങനെ പലതും ശ്രദ്ധിക്കണം.

യാത്രക്കാർ പലവിധമാണ്. ലക്ഷ്യം മാത്രം ശ്രദ്ധിച്ച് ഓരോ പ്രവൃത്തിയെയും ലക്ഷ്യത്തിലേക്കുള്ള കാര്യമായി പരിവർത്തിപ്പിക്കുന്നവരുണ്ട്. മറ്റൊരു കൂട്ടരുണ്ട്; അവരെ കണ്ടാൽ ലക്ഷ്യം മറന്നവരാണെന്ന് തോന്നും. കാരണം അവർ കിട്ടിയ വിഭവങ്ങളിൽ ആനന്ദിക്കുകയല്ലാതെ ലക്ഷ്യത്തിലേക്കെത്താൻ ഒന്നും ചെയ്യുന്നില്ല. വേറൊരു കൂട്ടർ തടസ്സങ്ങളും ബുദ്ധിമുട്ടുകളും മാത്രം കാണുകയും കരകയറുക എന്നത് മാത്രം ലക്ഷ്യം വെച്ച് പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും സഹിക്കാൻ കഴിയാതെ തീയിൽ ചവിട്ടിയവരെപ്പോലെ അസ്വസ്ഥരാകുന്നവരാണ്. നമ്മൾ ഏതിലാണ് ഉൾപെടുക എന്ന് വിലയിരുത്തണം. തിന്മയും നന്മയും ഇരുളും വെളിച്ചവും തിരിച്ചറിയലാണ് ലക്ഷ്യത്തിന്റെ വഴിയിലേക്കെത്താൻ വേണ്ടത്.

പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള എളുപ്പ മാർഗം ആത്മഹത്യയാണെന്ന മൂഢധാരണയുള്ള പലരുമുണ്ട്. ഉള്ളുതുറന്ന് സംസാരിക്കാൻ ഒരാളെ കിട്ടിയാൽ തീരുന്ന പ്രശ്നമായിരിക്കും പലർക്കുമുള്ളത്. അവരുടെ പ്രയാസം അവർക്കുതന്നെ പരിഹരിക്കാൻ കഴിയുമെന്ന ബോധം അവരിൽ ആത്മവിശ്വാസം വളർത്തും. സ്രഷ്ടാവിൽ എല്ലാം സമർപ്പിക്കുന്നതിലൂടെയാണ് അത് സാധ്യമാവുക. സർവശക്തനും സർവനിയന്താവും എല്ലാം അറിയുന്നവനുമായ അല്ലാഹു എന്റെ പ്രയാസങ്ങൾ നീക്കിത്തരുമെന്നും കഴിഞ്ഞതും വരാനിരിക്കുന്നതും മുഴുവൻ കാരുണ്യവാനായ രക്ഷിതാവ് അറിഞ്ഞ് നൽകുന്നതാണെന്നും ചിന്തിക്കുന്നവന്ന് അവനോടുള്ള തേട്ടത്തിന് പകരം വേറൊരു മാർഗം കാണുക സാധ്യമല്ല. ജീവിതത്തിന്റെ മുഖ്യലക്ഷ്യം തന്നെ ക്വുർആൻ പറയുന്നത് അല്ലാഹുവിനെ മാത്രം ആരാധിക്കലാണ് എന്നതാണ്. ഈ ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കുന്നതാണ് ജീവിതയാത്രയിലെ പ്രയാസങ്ങൾക്ക് മുഖ്യഹേതു.

ജീവിതയാത്രയുടെ അറ്റം എവിടെയാണ് എന്ന ചോദ്യത്തിന് പലരും പറയുന്ന മറുപടി മരണത്തിൽ എന്നാണ്. യഥാർഥത്തിൽ മരണം അനന്തമായ ജീവിതത്തിന്റെ തുടക്കം മാത്രമാണ്. അവിടെ പ്രവർത്തിക്കാൻ അവസരമില്ല, പ്രവർത്തിച്ചതിന്റെ ഫലങ്ങൾ ആസ്വദിക്കാം. യാത്ര അവസാനിക്കുന്നതിന്ന് തൊട്ടുമുമ്പ് നന്മയാകുന്ന പാഥേയം നന്നായി ഒരുക്കിവച്ചവന് യാത്രയ്ക്കു ശേഷം ശാശ്വത സ്വർഗം ഉറപ്പ്; അല്ലാത്തവർക്ക് നരകവും.

നാം ശ്രദ്ധിക്കേണ്ടത് നമ്മുടെ ജീവിതയാത്രയിലെ ഓരോ നിമിഷത്തിലും അല്ലാഹുവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കുവാനാണ്. നന്മകൾക്ക് ആത്മാർഥമായി പ്രതിഫലം പ്രതീക്ഷിക്കുകയും ശിക്ഷയെ ഭയപ്പെടുകയും വേണം. സ്വർഗമെന്ന കേന്ദ്രബിന്ദുവിനെ മാത്രം ലക്ഷ്യമാക്കി മുന്നേറണം. അപ്പോൾ ഐഹിക സമാധാനവും പരലോകരക്ഷയും ലഭിക്കും. ■



# പരസ്പര സമ്മതത്തിലെ പ്രത്യയശാസ്ത്ര പ്രതിസന്ധികൾ

**ഭക്ഷണത്തെപ്പോലെ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പെട്ടതാണ് ലൈംഗികതയും. ലൈംഗികതയിലേക്ക് പ്രവേശിക്കണമെങ്കിൽ മതത്തിന്റെ വക്താക്കൾക്ക് നിയതമായ ഒരു മാർഗമുണ്ട്; അതാണ് വിവാഹം. എന്നാൽ ഉഭയകക്ഷി സമ്മത പ്രകാരമാണെങ്കിൽ ആർക്ക് ആരുമായും സെക്സിലേർപ്പെടാമെന്ന് വാദിക്കുന്ന ലിബറലിസ്റ്റുകൾ ഇപ്പോൾ പറയുന്നത് കൺസെന്റ് ചോദിക്കൽ സ്ത്രീ വിരുദ്ധതയാണ് എന്നാണ്. എന്താണ് കൺസെന്റ്, ഉദാരവാദികൾ മുമ്പോട്ട് വയ്ക്കുന്ന കൺസെന്റിന്റെ മാനദണ്ഡമെന്താണ്?**

ഹിലാൽ സലീം സി. പി.
: 79945 11562

സിനിമകൾ ഒരു സമൂഹത്തിന്റെ പ്രതിഫലനമാണ് എന്നാണ് പറയാറുള്ളത്. തങ്ങൾക്ക് ജീവിതത്തിൽ ചെയ്യാൻ സാധിക്കാത്ത വീരശൂരപരാക്രമങ്ങളും നീതിസംരക്ഷണവും നായകകഥാപാത്രങ്ങൾ ചെയ്യുന്നതു കണ്ട് സാധാരണക്കാരൻ കൈയടിക്കുന്നു. പതിയെ ഈ നായകന്മാർ സെറ്റിന് പുറത്തും ആരാധനാപാത്രങ്ങളാവുന്നു. സ്വാഭാവികമായും അവരുടെ വാക്കുകൾക്ക് സമൂഹത്തിൽ വലിയ രീതിയിൽ സ്വാധീനം ചെലുത്താൻ സാധിക്കും. ഈ സിനിമാ ഫീൽഡിലേക്ക് ജാതി വിവേചനവും വർണവിവേചനവും നേരിട്ടുകൊണ്ട്, അത്ര സുഖകരമല്ലാത്ത സാമൂഹിക സാഹചര്യത്തിൽനിന്നും കടന്നുവന്നയാളാണ് വിനായകൻ. പലപ്പോഴും കടുപ്പമേറിയ വാചകങ്ങളിൽ സംസാരിക്കുന്ന വ്യക്തിയാണ് ഇദ്ദേഹം. ഈയിടെ ഒരു സിനിമാ പ്രമോഷനുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റേതായി പുറത്തുവന്ന അഭിമുഖത്തിന്റെ ശകലങ്ങളാണ് ഇന്ന് കേരളത്തിന്റെ പൊതുബോധത്തെ പിടിച്ചുകുലുക്കുന്നത്: ‘‘ഒരു സ്ത്രീയുമായി ലൈംഗികബന്ധത്തിലേർപ്പെടണമെങ്കിൽ നിങ്ങളെന്ത് ചെയ്യും? ഞാനാണെങ്കിൽ അവരോട് ചോദിക്കും. ഞാൻ പത്ത് പേരുമായി ബന്ധത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ആ കാണുന്ന പെണ്ണുമായി (ഒരു മാധ്യമപ്രവർത്തകയെ ചൂണ്ടിക്കാട്ടിക്കൊണ്ട്) എനിക്ക് ചെയ്യണമെന്നു തോന്നിയാൽ ഞാൻ അവരോടു ചോദിക്കും. അവർ ഇല്ലെന്നു പറയും.’ അഭിമുഖം പുറത്തുവന്നതോടെ വിനായകനെ രൂക്ഷമായി വിമർശിച്ചും അദ്ദേഹത്തിന്റെ വർണത്തെയും ജാതിയെയും ചേർത്തുകൊണ്ടുമുള്ള പരിഹാസങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ നിറയുകയാണ്.

## ഭക്ഷണവും സെക്സും അടിസ്ഥാന ആവശ്യങ്ങൾ

'മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളാണ് ഭക്ഷണവും ലൈംഗികതയും. അതിനാൽത്തന്നെ അത് തടഞ്ഞുവെക്കേണ്ട സംഗതിയല്ല. രണ്ടും സുലഭമായി ലഭ്യമാവുക' എന്നതാണ് ഉദാരലൈംഗീകതയെ പ്രോത്സാഹിപ്പിക്കുന്ന ആധുനികതയുടെ സൈദ്ധാന്തികർ മുന്നോട്ടുവയ്ക്കുന്ന പ്രധാനമായ ആവശ്യം. ഭക്ഷണവും വെള്ളവും മനുഷ്യന് എത്രമാത്രം അനായാസമായി ലഭിക്കുന്നുവോ, അതേരൂപത്തിൽ ലൈംഗിക ആവശ്യങ്ങളും നിറവേറണം. സ്ത്രീയുടെയും പുരുഷന്റെയും ലൈംഗികതയെയും 'സ്വകാര്യഭാഗ'ങ്ങളെയും സംബന്ധിച്ച ചർച്ചകൾ സമൂഹമധ്യത്തിലേക്ക് കൊണ്ടുവന്ന് അതിനെ സാമാന്യവൽക്കരിക്കുകയെന്നതാണ് ഈ ലക്ഷ്യത്തിലേക്കുള്ള പ്രധാനപ്പെട്ട ഒരു കാൽവയ്പ്. എന്നാൽ ഇത്തരം സ്വകാര്യതകളെ നോർമലൈസ് ചെയ്യുന്നത് ഒട്ടനവധി സാമൂഹികവും ദാമ്പത്യപരവുമായ പ്രശ്നങ്ങളിലേക്ക് വഴിതെളിക്കും എന്നതാണ് യാഥാർഥ്യം. പുരുഷകേന്ദ്രീകൃതമായ അജണ്ടകൾ സ്ത്രീ വിമോചനത്തിന്റെ പേരിൽ കെട്ടിയിറക്കുകയും അതിരുകൾ നിശ്ചയിക്കപ്പെടാത്ത ലോകക്രമത്തെ കാട്ടി സ്ത്രീകളെത്തന്നെ അതിന്റെ പ്രമോട്ടർമാരായി സൃഷ്ടിച്ചെടുക്കുകയും ചെയ്യുന്ന പ്രക്രിയയുടെ ഒരുപാട് ഉദാഹരണങ്ങളിൽ ഒന്ന് മാത്രമാണ് ഇവിടെയുമുള്ളത്.

നിങ്ങൾ അധ്വാനിച്ചുണ്ടാക്കിയ പണം ഉപയോഗിച്ച് നിങ്ങൾ ഭക്ഷണം കഴിക്കുന്നു. ഭക്ഷണം കഴിച്ച് ജീവൻ നിലനിർത്തുക എന്ന നിങ്ങളുടെ ആവശ്യം നിറവേറുന്നത്, സ്വാദിഷ്ഠമായ ഭക്ഷണം ആസ്വദിച്ച് കഴിക്കുക എന്ന സുഖം ലഭിക്കുന്നത്, പകലന്തിയോളം പണിയെടുത്ത് വീട്ടിലെത്തി വയറുനിറക്കുമ്പോൾ സംതൃപ്തി ലഭിക്കുന്നത് അധ്വാനിക്കുക എന്ന കടമ നിങ്ങൾ കർമശേഷിയോടെ നിർവഹിച്ചതുകൊണ്ടാണ്. കിട്ടുന്നതെന്തും ഭക്ഷിക്കുക, അധ്വാനിക്കാനുള്ള കരുത്തുണ്ടായിരിക്കെ അപരനോട് ഭക്ഷണത്തിനു യാചിക്കുക എന്നതും ഏത് അളവുകോലെടുത്ത് പരിശോധിച്ചാലും ശരിയായ രീതിയല്ല. മാത്രമല്ല, ഇവിടെ അധ്വാനവുമായി ബന്ധപ്പെട്ട ഘടകങ്ങൾക്കും പ്രസക്തിയുണ്ട്. നിങ്ങളുടെ അധ്വാനം എന്തായിരുന്നു, അതിലൂടെ ലഭിച്ച കൂലിയിൽ അനർഹമായത് നിങ്ങൾ കൈക്കലാക്കിയിട്ടുണ്ടോ തുടങ്ങിയ നിയമപരവും മൂല്യബന്ധിതവുമായ ചോദ്യങ്ങൾ ഉയരുന്നുണ്ട്. ഈ ചോദ്യങ്ങൾക്കൊക്കെ ന്യായമായതും മൂല്യാധിഷ്ഠിതവുമായ ഉത്തരങ്ങൾ നൽകിക്കഴിഞ്ഞാലും ഭക്ഷണം ഭുജിക്കുക എന്നത് ജീവിതത്തിന്റെ ലക്ഷ്യമായി മാറാനും പാടില്ല.

ഇതേപോലെത്തന്നെ ലൈംഗികതയും മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽ പെട്ടതാണ്. അതിനെ തടഞ്ഞുവെക്കുന്നത് ശരിയല്ല എന്നത് പോലെത്തന്നെ ഉദാരവൽക്കരിക്കുന്നതും തെറ്റാണ്, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പ്രവൃത്തിയാണ്. ലൈംഗിക ആവശ്യങ്ങൾ നിറവേറ്റാൻ കൃത്യമായ വഴികളും നിയമങ്ങളും അവിടെ സ്വീകരിക്കേണ്ട മൂല്യങ്ങളുമുണ്ട് എന്നതാണ് മതം പഠിപ്പിക്കുന്നത്. അതിനെ മറ്റുള്ളവരിൽനിന്നും തട്ടിയെടുക്കേണ്ടതോ യാചിക്കേണ്ടതോ ആയ വിഷയമായി മതം കണക്കാക്കുന്നില്ല. ന്യായമായ മാർഗത്തിൽ ലൈംഗികത ലഭ്യമാകുമ്പോൾ പോലും അതിനെ ജീവിതത്തിന്റെ ലക്ഷ്യമായി കാണാൻ മതം പഠിപ്പിക്കുന്നില്ല.

ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യമെന്താണെന്ന് നിർണയിക്കുന്നതിലാണ് ഇവിടെ പിശക് സംഭവിച്ചിരിക്കുന്നത്. ഇസ്ലാമേതര പ്രത്യയശാസ്ത്രങ്ങൾ മനുഷ്യനിർമിതമാണ്. മനുഷ്യനിർമിതമായ ലോകവീക്ഷണങ്ങളിൽ സ്വാഭാവികമായി കടന്നുവരാവുന്ന പ്രശ്നങ്ങളാണ് ഇവിടെയും കാണുന്നത്. മനുഷ്യന് സാർവകാലികമായ അറിവ് ലഭ്യമല്ല. അവന്റെ അറിവിനും ബുദ്ധിക്കും യുക്തിക്കും ചിന്താശേഷിക്കും പരിമിതികളുണ്ട്. ഈ പരിമിതി

**മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളാണ് ഭക്ഷണവും ലൈംഗികതയും. അതിനാൽത്തന്നെ അത് തടഞ്ഞുവെക്കേണ്ട സംഗതിയല്ല. രണ്ടും സുലഭമായി ലഭ്യമാവുക' എന്നതാണ് ഉദാരലൈംഗീകതയെ പ്രോത്സാഹിപ്പിക്കുന്ന ആധുനികതയുടെ സൈദ്ധാന്തികർ മുന്നോട്ടുവയ്ക്കുന്ന പ്രധാനമായ ആവശ്യം. ഭക്ഷണവും വെള്ളവും മനുഷ്യന് എത്രമാത്രം അനായാസമായി ലഭിക്കുന്നുവോ, അതേരൂപത്തിൽ ലൈംഗിക ആവശ്യങ്ങളും നിറവേറണം. സ്ത്രീയുടെയും പുരുഷന്റെയും ലൈംഗികതയെയും 'സ്വകാര്യഭാഗ'ങ്ങളെയും സംബന്ധിച്ച ചർച്ചകൾ സമൂഹമധ്യത്തിലേക്ക് കൊണ്ടുവന്ന് അതിനെ സാമാന്യവൽക്കരിക്കുകയെന്നതാണ് ഈ ലക്ഷ്യത്തിലേക്കുള്ള പ്രധാനപ്പെട്ട ഒരു കാൽവയ്പ്.**

കളിൽ നിന്നുകൊണ്ട് അവൻ നിർധരിച്ചെടുക്കുന്ന ജീവിതലക്ഷ്യങ്ങൾക്കും വീക്ഷണങ്ങൾക്കും ആ പ്രത്യയശാസ്ത്രനിർമിതിയുടെ കാലഘട്ടത്തിലെ സംഭവങ്ങളുമായി ചെറുതല്ലാത്ത ബന്ധം കാണാൻ സാധ്യമാണ്. എന്നാൽ ആ കാലഘട്ടത്തിലെ ജീവൽപ്രശ്നങ്ങൾക്ക് പോലും പലപ്പോഴും പരിഹാരങ്ങൾ മുന്നോട്ടുവയ്ക്കാൻ സാധ്യമല്ലാത്ത ചാപിള്ളയായി ജന്മമെടുക്കുന്ന ഇത്തരം 'ലോകവീക്ഷണ'ങ്ങളെ സാർവകാലികമായ മാനം കൊടുത്ത് അണിയിച്ചൊരുക്കുമ്പോൾ കൂടുതൽ പ്രതിസന്ധികളുടെ വാതിലുകൾ തുറക്കപ്പെടുന്നു. ഇസ്‌ലാമാകട്ടെ, പൂർണമായ അറിവും കഴിവും യുക്തിയുമുള്ള പ്രപഞ്ചസ്രഷ്ടാവിന്റെ മാർഗദർശനമെന്ന നിലയ്ക്ക് പ്രായോഗികമായ പരിഹാരങ്ങൾ നൽകാൻ സാധിക്കുന്ന ദൈവിക വീക്ഷണമായി മറുവശത്ത് എതിരാളികളില്ലാതെ നിലകൊള്ളുന്നു.


ഭക്ഷണവും ലൈംഗികതയും മനുഷ്യന്റെ ആവശ്യങ്ങളാണ്, ലക്ഷ്യമല്ല. എന്നാൽ മൂല്യസംബന്ധിയായ ചോദ്യങ്ങൾക്ക് വികലമായ പരിഹാരങ്ങൾ നിർദേശിക്കുകവഴി പലപ്പോഴും ആവശ്യനിർവഹണമെന്നതിനപ്പുറം ഇവ ലക്ഷ്യമായി ഉയർത്തിക്കാണിക്കപ്പെടുകയാണ്. മനുഷ്യന്റെ ആത്യന്തിക ലക്ഷ്യമെന്താണെന്ന ചോദ്യം ചർച്ച ചെയ്യുന്ന സന്ദർഭങ്ങളിൽ ഏതൊരാൾക്കും മനസ്സിലാക്കാൻ സാധ്യമായ രീതിയിലുള്ള ഒരുദാഹരണം ഇങ്ങനെയാണ്: നിങ്ങളൊരു ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുകയാണ്. എന്നാൽ ആ മത്സരത്തിൽ നിങ്ങളുടെ ലക്ഷ്യം ഓടുകയോ പന്ത് തട്ടുകയോ എതിർകളിക്കാരനെ കബളിപ്പിച്ച് മുന്നോട്ട് കുതിക്കുകയോ ഗോൾ നേടുകയെന്നതോ പോലുമല്ല. മറിച്ച് മത്സരം ജയിക്കുക എന്നതാണ്. എന്നാൽ ജയിക്കുക എന്നതിന് അനിവാര്യമായ സംഗതികളാണ് ഓടുക, പന്ത് തട്ടുക,

**ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യമെന്താണെന്ന് നിർണയിക്കുന്നതിലാണ് ഇവിടെ പിശക് സംഭവിച്ചിരിക്കുന്നത്. ഇസ്‌ലാമേതര പ്രത്യയശാസ്ത്രങ്ങൾ മനുഷ്യനിർമിതമാണ്. മനുഷ്യനിർമിതമായ ലോകവീക്ഷണങ്ങളിൽ സ്വാഭാവികമായി കടന്നുവരാവുന്ന പ്രശ്നങ്ങളാണ് ഇവിടെയും കാണുന്നത്. മനുഷ്യന് സാർവകാലികമായ അറിവ് ലഭ്യമല്ല. അവന്റെ അറിവിനും ബുദ്ധിക്കും യുക്തിക്കും ചിന്താശേഷിക്കും പരിമിതികളുണ്ട്. ഈ പരിമിതികളിൽ നിന്നുകൊണ്ട് അവൻ നിർധരിച്ചെടുക്കുന്ന ജീവിതലക്ഷ്യങ്ങൾക്കും വീക്ഷണങ്ങൾക്കും ആ പ്രത്യയശാസ്ത്ര നിർമിതിയുടെ കാലഘട്ടത്തിലെ സംഭവങ്ങളുമായി ചെറുതല്ലാത്ത ബന്ധം കാണാൻ സാധ്യമാണ്.**

(ആവശ്യമായ ഘട്ടങ്ങളിൽ) എതിർകളിക്കാരനെ കബളിപ്പിച്ച് മുന്നേറുക, ഗോൾ നേടുക എന്നതൊക്കെ. ഗോൾ നേടുമ്പോൾ ലഭിക്കുന്ന സന്തോഷവും കബളിപ്പിക്കുമ്പോൾ ലഭിക്കുന്ന വിനോദവും കളിയിലെ അവശ്യമായ സംഗതികൾ മാത്രമാണ്, ലക്ഷ്യമല്ല. ലക്ഷ്യം വിജയമാണ്. അതാകട്ടെ കളിയിലല്ല, കളിക്ക് പുറത്തുള്ള സംഗതിയാണ്. അഥവാ external ആണ്.

ഇതുപോലെ ജീവിക്കാൻ അത്യന്താപേക്ഷിതമാണ് ഭക്ഷിക്കുക എന്നത്. പ്രാധാന്യമുള്ള ആവശ്യമാണ് ലൈംഗികത എന്നത്. സന്തോഷങ്ങളാണ് അപരനെ സഹായിക്കുക എന്നത്. സംതൃപ്തി നൽകുന്നതാണ് അനായാസവും നീതിയുക്തവും സന്തോഷപ്രദവുമായ ഒരു ലോകക്രമത്തിന്റെ സൃഷ്ടിക്ക് വേണ്ടി പണിയെടുക്കുക എന്നത്. ഹൃദയത്തിന് ഒരു പരിധിവരെ ശാന്തി പ്രദാനം ചെയ്യുന്നതാണ് അനാഥനെയും അഗതിയെയും പരിപാലിക്കുക എന്നത്. അപ്പോഴും കേവലം ഭക്ഷിച്ചും രമിച്ചും ജീവിക്കുന്ന മൃഗങ്ങളിൽനിന്നും വ്യത്യസ്തമായി സ്രഷ്ടാവ് ആദരിച്ചിട്ടുള്ള, അധികാരം നൽകിയിട്ടുള്ള മനുഷ്യജീവിയുടെ ആത്യന്തിക ലക്ഷ്യമായി ഇതൊന്നും മാറുന്നില്ല, അത് മരണശേഷമുള്ള ജീവിതത്തിലെ വിജയമാണ്. അതാകട്ടെ, ഇഹലോകത്തെ സംബന്ധിച്ച് external ആണ്.

ഈ അടിസ്ഥാനവും ലക്ഷ്യവും തിരിച്ചറിയുക എന്നതാണ് ഒന്നാമതായി വേണ്ടത്. ഇതിനെ പൂർണമായി ഉൾക്കൊള്ളാൻ സാധിച്ചാൽ ആധുനിക വ്യവസ്ഥയിൽ ഉയരുന്ന പല ചോദ്യങ്ങൾക്കും യുക്തിസഹമായ മറുപടികൾ സ്വന്തമായി നിർമിച്ചെടുക്കാൻ സാധ്യമാണ്. എന്തിനാണ് കുടുംബവ്യവസ്ഥിതി? എന്തിനാണ് സദാചാരമൂല്യങ്ങൾ? സാർവകാലികമായ ധാർമികത എന്നത് സാധ്യമാണോ? ഉണ്ടെങ്കിൽത്തന്നെ ആരാണ് അവിടെ ധാർമികതയുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്? ഇത്തരത്തിലുള്ള, ഇന്ന് വിശിഷ്യാ മതകീയമായ ജീവിതം നയിക്കുന്നവർ അഭിമുഖീകരിക്കുന്ന ചോദ്യങ്ങൾക്ക് ജീവിതത്തിലെ ആവശ്യങ്ങളും ലക്ഷ്യവും തമ്മിലുള്ള ഈ വ്യതിരിക്തത ബോധ്യപ്പെടുന്നതോടെ മുൻധാരണകളെ മാറ്റിവച്ച് വിഷയത്തെ സമീപിക്കുന്നവർക്ക് ഉത്തരം ലഭിക്കുകയാണ്. ആധുനിക ലിബറൽ paradigm കെട്ടിയിറക്കുന്ന ധാർമികബോധത്തിന്റെ വലയത്തിൽനിന്നും പുറത്തുക



ടക്കേണ്ടത് ഇവിടെ അനിവാര്യമാണ് താനും.

ബാഹ്യമായ ചർച്ചകൾക്കപ്പുറം ഈ അടിസ്ഥാന തത്ത്വങ്ങളിൽ നിന്നുകൊണ്ടാണ് പ്രസ്തുത വിഷയത്തെയും കൈകാര്യം ചെയ്യേണ്ടത്. ലിബറൽ ധാർമിക വ്യവസ്ഥിതിയനുസരിച്ച് പരസ്പര സമ്മതമാണ് ഏതൊരു പ്രവൃത്തിയുടെയും ശരിതെറ്റുകൾ നിശ്ചയിക്കുന്നത്. ഈ അടിസ്ഥാന പാഠത്തെ ജീവിതത്തിൽ പകർത്തുകയും വാർത്താമാധ്യമങ്ങൾക്ക് മുന്നിൽ കടുപ്പമേറിയ വാക്കുകളിലൂടെ ഇക്കാര്യം പരാമർശിക്കുകയും ചെയ്യുകയാണ് വിനായകൻ ചെയ്തിട്ടുള്ളത്. എന്നാൽ അത്ഭുതമെന്ന് പറയട്ടെ, ഈ ലിബറൽ ആശയം സമൂഹത്തെ പഠിപ്പിച്ചവർതന്നെ വിനായകന്റെ ഈ വെട്ടിത്തുറന്നുള്ള സംസാരത്തിന് യാതൊരു പിന്തുണയും കൊടുക്കാതെ പല്ലും നഖവുമുപയോഗിച്ച് എതിർക്കുന്നതാണ് കാണാൻ സാധിക്കുന്നത്!

## പരസ്പരസമ്മതമാണോ മാനദണ്ഡം?

മനുഷ്യൻ സാമൂഹിക ജീവിയാണ്. വീടകങ്ങളിൽ മുതൽ തൊഴിലിടങ്ങളിൽവരെ അപരനുമായി അവൻ ഇടപഴകുന്നുണ്ട്. ഇവിടങ്ങളിലൊക്കെയുള്ള ഒന്നിലധികം പേർ പങ്കുചേരുന്ന ഏതൊരു പ്രവൃത്തിയിലും അപരനെ പരിഗണിക്കൽ മര്യാദയാണ്. ആ പാരസ്പര്യത്തെ അംഗീകരിച്ചുകൊണ്ട് മാത്രമെ മുന്നോട്ട് പോകാൻ അവനു സാധിക്കൂ. എന്നാൽ പരസ്പര സമ്മതമെന്ന വിഷയം കൂടുതലായി ചർച്ച ചെയ്യാറുള്ളത് ലൈംഗികതയുമായി ബന്ധപ്പെട്ടാണ്. 'ഒരു സ്ത്രീയുമായി ലൈംഗികബന്ധത്തിലേർപ്പെടണമെങ്കിൽ നിങ്ങളെന്ത് ചെയ്യു'മെന്ന വിനായകന്റെ ചോദ്യം പ്രഥമമായി പരിഗണിക്കപ്പെടേണ്ടതാണ്. പുരോഗമന ലിബറൽ സമൂഹത്തിൽ ഇവിടെയാണ് Consent അഥവാ ഉഭയസമ്മതം പ്രസക്തമാകുന്നത്. ഉഭയസമ്മതമുണ്ടെങ്കിൽ ഏതൊരാളുമായും ലൈംഗികമായി ബന്ധപ്പെടാം എന്നതാണ് ഇവരുടെ കാഴ്ചപ്പാട്. അവിടെ പ്രവൃത്തിയുടെ ശരിതെറ്റുകൾ നിർണയിക്കുന്നത് ഉഭയസമ്മതമാണെന്ന് ചുരുക്കം. വേലിക്കെട്ടുകളില്ലാത്ത ലോകക്രമം മുന്നോട്ടുവയ്ക്കുന്ന ലിബറൽ ലോകവീക്ഷണത്തിൽ സ്വാഭാവികമായും ഉഭയസമ്മതം നേടിക്കഴിഞ്ഞാൽ പിന്നെ മറ്റു ഘടകങ്ങൾ പ്രധാനമാവരുത്. അങ്ങനെയെങ്കിൽ അടുത്ത ചോദ്യം എങ്ങനെയാണ് ഈ Consent വാങ്ങാൻ സാധിക്കുക എന്നതാണ്. ഒരു സ്ത്രീയോട് കാമം തോന്നിയാൽ അവളെ നേരിട്ട് സമീപിക്കുകയാണോ വേണ്ടത്? അതോ മറ്റെന്തെങ്കിലും രീതികൾ ഇതിനുണ്ടോ? ഇവിടെയാണ് വിനായകനെ ലിബറൽ വാദികൾ ക്രൂശിക്കുന്നത് വൈരുധ്യമായി മാറുന്നത്. സദസ്സിൽ തന്നെയുണ്ടായിരുന്ന മാധ്യമപ്രവർത്തകയെ ചൂണ്ടിക്കാട്ടി തനിക്ക് അവളോട് കാമം തോന്നിയാൽ താൻ ചോദിക്കുമെന്ന് വിനായകൻ പറഞ്ഞത് സ്ത്രീ വിരുദ്ധതയാണ് എന്നതാണ് ഇക്കൂട്ടരുടെ വാദം. എങ്കിൽപിന്നെ എങ്ങനെയാണ് Consent വാങ്ങേണ്ടത് എന്ന് പഠിപ്പിക്കാനുള്ള ധാർമികമായ ഉത്തരവാദിത്തം ഉദാര ലൈംഗീകതയെ വിറ്റഴിച്ചവർക്കു തന്നെയാണ്.

## ഉഭയസമ്മതത്തിനും വേലിക്കെട്ടുകളോ?

രണ്ടുപേർ തമ്മിലുള്ള ലൈംഗിക ബന്ധത്തിനു കേവലമായ ഉഭയസമ്മതം മാത്രമാണ് ആവശ്യമെങ്കിൽ വിനായകന്റെ 'ഫിലോസഫി'ക്ക് ലിബറൽ ധാർമികപദ്ധതിയിൽ എന്താണ് കുഴപ്പമെന്നത് വിവരിക്കേണ്ട ബാധ്യത അവർക്കുണ്ട്. ഇത് തന്നെയായിരുന്നു കാലങ്ങളായി ഇക്കൂട്ടർ സമൂഹത്തോട് പറഞ്ഞത്. എന്നാൽ വിനായകനെ പോലൊരാൾ പൊതുജനമധ്യത്തിൽ ഈ ആശയം തുറന്നുപറയുമ്പോൾ ഇക്കൂട്ടർക്കത് ദഹിക്കുന്നില്ലെങ്കിൽ അടിസ്ഥാനപരമായി സാമൂഹ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമായ ഈ ആശയത്തിനുതന്നെയാണ് പ്രശ്നമെന്ന് വേണം മനസ്സിലാക്കാൻ. വിനായകനെതിരെ സംസാരിച്ചവരിലെ ഒരു പ്രധാനി എങ്ങനെ കൺസെന്റ് വാങ്ങാം എന്നത് വിശദീകരിക്കാൻ ശ്രമിക്കുന്നത് നോക്കുക: Consent ചോദിക്കുന്നതുകൊണ്ട് മാത്രം ലൈംഗികതയിലേക്ക് അനുവാദം ചോദിക്കുന്നത് പൂർണമാവുന്നില്ല. സ്വതന്ത്രമായി നൽകപ്പെടുന്ന, തിരിച്ചെടുക്കാൻ കഴിയുന്ന,

> ഇതുപോലെ ജീവിക്കാൻ അത്യന്താപേക്ഷിതമാണ് ഭക്ഷിക്കുക എന്നത്. പ്രാധാന്യമുള്ള ആവശ്യമാണ് ലൈംഗികത എന്നത്. സന്തോഷങ്ങളാണ് അപരനെ സഹായിക്കുക എന്നത്. സംതൃപ്തി നൽകുന്നതാണ് അനായാസവും നീതിയുക്തവും സന്തോഷപ്രദവുമായ ഒരു ലോകക്രമത്തിന്റെ സൃഷ്ടിക്ക് വേണ്ടി പണിയെടുക്കുക എന്നത്. ഹൃദയത്തിന് ഒരു പരിധിവരെ ശാന്തി പ്രദാനം ചെയ്യുന്നതാണ് അനാഥനെയും അഗതിയെയും പരിപാലിക്കുക എന്നത്. അപ്പോഴും കേവലം ഭക്ഷിച്ചും രമിച്ചും ജീവിക്കുന്ന മൃഗങ്ങളിൽനിന്നും വ്യത്യസ്തമായി സ്രഷ്ടാവ് ആദരിച്ചിട്ടുള്ള, അധികാരം നൽകിയിട്ടുള്ള മനുഷ്യജീവിയുടെ ആത്യന്തിക ലക്ഷ്യമായി ഇതൊന്നും മാറുന്നില്ല, അത് മരണശേഷമുള്ള ജീവിതത്തിലെ വിജയമാണ്.

പൂർണമായ അറിവും താൽപര്യത്തോടും കൂടി കൃത്യമായി ചിന്തിച്ചു മാത്രം കൊടുക്കുന്ന ഒന്നാകണംConsent. കൂടാതെ ഈ ചോദ്യം ചോദിക്കുന്ന സാഹചര്യവും അതിന് മുമ്പും ശേഷവും ആപ്ലിക്കബിളായ നൂറുകാര്യങ്ങളും വേറെയുമുണ്ട്.' അതായത് ഉഭയസമ്മതത്തിനും ചില വ്യവസ്ഥകൾ വേണമത്രേ! പ്രധാനമായി പറയുന്ന അഞ്ച് വ്യവസ്ഥകളെ നമുക്കൊന്ന് പരിശോധിക്കാം:

1. സ്വതന്ത്രമാകണം.
2. തിരിച്ചെടുക്കാൻ സാധിക്കുന്നതാകണം.
3. പൂർണമായ അറിവോടെയായിരിക്കണം.
4. പൂർണ താൽപര്യത്തോടെയായിരിക്കണം.
5. കൃത്യമായിരിക്കണം.

### സ്വതന്ത്രമാണോ?

മനുഷ്യൻ കേവല പദാർഥങ്ങളുടെ ഉൽപന്നം മാത്രമാണെന്ന് വാദിക്കുന്നവർക്ക്, ഓരോ പ്രവൃത്തിയും നടക്കുന്നത് മുമ്പ് സംഭവിച്ച പദാർഥബന്ധിതമായ പ്രവർത്തനങ്ങളുടെ പ്രതിപ്രവർത്തനങ്ങളായിക്കൊണ്ടാണ് എന്ന് വിശ്വസിക്കുന്നവർക്ക് എങ്ങനെയാണ് സ്വതന്ത്രേച്ഛ സാധ്യമെന്ന് പറയാൻ സാധിക്കുക? മനുഷ്യന് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധ്യമല്ല എന്നാണെങ്കിൽ എങ്ങനെയാണ് സ്വതന്ത്രമായ Consent നൽകാൻ അവന്/അവൾക്ക് സാധിക്കുക?

### തിരിച്ചെടുക്കാൻ സാധ്യമാണോ?

ഒരു പ്രവൃത്തി ചെയ്തശേഷം തിരിഞ്ഞുനടക്കാൻ സാധ്യമല്ല. ഒരുപക്ഷേ, തന്റെ പാർട്ട്നർ തന്നെ ചതിച്ചു എന്ന് പ്രവൃത്തിക്ക് ശേഷം ഒരാൾക്ക് തോന്നിയാൽ ഗുരുതരമായ ആരോപണങ്ങൾക്ക് ഇത് കാരണമാകും. Me Too ആരോപണങ്ങളടക്കം പലപ്പോഴും ഇങ്ങനെയാണ് സംഭവിക്കുന്നത്. യാതൊരു കരാറുമില്ല എന്നതിനാൽ ബ്ലാക്ക്മെയിൽ ചെയ്യാനുള്ള സാധ്യതകളും അവശേഷിക്കുന്നു.

### പൂർണ അറിവോടെയോ?

അബോധാവസ്ഥയിൽ Consent ചോദിക്കരുത് എന്നതാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ഒരുവശത്ത് മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നതും ആരുമായും ലൈംഗികമായി ബന്ധപ്പെടുന്നതും ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യമാണ് എന്ന് പഠിപ്പിക്കുകയും മറുവശത്ത് ഇത് രണ്ടും സംഗമിക്കുമ്പോൾ അത് തെറ്റായി മാറുകയും ചെയ്യുന്നു. എത്ര മാത്രം അപ്രായോഗികമാണ് ഈ ആശയം എന്ന് ഇവിടെനിന്ന് തന്നെ വ്യക്തമാണ്.

### പൂർണ താൽപര്യമോ?

ലിബറൽ ലോകവീക്ഷണത്തിൽ റെഡ് സ്ട്രീറ്റുകൾ പലപ്പോഴും പുരോഗമനത്തിന്റെ അടയാളമായി പോലും പരിഗണിക്കപ്പെടാറുണ്ട്. Sex-workers എന്നത് മറ്റേത് തൊഴിലും ചെയ്യുന്നതുപോലെ മനുഷ്യന്റെ അടിസ്ഥാന ആവശ്യ നിർവഹണവുമായി ബന്ധിപ്പിച്ച് മാത്രം മനസ്സിലാക്കപ്പെടേണ്ട ഒന്നായി കാണാനാണ് ഇക്കൂട്ടർ നിർദേശിക്കുന്നത്. എന്നാൽ ഒരുപക്ഷേ, സ്വന്തം സാഹചര്യങ്ങൾകൊണ്ടോ ജീവിതം രണ്ടറ്റം മുട്ടിക്കുവാൻ വേണ്ടിയോ മടിക്കുത്തഴിക്കുന്നവർ പൂർണമായ താൽപര്യത്തോടെയാണ് പണക്കെട്ടിന മുന്നിൽ അത് ചെയ്യുന്നതെന്ന് പറയുന്നതിൽ എത്രമാത്രം സത്യസന്ധതയുണ്ട്?

### കൃത്യമായിരിക്കുമോ?

ഉഭയസമ്മതപ്രകാരമുള്ള ബന്ധങ്ങളിൽ രണ്ടുപേർ തമ്മിൽ ഏതെങ്കിലും കരാറിൽ ഏർപ്പെടുന്നില്ല. വാച്യമായ Consent മാത്രമാണുള്ളത്. വാചകത്തെ വ്യാഖ്യാനിക്കുവാനും മുതലെടുക്കാനുമുള്ള സാധ്യതകളുണ്ട്. താൻ ഉദ്ദേശിച്ചത് ഇത്രമാത്രമായിരുന്നു എന്നും തന്നെ പാർട്ട്ണർ ചതിച്ചുവെന്നുമുള്ള തുറന്നുപറച്ചിലുകൾക്ക് ഇടമുണ്ട്.

'അതിരുകളില്ലാത്ത ലോകം' സൃഷ്ടിക്കുവാൻ തുനിഞ്ഞവർ ഉഭയസമ്മതത്തിന് നിശ്ചയിച്ച പ്രധാനപ്പെട്ട അഞ്ച് നിയമാവലികളുടെ അവസ്ഥയാണ് ഇവിടെ കണ്ടത്. ഇതിനപ്പുറമെ വ്യക്തമായി വരച്ചുകാട്ടാൻ സാധ്യമല്ലാത്ത നൂറുകണക്കിന് നിയമങ്ങൾ വേറെയുമുണ്ടത്രെ! കൺസെന്റ് വിഷയത്തിലെ ലിബറൽ ഫിക്വ്ഹീ



(കർമശാസ്ത്ര) ഗ്രന്ഥരചനകൾ ആരംഭിക്കാൻ ഇനിയും വൈകുന്നത് എന്തുകൊണ്ടും ന്യായീകരിക്കാവതല്ല...

## മുൻപരിചയം ആവശ്യമോ?

കൺസെന്റ് നൽകാൻ മുൻപരിചയം വേണമെന്നും അല്ലാതെ ചോദിക്കുന്നത് ലൈംഗിക വിദ്യാഭ്യാസം ലഭിക്കാത്തതിന്റെ പ്രശ്നമാണ് എന്നും വാദിച്ചുകൊണ്ട് 'വ്യക്തിസ്വാതന്ത്ര്യത്തിന് അതിരുകൾ വരയ്ക്കുന്ന' ചിലരെ കാണാൻ സാധിക്കുന്നുണ്ട്. എന്നാൽ ഇതിനൊരു മറുവശമുന്നയിക്കുന്നവരും ഇവരുടെ കൂട്ടത്തിൽതന്നെയുണ്ട്. അറിയുന്ന ആളുകളോട് കൺസെന്റ് ചോദിക്കുമ്പോൾ നിങ്ങളോടുള്ള അടുപ്പം കാരണം അവർ അത് നൽകാൻ നിർബന്ധിക്കപ്പെടുകയാണത്രെ! അതിനാൽ അവിടെ മറ്റു ഘടകങ്ങളും കൺസെന്റ് നൽകുന്നതിന് കാരണമാകുന്നതിനാൽ ഇങ്ങനെ ചോദിക്കുന്നത് ശരിയല്ല എന്നാണ് അതിരുകൾ നിശ്ചയിച്ച് അവിടെ മതിലുകെട്ടുന്ന ഇക്കൂട്ടരുടെ വാദം. കേരളത്തിൽ പലയിടങ്ങളിലും പരിപാടികളിൽ പങ്കെടുക്കുമ്പോൾ രാത്രികാലങ്ങളിൽ തങ്ങളെ കിടപ്പറ പങ്കിടാൻ അടുപ്പമുള്ളവർ ക്ഷണിക്കുന്നത് ഏറെ മാനസിക പ്രയാസങ്ങൾക്ക് കാരണമാകുന്നുണ്ട് എന്ന് പറഞ്ഞുകൊണ്ട് സ്ത്രീ വിമോചനം പറയുന്നവരുടെ തനിനിറം പുറത്ത് കാണിച്ചത് 'മതംവിട്ട പെണ്ണാ'ണ്. ഒരു അന്യപുരുഷൻ തന്നെ സമീപിച്ച് ഈ രൂപത്തിൽ സംസാരിച്ചാൽ സ്ത്രീകൾക്ക് എത്രമാത്രം മാനസികപ്രയാസം അത് സൃഷ്ടിക്കും എന്ന് ഇതിൽനിന്നും വ്യക്തമാണ്. ഇതുകാരണം കൺസെന്റ് ചോദിക്കാൻ കൺസെന്റ് ആവശ്യമാണോ എന്നതാണ് പരിഹാസരൂപേണ ഇക്കൂട്ടരോട് നമുക്ക് ചോദിക്കാനുള്ളത്.

## വിവാഹം എന്ന പരിഹാരം


ലിബറൽ സിലബസിലെ കൺസെന്റുമായി ബന്ധപ്പെട്ട കടുകട്ടി ചോദ്യങ്ങൾക്ക് മതം മനോഹരമായി പരിഹാരം നിർദേശിക്കുന്നുണ്ട്. ലൈംഗികബന്ധത്തിലേർപ്പെടാൻ ആഗ്രഹിക്കുന്നവർ കരാറിലേർപ്പെടണം. തീർത്തും പുരുഷകേന്ദ്രീകൃതമായി 'സ്വതന്ത്ര'വാദികൾ നിശ്ചയിച്ച വ്യവസ്ഥകൾക്ക് പുറമെ, മറ്റു ചില വ്യവസ്ഥകളും മുന്നോട്ട് വച്ചുകൊണ്ട് ഇണകളുടെ പാരസ്പര്യത്തെ ബഹുമാനിച്ചുകൊണ്ടുള്ള, പ്രായോഗികമായ, കൂടുതൽ സുരക്ഷിതത്വവും സാമൂഹിക കെട്ടുറപ്പും ഓഫർ ചെയ്യുന്നതാണ് ഇനി പറയുന്ന കരാർ, അഥവാ വിവാഹം. പ്രാകൃത മതഗോത്രീയ ആചാരമെന്നു പരിഹസിച്ച അതേ ആശയം. ലിബറലുകൾ നിശ്ചയിച്ച വ്യവസ്ഥകളിലില്ലാത്ത സുപ്രധാനമായ ഒന്ന് ഇവിടെയുണ്ട്; ഉത്തരവാദിത്തം. അതെ, പൊതുജനമധ്യത്തിൽ തന്റെ ഇണയുടെ സുരക്ഷിതത്വം ഏറ്റെടുക്കണം, കുടുംബത്തിലെ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കണം, ജീവിതപങ്കാളിയെ തൃപ്തിപ്പെടുത്താൻ സാധിക്കണം, മറ്റൊരുവളിൽ കാമം തോന്നുമ്പോൾ ഭാര്യയെ ഉപേക്ഷിച്ച് പിന്നാലെ പോകാൻ സാധ്യമല്ല... തുടങ്ങിയ വ്യവസ്ഥകൾ ഇവിടെയുണ്ട്.

വിവാഹബന്ധത്തിൽ ഏർപ്പെടുന്ന രണ്ടുപേർക്കും വ്യത്യസ്തങ്ങളായ ഉത്തരവാദിത്തങ്ങൾ നൽകുന്നുവെന്നത് വിവാഹത്തിൽ ഏറെ ശ്രദ്ധേയമാണ്. ഉഭയസമ്മതബന്ധങ്ങളിൽ കൂടെയുള്ളയാൾ തന്റേത് മാത്രമല്ല എന്ന ബോധ്യം ഇണയെ എന്നും വേട്ടയാടുന്നു എന്നത് ഇത്തരം ബന്ധങ്ങളിലുള്ളവർ പങ്കുവയ്ക്കുന്ന അനുഭവങ്ങളിൽ കേൾക്കാം. കൂടെയുള്ളയാൾ തന്റേതല്ല, താനും അദ്ദേഹവും രണ്ട് വ്യക്തികൾ മാത്രമാണ്. അദ്ദേഹത്തിന് എപ്പോൾ വേണമെങ്കിലും മറ്റൊരാളെ പ്രാപിക്കാം, ഇഷ്ടം കുറഞ്ഞാൽ തന്നെ വിട്ടുപോകാം എന്ന നിലയിലാണ് ഈ ബന്ധങ്ങൾ മുന്നോട്ട് പോകുന്നത്. പാരസ്പര്യത്തോടെയുള്ള ദാമ്പത്യമെന്ന പ്രകൃതിപരമായ ഒത്തുചേരലിന് പകരം വ്യക്തിമാഹാത്മ്യവാദം (Individualism) സ്വീകരിക്കുന്നതോടെയാണ് ഇത്തരം പ്രശ്നങ്ങൾ പലതും തലപൊക്കുന്നത്. തന്റെ അടിസ്ഥാനപരമായ ആവശ്യത്തിന് വേണ്ടി മാത്രമുള്ളതായി താൻ കൊണ്ടുനടക്കുന്ന തന്റെ പാർട്ട്ണർ രോഗാവസ്ഥയിലായാൽ എന്തിനാണ് താൻ തന്റെ സുഖങ്ങൾ മാറ്റിവച്ച് അവരെ പരിചരിക്കേണ്ടത് എന്ന

**ഓരോ സമ്മതത്തിലും പല ഘടകങ്ങൾ പോസിറ്റീവായ ഉത്തരത്തിനു കാരണമായി പരിഗണിക്കപ്പെടാറുണ്ട്. അത് സ്നേഹമാവാം, കരുണയാവാം, ജിജ്ഞാസയാവാം, ഉയർന്ന തലത്തിൽ ചർച്ച ചെയ്താൽ ഭീഷണിപ്പെടുത്തി പോലും കൺസെന്റ് വാങ്ങാൻ സാധ്യമാണ് എന്നത് ഗൗരവതരമായ വിഷയമാണ്. മനുഷ്യനിർമിതമായ പരിഹാരത്തിന്റെ സ്വാഭാവിക പരിണിതിയായി ഇതിനെ കണക്കാക്കുക മാത്രമാണ് നമുക്ക് ചെയ്യാനുള്ളത്. മനുഷ്യന്റെയുള്ളിലെ മൃഗത്തെ കൂട് തുറന്നുവിടുന്നതിന് തുല്യമാണ് ഉദാര ലൈംഗികത മുന്നോട്ടുവയ്ക്കുന്ന ഓരോ പരിഹാരവും; അതിന് എന്തൊക്കെ ആധുനിക മാനങ്ങൾ നൽകിയാലും ശരി.**

ചോദ്യം ലിബറൽ വീക്ഷണത്തിൽ ഉത്തരമില്ലാത്തതാണ്. സ്വാഭാവികമായും മാനസികമായ പിരിമുറുക്കങ്ങൾ ഇത്തരം ബന്ധങ്ങളിൽ കൂടുതലാകും. ഇവർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളും ഇത്തരമൊരു സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണ് വളരുന്നത് എന്നതിനാൽ സാമൂഹ്യവിരുദ്ധത ഈ കുട്ടികളിൽ വർധിക്കാൻ സാധ്യതകളുണ്ട്. ചുരുക്കിപ്പറഞ്ഞാൽ സമൂഹത്തിന്റെ സൃഷ്ടിപരമായ മുന്നേറ്റത്തിന് ഈ ഘടകങ്ങൾ തടസ്സമായി മാറുന്നു.

വിവാഹം മറ്റു പല ജീവൽഗന്ധിയായ പ്രശ്നങ്ങളിലുമെന്ന പോലെത്തന്നെ 'മതം മുന്നോട്ടുവയ്ക്കുന്ന' ഒരു പരിഹാരമാണ് എന്നതാണ് പലപ്പോഴും അതിനെ അംഗീകരിക്കാൻ മതവിരുദ്ധരായവർക്ക് സാധിക്കാത്തതിന് കാരണം. എന്നാൽ അവർ മുന്നോട്ടുവയ്ക്കുന്ന പരിഹാരങ്ങൾ പലപ്പോഴും രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പറ്റാത്ത തരത്തിലുള്ളതാണ് താനും. ഇത്തരം സന്ദർഭങ്ങളിൽ വിവാഹത്തിന്റെ ലക്ഷ്യത്തെക്കുറിച്ചോ അത് നൽകുന്ന പരിഹാരത്തെക്കുറിച്ചോ മെറിറ്റിൽനിന്നും സംസാരിക്കാതെ ദാമ്പത്യപീഡനങ്ങൾ ചർച്ച ചെയ്യാനാണ് ഇക്കൂട്ടർക്ക് താൽപര്യം. Marital Rape എന്നതിനെ മുന്നിൽവച്ച് വിവാഹത്തിലെ എല്ലാ മെറിറ്റും നിഷേധിക്കുകയാണിവിടെ. കണക്കുകൾ പരിശോധിച്ചാൽ വിവാഹബന്ധങ്ങൾക്കിടയിൽ നടക്കുന്ന ഇത്തരം ഗൃഹപീഡനങ്ങളെക്കാൾ മൂന്നു മടങ്ങാണ് 'ലിവിംഗ്ടുഗെതർ' ബന്ധങ്ങളിൽ കാണുന്നത്. മാത്രമല്ല, വിവാഹം വ്യക്തമായ കരാറിലൂടെയാണ് സഞ്ചരിക്കുന്നത്. അതിനാൽ അവിടെ പരിഹാരമാർഗങ്ങൾ കാണാൻ സാധ്യമാണ്. രണ്ടു വ്യക്തികൾ തമ്മിലുള്ള ബന്ധം എന്നതുപോലെത്തന്നെ അവിടെയത് രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ബന്ധവും കൂടിയാണ്. പൊതുമധ്യത്തിൽ പ്രഖ്യാപിക്കപ്പെട്ട കരാറാണ്. അതിനാൽ ഉഭയസമ്മതബന്ധങ്ങളെക്കാൾ സ്ത്രീക്ക് വിവാഹത്തിലാണ് സുരക്ഷിതത്വം ലഭിക്കുന്നത്. മറുവശത്താകട്ടെ, പ്രശ്നങ്ങൾ സംഭവിച്ചാൽ ഉത്തരവാദിത്തം ഏറ്റെടുക്കാൻ ആരും മുന്നോട്ടുവരേണ്ടതില്ല എന്നതിനാൽ അരാജകത്വം ജീവിതത്തെ ഗ്രസിക്കാനാണ് സാധ്യത കാണുന്നത്.



കൺസെന്റിനെ ആത്യന്തികമായി കാണുന്നതിലൂടെ സംഭവിക്കുന്ന പ്രശ്നങ്ങളും അവിടെ ലിബറലിസം നേരിടുന്ന പ്രത്യയശാസ്ത്ര തലത്തിലുള്ള പ്രതിസന്ധിയും മതം അവിടെ പ്രായോഗികമായ പരിഹാരം നൽകുന്നതും നാം അടിസ്ഥാനപരമായി മനസ്സിലാക്കാൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്. കൺസെന്റ് പലയിടങ്ങളിലും നമുക്ക് അനിവാര്യമാണ്. എന്നാൽ അതിനെ ധാർമികതയുടെ അളവുകോലായി കാണുമ്പോഴാണ് ഈ പ്രതിസന്ധികൾ നേരിടേണ്ടിവരുന്നത്. സ്വതന്ത്രമായ, മറ്റൊരു ഘടകവും സ്വാധീനിക്കാത്ത കൺസെന്റ് എന്നത് സാധ്യമല്ല.

ഓരോ സമ്മതത്തിലും പല ഘടകങ്ങൾ പോസിറ്റീവായ ഉത്തരത്തിനു കാരണമായി പരിഗണിക്കപ്പെടാറുണ്ട്. അത് സ്നേഹമാവാം, കരുണയാവാം, ജിജ്ഞാസയാവാം, ഉയർന്ന തലത്തിൽ ചർച്ച ചെയ്താൽ ഭീഷണിപ്പെടുത്തി പോലും കൺസെന്റ് വാങ്ങാൻ സാധ്യമാണ് എന്നത് ഗൗരവതരമായ വിഷയമാണ്. മനുഷ്യനിർമിതമായ പരിഹാരത്തിന്റെ സ്വാഭാവിക പരിണിതിയായി ഇതിനെ കണക്കാക്കുക മാത്രമാണ് നമുക്ക് ചെയ്യാനുള്ളത്. മനുഷ്യന്റെയുള്ളിലെ മൃഗത്തെ കൂട് തുറന്നുവിടുന്നതിന് തുല്യമാണ് ഉദാരലൈംഗികത മുന്നോട്ടുവയ്ക്കുന്ന ഓരോ പരിഹാരവും; അതിന് എന്തൊക്കെ ആധുനിക മാനങ്ങൾ നൽകിയാലും ശരി.

# അവധിക്കാലം; കുട്ടികൾ കളിച്ചുവളരട്ടെ

ഡോ. യാസ്മിൻ എം. അബ്ബാസ്, ആമയൂർ
:9400288772

കോവിഡ് പൂർണമായി നമ്മെ വിട്ടുപോയിട്ടില്ലെങ്കിലും അതിന്റെ കൂടെ ജീവിക്കാൻ നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. രക്ഷിതാക്കൾ വളരെ ക്രിയാത്മകമായി ഇടപെടേണ്ട ഒരു അവധിക്കാലത്തിന്റെ പടിവാതിൽക്കലാണ് നാം എത്തിനിൽക്കുന്നത്. കാരണം ഓൺലൈൻ ജീവിതം അത്രമേൽ നമ്മുടെ കുട്ടികളെ ബാധിച്ചുകഴിഞ്ഞിരിക്കുന്നു. സ്കൂളുകൾ തുറന്ന് പഴയപോലെ ക്ലാസ്സുകൾ തുടങ്ങിയെങ്കിലും മൊബൈലിന്റെ ലോകം അവരിലുണ്ടാക്കിയ മാറ്റങ്ങളിൽനിന്ന് അവർ മുക്തരായിട്ടില്ല.

പുതുതലമുറയിലെ കുട്ടികളിൽ വലിയൊരു വിഭാഗവും വളരെയധികം ഉൾവലിഞ്ഞവരായിക്കൊണ്ടാണ് വളർന്നുവരുന്നത്. മാതാപിതാക്കളുടെ തിരക്കുകളും രോഗങ്ങളെക്കുറിച്ചോ അപകടങ്ങളെക്കുറിച്ചോ ഉള്ള രക്ഷിതാക്കളുടെ അമിതമായ ആശങ്കകളും സാങ്കേതികവിദ്യയുടെ കടന്നുകയറ്റവുമെല്ലാം നമ്മുടെ കുട്ടികളെ സ്ക്രീൻവെളിച്ചത്തിന് മുന്നിൽ മാത്രമായി ഒതുക്കിയിരിക്കുന്നു. കോവിഡ് കാലം അതിന് ഒന്നുകൂടി ആക്കംകൂട്ടുകയും ചെയ്തു.

കുട്ടികൾ ക്ലാസ്സ്മുറിയിലും വീടിന്റെയുള്ളിലും ഒതുങ്ങിക്കൂടേണ്ടവരല്ല. അവർ പുറത്തിറങ്ങി കളിക്കുകയും ചെയ്യട്ടെ. അത് കുട്ടികളുടെ സകല മേഖലയിലുമുള്ള വളർച്ചയെ കാര്യമായി സ്വാധീനിക്കുന്നുണ്ട് എന്ന് നാം തിരിച്ചറിയണം.

1. വിശപ്പ്, ദഹനം, ഉറക്കം എന്നിവയെ മെച്ചപ്പെടുത്തുന്നു. കായിക വിനോദങ്ങൾ കുട്ടികളിൽ വിശപ്പുണ്ടാക്കുകയും അങ്ങനെ അവർ ആവശ്യത്തിന് ഭക്ഷണം കഴിക്കുകയും അവരുടെ ദഹനവും ഉറക്കവും സുഗമമാക്കുകയും ചെയ്യുന്നു.
2. കായികശേഷിയും ആരോഗ്യവും മെച്ചപ്പെടുത്തുന്നു.
3. രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നു. അൽപം മണ്ണും വെള്ളവും വെയിലുമൊക്കെയായി ഇടപഴകിയുള്ള കളികൾ കുട്ടികളിൽ സ്വാഭാവിക പ്രതിരോധശേഷി വർധിപ്പിക്കുന്നു.
4. പ്രകൃതിയോട് അടുപ്പമുണ്ടാക്കുന്നു. പൂച്ചെടികളും ഫലവൃക്ഷങ്ങളും നട്ടുവളർത്തുന്നതിലും വേനൽക്കാലത്ത് പക്ഷികൾക്കു കുടിവെള്ളം ഒരുക്കുന്നതിലുമെല്ലാം കുട്ടികളെ പങ്കാളികളാക്കുക. ഇതെല്ലാം അവർക്ക് പ്രകൃതിയെ പരിചയപ്പെടാനും സ്നേഹിക്കാനും സഹായകമാകും.
5. വ്യക്തിത്വവികാസത്തിന് ഉപകരിക്കുന്നു. അയൽപക്കത്തെയും കുടുംബത്തിലെയും കുട്ടികളുമൊന്നിച്ചുള്ള സംഘടിത കളികൾ സഹകരണം, അനുസരണം, നേതൃത്വം, പങ്കാളിത്തം തുടങ്ങി ഒട്ടേറെ സാമൂഹിക മര്യാദകൾ ആർജിച്ചെടുക്കാൻ സഹായിക്കുന്നു.

കൂട്ടിലടച്ച കിളികളെയും അലങ്കാരച്ചെടികളെയും മാത്രം കണ്ടുവളർന്ന നമ്മുടെ മക്കൾക്ക് യഥാർഥ പ്രകൃതി എന്തെന്ന് മനസ്സിലാവാനും ഒരു മുള്ളുകുത്തിയ വേദനയിൽനിന്നും മാവിലേക്ക് കല്ലെറിയുമ്പോൾ വല്ലിപ്പ ശാസിക്കുന്നതിൽനിന്നുമെല്ലാം ഒരുപാട് കാര്യങ്ങൾ പഠിക്കാനുമുണ്ട്. അതിനാൽ അവർ കളിച്ചുവളരട്ടെ. ■





# നോമ്പിന്റെ മഹത്ത്വവും മര്യാദകളും

ഉസ്മാൻ പാലക്കാഴി
: 9656292244

വിശ്വാസികളുടെ മനസ്സിന് കുളിർമ നൽകുന്ന ഒരു മാസമാണ് റമദാൻ. ഒട്ടേറെ പുണ്യങ്ങൾ നേടിയെടുക്കാൻ കഴിയുന്ന, ഏറെ പ്രാധാന്യവും മഹത്ത്വവുമുള്ള മാസം എന്നതുതന്നെ അതിനുള്ള കാരണം. വിശുദ്ധ ക്വുർആൻ അവതീർണമായ മാസം എന്നതാണ് റമദാനിന്റെ ഏറ്റവും വലിയ സവിശേഷത.

### റമദാൻ; ക്വുർആൻ അവതീർണമായ മാസം

അല്ലാഹു പറയുന്നു: ''ജനങ്ങൾക്ക് മാർഗദർശകമായിക്കൊണ്ടും നേർവഴി കാണിക്കുന്നതായും സത്യാസത്യങ്ങളെ വിവേചിച്ചു കാണിക്കുന്നതുമായ വ്യക്തമായ തെളിവുകളും കൊണ്ട് വിശുദ്ധ ക്വുർആൻ അവതീർണമായ മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആരാണോ ആ മാസത്തിൽ സന്നിഹിതരായത് അവരെല്ലാം വ്രതമെടുക്കേണ്ടതാണ്...'' (ക്വുർആൻ 2:185).

റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം ഒരു നിർബന്ധ ആരാധനയാണ്. ബുദ്ധിയും വകതിരിവുമുള്ള ഓരോ വിശ്വാസിയുടെ മേലും അത് ബാധ്യതയാണ്. അത് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നുമാണ്.


### ഇസ്‌ലാം കാര്യങ്ങളിൽ പെട്ടത്

ഇബ്‌നു ഉമർ(റ) നിവേദനം. നബി(സ്വ)പറഞ്ഞു: ''ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്: 'അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ ദൂതനാകുന്നു' എന്ന സത്യസാക്ഷ്യ വചനം, നമസ്‌കാരം മുറപോലെ നിർവഹിക്കൽ, സകാത്ത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, നോമ്പ് നോൽക്കൽ എന്നിവയാണവ'' (ബുഖാരി, മുസ്‌ലിം).

### മുൻഗാമികൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരുന്നു

മുഹമ്മദ് നബി(സ)യുടെ സമൂഹത്തിനുമേൽ മാത്രം നിർബന്ധമാക്കിയ ഒന്നല്ല വ്രതാനുഷ്ഠാനമെന്നും മുൻഗാമികൾക്കും അല്ലാഹു അത് നിർബന്ധമാക്കിയിരുന്നെന്നും ക്വുർആനിലൂടെ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

> **അത്വാഅ്(റ) പറയുന്നു: ''ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്' എന്ന സൂക്തം ഇബ്നു അബ്ബാസ്(റ) പാരായണം ചെയ്യുകയും അതിലെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു. അതായത്, കിഴവന്മാരും കിഴവികളും നോമ്പ് എടുക്കാൻ കഴിയില്ലെന്ന് കണ്ടാൽ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ്'' (ബുഖാരി). ''...വല്ലവരും രോഗിയാവുകയോ യാത്രപോവുകയോ ചെയ്താൽ പകരം അത്രയും എണ്ണം നോമ്പ് (പിന്നീട്) വീട്ടേണ്ടതാണ്. നിങ്ങൾക്ക് എളുപ്പമുണ്ടാവണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് വഴികാണിച്ചു തന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്ത്വം പ്രകീർത്തിക്കുവാനും വേണ്ടിയത്രെ (അങ്ങനെ കൽപിച്ചിരിക്കുന്നത്)''** (2:185).



അല്ലാഹു പറയുന്നു: ''സത്യവിശ്വാസികളേ, നിങ്ങൾക്കു മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടതു പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു...'' (2:183).

## ലക്ഷ്യം

നോമ്പിന്റെ പ്രധാനപ്പെട്ട ലക്ഷ്യമെന്തെന്ന് തുടർന്നു പറയുന്നു: ''...നിങ്ങൾ സൂക്ഷ്മാലുക്കളായിത്തീരുന്നതിനുവേണ്ടിയത്രെ അത്'' (2:183).

ജീവിതവഴിയിൽ പാപക്കുഴികളിൽ വീഴാതെ മുന്നോട്ടു പോകാൻ മനുഷ്യരെ പ്രാപ്തമാക്കുക എന്നലക്ഷ്യം നേടാൻ നോമ്പ് സഹായിക്കുന്നു, അഥവാ സഹായിക്കണം എന്നർഥം.

## ഇളവുകൾ

നിർണിതമായ ദിവസങ്ങളാണ് നോമ്പിനായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. നോമ്പനുഷ്ഠിക്കൽ പ്രയാസകരമായ ആളുകളെ അല്ലാഹു അതിന് നിർബന്ധിക്കുന്നുമില്ല. അവർക്ക് അത് തൽക്കാലം ഒഴിവാക്കാം. പ്രയാസം നീങ്ങിയശേഷം നോറ്റുവീട്ടിയാൽ മതി. അതിനും സാധിക്കാത്തവർക്ക് പ്രായച്ഛിത്തം നൽകിയാൽ മതി. അല്ലാഹു പറയുന്നത് കാണുക:

''എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ അത്രയും എണ്ണം നോമ്പുകൾ വീട്ടേണ്ടതാണ്. ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായച്ഛിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം താൽപര്യമെടുത്ത് കൂടുതൽ നന്മ ചെയ്യുന്നുവെങ്കിൽ അതു ഗുണകരം തന്നെ, നിങ്ങൾ നോമ്പനുഷ്ഠിക്കുന്നതാകുന്നു കാര്യം നന്നായി മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങൾക്കു നല്ലത്'' (2:184).

അത്വാഅ്(റ) പറയുന്നു: ''ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായച്ഛിത്തമായി നൽകേണ്ടതാണ്' എന്ന സൂക്തം ഇബ്നു അബ്ബാസ്(റ) പാരായണം ചെയ്യുകയും അതിലെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു. അതായത്, കിഴവന്മാരും കിഴവികളും നോമ്പ് എടുക്കാൻ കഴിയില്ലെന്ന് കണ്ടാൽ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ്'' (ബുഖാരി).

''...വല്ലവരും രോഗിയാവുകയോ യാത്രപോവുകയോ ചെയ്താൽ പകരം അത്രയും എണ്ണം നോമ്പ് (പിന്നീട്) വീട്ടേണ്ടതാണ്. നിങ്ങൾക്ക് എളുപ്പമുണ്ടാവണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, ഞെരുക്കം ഉണ്ടാക്കാൻ

അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് വഴികാണിച്ചു തന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്ത്വം പ്രകീർത്തിക്കുവാനും വേണ്ടിയത്രെ (അങ്ങനെ കൽപിച്ചിരിക്കുന്നത്)'' (2:185).

## അളവറ്റ പ്രതിഫലം

അളവറ്റ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ഒരു സവിശേഷ ആരാധനയാണ് റമദാനിലെ നോമ്പ്. പ്രതിഫലം കാംക്ഷിച്ചുകൊണ്ടും ഇസ്‌ലാം പഠിപ്പിച്ച മര്യാദകൾ പാലിച്ചുകൊണ്ടും നോമ്പെടുക്കുന്നവർക്ക് ആ പ്രതിഫലം ലഭിക്കാതിരിക്കില്ല.

അബൂഹുറയ്‌റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: ''വിശ്വാസത്തോടെയും പ്രതിഫലേഛയോടെയും ആരെങ്കിലും റമദാനിലെ നോമ്പ് അനുഷ്ഠിച്ചാൽ അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്...'' (ബുഖാരി, മുസ്‌ലിം).

**കേവലമായ പട്ടിണി നോമ്പായി പരിഗണിക്കപ്പെടില്ല. എല്ലാവിധ തെറ്റുകളിൽനിന്നും മാറിനിന്നുകൊണ്ടുള്ള നോമ്പിനേ വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലം ലഭിക്കുകയുള്ളൂ. നോമ്പ് ആമാശയത്തിനു മാത്രം ബാധകമായ ഒന്നല്ല. മനസ്സും നാവും മറ്റു അവയവങ്ങളും നോമ്പിൽ ഭാഗവാക്കാവണം. അല്ലാത്തപക്ഷം നോമ്പ് വെറും പട്ടിണിയായി മാറും. നബി(സ്വ) പറഞ്ഞു: ''നോമ്പ് ദിവസത്തിൽ ആരും മ്ലേഛമായി സംസാരിക്കുകയോ ബഹളമുണ്ടാക്കുകയോ കലഹിക്കുകയോ ചെയ്യരുത്. വല്ലവനും കലഹവും ചീത്തയുമായി ആരെയെങ്കിലും നേരിട്ടാൽ ഞാൻ നോമ്പുകാരനാണെന്നു പറഞ്ഞു ഒഴിഞ്ഞുമാറട്ടെ'' (അബൂദാവൂദ. ഹാകിം).**

## തെറ്റുകളിൽനിന്നും മാറിനിൽക്കണം

കേവലമായ പട്ടിണി നോമ്പായി പരിഗണിക്കപ്പെടില്ല. എല്ലാവിധ തെറ്റുകളിൽനിന്നും മാറിനിന്നുകൊണ്ടുള്ള നോമ്പിനേ വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലം ലഭിക്കുകയുള്ളൂ. നോമ്പ് ആമാശയത്തിനു മാത്രം ബാധകമായ ഒന്നല്ല. മനസ്സും നാവും മറ്റു അവയവങ്ങളും നോമ്പിൽ ഭാഗവാക്കാവണം. അല്ലാത്തപക്ഷം നോമ്പ് വെറും പട്ടിണിയായി മാറും.

നബി(സ്വ) പറഞ്ഞു: ''നോമ്പ് ദിവസത്തിൽ ആരും മ്ലേഛമായി സംസാരിക്കുകയോ ബഹളമുണ്ടാക്കുകയോ കലഹിക്കുകയോ ചെയ്യരുത്. വല്ലവനും കലഹവും ചീത്തയുമായി ആരെയെങ്കിലും നേരിട്ടാൽ ഞാൻ നോമ്പുകാരനാണെന്നു പറഞ്ഞു ഒഴിഞ്ഞുമാറട്ടെ'' (അബൂദാവൂദ. ഹാകിം).

"വ്യാജ വാക്കുകൾ പറയുന്നതും അതനുസരിച്ചു പ്രവർത്തിക്കുന്നതും വെടിയാത്തവർ അന്നപാനീയങ്ങൾ വെടിഞ്ഞ് പട്ടിണികിടക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല'' (ബുഖാരി, അബൂദാവൂദ്).

അബൂഹുറയ്‌റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: ''അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'മനുഷ്യന്റെ മുഴുവൻ കർമങ്ങളും അവനുള്ളതാകുന്നു. നോമ്പൊഴികെ. അത് എനിക്കുള്ളതാണ്. ഞാൻ അതിന് പ്രതിഫലം നൽകുകയും ചെയ്യും. നോമ്പ് ഒരു പരിചയാണ്. അതിനാൽ നിങ്ങളിലൊരാളും നോമ്പിന്റെ ദിനത്തിൽ അസഭ്യം പറയുകയോ കലഹിക്കുകയോ ചെയ്യരുത്. ആരെങ്കിലും തന്നോട് ചീത്ത പറയുകയോ കലഹിക്കുകയോ ചെയ്താൽ 'ഞാൻ നോമ്പുകാരനാണെ'ന്ന് അവൻ പറയട്ടെ. മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, നോമ്പെടുക്കുകവഴി നോമ്പുകാരന്റെ വായിൽനിന്നുന്ന ഗന്ധം അന്ത്യനാളിൽ അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതായിരിക്കും. നോമ്പുകാരന് രണ്ട് സന്തോഷങ്ങളുണ്ട്. ഒന്ന് നോമ്പ് തുറക്കുമ്പോഴും മറ്റൊന്ന് അല്ലാഹുവിനെ കണ്ടുമുട്ടുമ്പോഴും.'' (ബുഖാരി, മുസ്‌ലിം).

## റയ്യാൻ എന്ന സ്വർഗകവാടം

സഅ്‌ലുബ്‌നു സഅ്ദ്(റ) നിവേദനം. നബി(സ്വ) അരുളി: ''റയ്യാൻ എന്നു പേരുള്ള ഒരു കവാടം സ്വർഗത്തിലുണ്ട്. അത് നോമ്പുകാർക്കുള്ളതാണ്. അന്ത്യനാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കുന്നതാണ്. നോമ്പുകാരല്ലാതെ അവരോടൊപ്പം (അതിലൂടെ) ആരും പ്രവേശിക്കുന്നതല്ല. (ആ കവാടത്തിന്റെയടുത്ത് നിന്നും) ഇപ്രകാരം വിളിച്ചുപറയപ്പെടും: 'എവിടെ നോമ്പുകാർ?' അങ്ങനെ അവർ മാത്രം പ്രവേശിക്കും. അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ കവാടം അടക്കപ്പെടും. പിന്നീട് ഒരാളെയും അതിലൂടെ കടത്തിവിടുകയില്ല''(ബുഖാരി, മുസ്‌ലിം).

## നോമ്പെടുക്കാൻ പാടില്ലാത്തവർ

പ്രായപൂർത്തിയായ, ബുദ്ധിയും ആരോഗ്യവുമുള്ള ഓരോ വിശ്വാസിക്കും നോമ്പ് നിർബന്ധമാണ് എന്ന് നേരത്തെ സൂചിപ്പിച്ചു. എന്നാൽ ആർത്തവകാരികളും പ്രസവാനന്തരം രക്തസ്രാവമുള്ളവരും നോമ്പെടുക്കേണ്ടതില്ലെന്ന് പ്രമാണങ്ങൾ മനസ്സിലാക്കിത്തരുന്നു. അവർ അത്തരം സമയങ്ങളിൽ നോമ്പ് അനുഷ്ഠിച്ചാൽ അത് പരിഗണിക്കപ്പെടുകയില്ല. കാരണം ആർത്തവ-പ്രസവ രക്തസ്രാവങ്ങളിൽനിന്നു ശുദ്ധിയായിരിക്കുക എന്നത് നോമ്പിന്റെ നിബന്ധനകളിൽ പെട്ടതാണ്.

ആഇശ(റ) പറഞ്ഞു: ''ഞങ്ങൾക്ക് നബി(സ്വ)യുടെ കാലത്ത് ആർത്തവമുണ്ടായാൽ നോമ്പ് പിന്നീട് നോറ്റുവീട്ടുവാൻ ഞങ്ങ

ളോട് കൽപിക്കുമായിരുന്നു. നമസ്കാരം വീട്ടാൻ കൽപിക്കാറുണ്ടായിരുന്നില്ല''(ബുഖാരി).

### നിയ്യത്ത് അനിവാര്യം

ഏതൊരു സൽകർമവും അല്ലാഹു സ്വീകരിക്കുക നിയ്യത്ത് (ഉദ്ദേശ്യം) അനുസരിച്ച് മാത്രമാണ്. എന്നാൽ നോമ്പിന്റെ വിഷയത്തിൽ നിയ്യത്ത് ചൊല്ലിപ്പറയുകയും ചൊല്ലിക്കൊടുക്കുകയുമൊക്കെ ചെയ്യുന്ന ഏർപ്പാട് നമ്മുടെ കാണാം. വാസ്തവത്തിൽ 'നിയ്യത്ത്' എന്ന അറബി പദത്തിന്റെ അർഥം തന്നെ 'മനസ്സിൽ കരുതുക' എന്നതാണ്. നമസ്കാരത്തിനോ നോമ്പിനോ മറ്റോ പ്രത്യേകമായ നിയ്യത്തിന്റെ വചനങ്ങൾ പഠിപ്പിക്കപ്പെട്ടതായി പ്രമാണങ്ങളിൽ കാണുവാൻ സാധ്യമല്ല. ഹജ്ജിനും ഉംറക്കും മാത്രമാണ് നിയ്യത്തിന് പ്രത്യേക പദം പഠിപ്പിക്കപ്പെട്ടിട്ടുള്ളതും അത് നാവുകൊണ്ട് ഉച്ചരിക്കുവാൻ പറഞ്ഞിട്ടുള്ളതും.

### മറന്നുകൊണ്ട് ഭക്ഷിച്ചാൽ?

മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ പിന്നീട് നോമ്പ് നോറ്റുവീട്ടുകയോ പ്രായശ്ചിത്തം നൽകുകയോ ചെയ്യേണ്ടതില്ല. മറിച്ച് അയാളുടെ നോമ്പ് പരിപൂർണമാണ്.

അബൂഹുറയ്റ(റ) നിവേദനം: ''ആരെങ്കിലും നോമ്പുകാരനായിരിക്കെ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കിക്കൊള്ളട്ടെ, അവനെ ഭക്ഷിപ്പിച്ചതും കുടിപ്പിച്ചതും അല്ലാഹുവാണ്'' (ബുഖാരി, മുസ്‌ലിം, ഇബ്നുമാജ).

### ഛർദിച്ചാൽ നോമ്പ് മുറിയുമോ?

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: ''ഉണ്ടാക്കി ഛർദിക്കുന്നവൻ നോമ്പ് വീണ്ടും എടുക്കട്ടെ. മനഃപൂർവമല്ലാതെ ഛർദിക്കുന്നവൻ നോമ്പ് പിന്നീട് പിടിക്കേണ്ടതില്ല'' (അബൂദാവൂദ്).



### നോമ്പ് മുറിയുന്ന മറ്റു ചില കാര്യങ്ങൾ

സ്ത്രീകൾക്ക് മാസമുറയോ പ്രസവാനന്തര രക്തസ്രാവമോ ഉണ്ടാവൽ (നോമ്പ് തുറക്കുന്നതിനു തൊട്ടു മുമ്പാണെങ്കിലും) നോമ്പ് മുറിയുന്നതാണ്. നോമ്പുള്ളവരായിരിക്കെ ലൈംഗികബന്ധത്തിലേർപ്പെടുന്നത് വലിയ അപരാധമാണ്. അതുമുഖേന നോമ്പ് നഷ്ടപ്പെടുത്തുന്നവരുടെ വിധി താഴെ പറയുന്ന ഹദീഥിൽനിന്നും മനസ്സിലാക്കാം:

അബൂഹുറയ്റ(റ) നിവേദനം: ''ഞങ്ങൾ നബി(സ്വ)യുടെ അടുത്തായിരിക്കെ ഒരു വ്യക്തി കടന്നുന്ന് പറഞ്ഞു: 'പ്രവാചകരേ, ഞാൻ നശിച്ചിരിക്കുന്നു.' അവിടുന്ന് ചോദിച്ചു: 'എന്തുപറ്റി?' അയാൾ പറഞ്ഞു: 'ഞാൻ നോമ്പുകാരനായിരിക്കെ ഭാര്യയുമായി ലൈംഗികബന്ധം പുലർത്തി.' അപ്പോൾ നബി(സ്വ) ചോദിച്ചു: 'നിനക്ക് ഒരു അടിമയെ മോചിപ്പിക്കുവാൻ കഴിയുമോ?' അയാൾ പറഞ്ഞു: 'ഇല്ല.' അപ്പോൾ നബി(സ്വ) ചോദിച്ചു: 'നിനക്ക് രണ്ടു മാസം തുടർച്ചയായി നോമ്പെടുക്കാൻ കഴിയുമോ?' 'കഴിയില്ല'- അയാൾ മറുപടി പറഞ്ഞു. നബി(സ്വ) വീണ്ടും ചോദിച്ചു: 'നിനക്ക് അറുപത് ദരിദ്രർക്ക് ഭക്ഷണം നൽകാൻ കഴിയുമോ?' അയാൾ പറഞ്ഞു: 'ഇല്ല.' അങ്ങനെ നബി(സ്വ)യും അനുയായികളും പള്ളിയിൽ തന്നെയിരിക്കെ ഒരു കുട്ടനിറയെ ഈന്തപ്പഴം നബി(സ്വ)യുടെ മുന്നിൽ കൊണ്ടുവരപ്പെട്ടു. നബി(സ്വ) ചോദിച്ചു: 'എവിടെ ആ ചോദ്യകർത്താവ്?' അദ്ദേഹം പറഞ്ഞു: 'ഞാനിതാ.' നബി(സ്വ) പറഞ്ഞു: 'ഈ കുട്ടയിലുള്ള ഈന്തപ്പഴം എടുത്തു നീ ദരിദ്രർക്ക് വിതരണം ചെയ്യുക.' അയാൾ പറഞ്ഞു: 'എന്നെക്കാളും ദരിദ്രനോ പ്രവാചകരേ? ഈ രണ്ടു കുന്നുകൾക്കിടയിൽ എന്നെക്കാൾ ദരിദ്രനായി വേറെ ആരുമില്ല.' അപ്പോൾ നബി(സ്വ) തന്റെ അണപ്പല്ലുകൾ കാണുന്നതുവരെ

**പ്രായപൂർത്തിയായ, ബുദ്ധിയും ആരോഗ്യവുമുള്ള ഓരോ വിശ്വാസിക്കും നോമ്പ് നിർബന്ധമാണ് എന്ന് നേരത്തെ സൂചിപ്പിച്ചു. എന്നാൽ ആർത്തവകാരികളും പ്രസവാനന്തരം രക്തസ്രാവമുള്ളവരും നോമ്പെടുക്കേണ്ടതില്ലെന്ന് പ്രമാണങ്ങൾ മനസ്സിലാക്കിത്തരുന്നു. അവർ അത്തരം സമയങ്ങളിൽ നോമ്പ് അനുഷ്ഠിച്ചാൽ അത് പരിഗണിക്കപ്പെടുകയില്ല. കാരണം ആർത്തവ-പ്രസവ രക്തസ്രാവങ്ങളിൽനിന്നു ശുദ്ധിയായിരിക്കുക എന്നത് നോമ്പിന്റെ നിബന്ധനകളിൽ പെട്ടതാണ്.**

ചിരിച്ചു. എന്നിട്ടു പറഞ്ഞു: 'എങ്കിൽ നീയും നിന്റെ കുടുംബവും ഭക്ഷിച്ചു കൊള്ളുക'' (ബുഖാരി, മുസ്‌ലിം).

### അത്താഴത്തെ അവഗണിക്കരുത്

അനസ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: ''നിങ്ങൾ അത്താഴം കഴിക്കുക, നിശ്ചയമായും അതിൽ അനുഗ്രഹമുണ്ട്'' (ബുഖാരി, മുസ്‌ലിം).

അത്താഴത്തിന് ഭക്ഷണമൊന്നും വേണ്ട എന്ന് ഒരാൾക്ക് തോന്നിയാൽ അൽപം വെള്ളമെങ്കിലും കുടിച്ച് അത്താഴത്തിന്റെ പുണ്യം നേടാൻ ശ്രമിക്കണം.

ഇബ്‌നു ഉമർ(റ) നിവേദനം: ''നിങ്ങൾ അൽപം വെള്ളം കുടിച്ചുകൊണ്ടെങ്കിലും അത്താഴം കഴിക്കുക'' (അൽജാമിഅ്, ഇബ്‌നു ഹിബ്ബാൻ).

അത്താഴം പരമാവധി പിന്തിപ്പിക്കുന്നതാണ് സുന്നത്ത്. സൈദ് ബിൻ ഥാബിത്(റ) നിവേദനം: ''ഞങ്ങൾ നബി(സ്വ)യോടൊന്നിച്ച് അത്താഴം കഴിക്കുകയും സുബ്ഹി നമസ്‌കരിക്കുകയും ചെയ്തു. അപ്പോൾ അനസ്(റ) ചോദിച്ചു: 'അത്താഴത്തിനും ബാങ്കിനുമിടയിൽ എത്ര സമയം ഉണ്ടായിരുന്നു?' സൈദ്(റ) പറഞ്ഞു: 'അമ്പത് ആയത്തുകൾ പാരായണം ചെയ്യുവാനുള്ളത്ര സമയം'' (ബുഖാരി, മുസ്‌ലിം).

### നോമ്പുതുറക്കൽ വൈകിപ്പിക്കരുത്

കൃത്രിമമായ ഭക്തി കാണിച്ചുകൊണ്ട് ചിലർ നോമ്പുതുറക്കാൻ സമയമായാലും നോമ്പ്തുറക്കാതിരിക്കുന്നതായി കാണാം. ഇത് പ്രവാചകചര്യക്ക് വിരുദ്ധമാണ്.

സഹ്‌ൽബിൻ സഅദ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: ''നോമ്പുതുറക്കാൻ തിടുക്കം കാണിക്കുന്ന കാലമത്രയും ജനങ്ങൾ നന്മയിൽതന്നെയായിരിക്കും'' (ബുഖാരി, മുസ്‌ലിം).

സാധിക്കുമെങ്കിൽ ദിവസം അഞ്ചു നേരവും നമസ്‌കരിക്കാൻ വുദൂഅ് ചെയ്യുമ്പോൾ പല്ലുതേക്കേണ്ടവരാണ് മുസ്‌ലിംകൾ. എന്നിട്ടും ചിലർ നോമ്പിന്റെ പകൽ പല്ലു തേക്കാറില്ല. നോമ്പുകാരന്റെ വായയുടെ ദുർഗന്ധം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരി പോലെയാണ് എന്ന ഹദീസാണത്രെ അവർക്ക് അതിനുള്ള തെളിവ്. പല്ലുതേച്ചാലും അന്നപാനീയങ്ങൾ വർജിക്കുന്നതിനാൽ വായക്ക് സാധാരണയില്ലാത്ത ദുർഗന്ധമുണ്ടാകും. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ടുള്ള ആരാധന ചെയ്യുന്നതുകൊണ്ടുള്ള ആ ഗന്ധം അല്ലാഹു വെറുക്കുന്നില്ല എന്നതല്ലാതെ, മനഃപൂർവം ദുർഗന്ധമുണ്ടാക്കാനുള്ള നിർദേശമൊന്നും ഈ ഹദീസ് പഠിപ്പിക്കുന്നില്ല.

### നോമ്പുതുറക്കുമ്പോൾ

അനസുബ്‌നു മാലിക്(റ) നിവേദനം: ''നബി(സ്വ) നമസ്‌കരിക്കുന്നതിന് മുമ്പുതന്നെ ഏതാനും ഈന്തപ്പഴങ്ങൾ കൊണ്ട് നോമ്പ് തുറക്കുമായിരുന്നു. അതില്ലെങ്കിൽ കാരക്കകൊണ്ടും അതുമില്ലെങ്കിൽ അൽപം വെള്ളം കുടിച്ചുകൊണ്ടുമായിരുന്നു നോമ്പു തുറക്കാറുണ്ടായിരുന്നത്'' (സ്വഹീഹുൽ ജാമിഅ്, അബൂദാവൂദ്).

### നോമ്പുതുറക്കുന്ന സമയത്തുള്ള പ്രാർഥന

മർവാൻ(റ) നിവേദനം: ''നബി (സ്വ) നോമ്പുതുറക്കുമ്പോൾ 'ദഹബദ്ദ്വമഉ വബ്തല്ലതിൽ ഉറൂക്വു വ സബതൽ അജ്‌റു ഇൻശാ അല്ലാഹ് (ധമനികളിലെല്ലാം വെള്ളമെത്തി. ദാഹം മാറുകയും ചെയ്തു, അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ (ഈ നോമ്പിന്റെ) പ്രതിഫലം സ്ഥിരപ്പെട്ടുകഴിഞ്ഞു) എന്ന് പ്രാർഥിക്കാറുണ്ടായിരുന്നു'' (സ്വഹീഹുൽ ജാമിഅ്, അബൂദാവൂദ്).

### ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

കഠിനമായ ചൂടുള്ള അവസരമാണെങ്കിൽ ശരീരത്തിൽ വെള്ളം ഒഴിക്കാൻ നോമ്പുകാരന് അനുവാദമുണ്ട്. അബ്ദുറഹ്മാനുബ്‌നു അബീബക്കർ(റ) ചില സ്വഹാബിമാരിൽനിന്നും നിവേദനം: നബി(സ്വ) 'അർജ്' എന്ന സ്ഥലത്തുവെച്ച് ദാഹമോ ഉഷ്ണമോ കാരണമായി തന്റെ ശരീരത്തിൽവെള്ളം കോരി ഒഴിക്കുന്നത് ഞാൻ കാണുകയുണ്ടായി'' (അബൂദാവൂദ്).

വലിയ അശുദ്ധിയുള്ള അവസ്ഥയിൽ സ്വുബ്ഹിവരെ കഴിച്ചു കൂട്ടുന്നതിൽ വിരോധമില്ല. ഉമ്മുസലമ(റ)യിൽ നിന്നും ആഇശ(റ)യിൽ നിന്നും നിവേദനം: ''നബി(സ്വ) നോമ്പുകാലങ്ങളിൽ രാത്രി തന്റെ ഭാര്യമാരുമായി ബന്ധം പുലർത്തിയ കാരണത്താൽ വലിയ അശുദ്ധിയോടുകൂടി തന്നെ ഫജ്ർ വരെ കഴിച്ചുകൂട്ടാറുണ്ടായിരുന്നു. പിന്നീട് കുളിച്ച് നോമ്പെടുക്കുകയും ചെയ്യും.'' (ബുഖാരി, മുസ്‌ലിം).

സാധിക്കുമെങ്കിൽ ദിവസം അഞ്ചുനേരവും നമസ്‌കരിക്കാൻ വുദൂഅ് ചെയ്യുമ്പോൾ പല്ലു തേക്കേണ്ടവരാണ് മുസ്‌ലിംകൾ. എന്നിട്ടും ചിലർ നോമ്പിന്റെ പകൽ പല്ലുതേക്കാറില്ല. നോമ്പുകാരന്റെ വായയുടെ ദുർഗന്ധം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരി പോലെയാണ് എന്ന ഹദീസാണത്രെ അവർക്ക് അതിനുള്ള തെളിവ്. പല്ലുതേച്ചാലും അന്നപാനീയങ്ങൾ വർജിക്കുന്നതിനാൽ വായക്ക് സാധാരണയില്ലാത്ത ദുർഗന്ധമുണ്ടാകും. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ടുള്ള ആരാധന ചെയ്യുന്നതുകൊണ്ടുള്ള ആ ഗന്ധം അല്ലാഹു വെറുക്കുന്നില്ല എന്നതല്ലാതെ, മനഃപൂർവം ദുർഗന്ധമുണ്ടാക്കാനുള്ള നിർദേശമൊന്നും ഈ ഹദീസ് പഠിപ്പിക്കുന്നില്ല.

അബ്ദുർറഹ്മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 48

# അൽഫത്ഹ്
# (വിജയം)

(മദീനയിൽ അവതരിച്ചത്)

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿١٤﴾

سَيَقُولُ ٱلْمُخَلَّفُونَ إِذَا ٱنطَلَقْتُمْ إِلَىٰ مَغَانِمَ لِتَأْخُذُوهَا ذَرُونَا نَتَّبِعْكُمْ ۖ يُرِيدُونَ أَن يُبَدِّلُوا۟ كَلَٰمَ ٱللَّهِ ۚ قُل لَّن تَتَّبِعُونَا كَذَٰلِكُمْ قَالَ ٱللَّهُ مِن قَبْلُ ۖ فَسَيَقُولُونَ بَلْ تَحْسُدُونَنَا ۚ بَلْ كَانُوا۟ لَا يَفْقَهُونَ إِلَّا قَلِيلًا ﴿١٥﴾

قُل لِّلْمُخَلَّفِينَ مِنَ ٱلْأَعْرَابِ سَتُدْعَوْنَ إِلَىٰ قَوْمٍ أُو۟لِى بَأْسٍ شَدِيدٍ تُقَٰتِلُونَهُمْ أَوْ يُسْلِمُونَ ۖ فَإِن تُطِيعُوا۟ يُؤْتِكُمُ ٱللَّهُ أَجْرًا حَسَنًا ۖ وَإِن تَتَوَلَّوْا۟ كَمَا تَوَلَّيْتُم مِّن قَبْلُ يُعَذِّبْكُمْ عَذَابًا أَلِيمًا ﴿١٦﴾

14. അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

15. സ്വത്തുക്കൾ കൈവശപ്പെടുത്താൻ ഉള്ളേടത്തേക്ക് നിങ്ങൾ (യുദ്ധത്തിന്) പോകുകയാണെങ്കിൽ ആ പിന്നാക്കം മാറിനിന്നവർ പറയും: ഞങ്ങളെ നിങ്ങൾ (തടയാതെ) വിട്ടേക്കണം. ഞങ്ങളും നിങ്ങളെ അനുഗമിക്കാം. അല്ലാഹുവിന്റെ വാക്കിന് മാറ്റം വരുത്താനാണ് അവർ ഉദ്ദേശിക്കുന്നത്. നീ പറയുക: നിങ്ങൾ ഒരിക്കലും ഞങ്ങളെ അനുഗമിക്കുകയില്ല, അപ്രകാരമാണ് അല്ലാഹു മുമ്പേ പറഞ്ഞിട്ടുള്ളത്. അപ്പോൾ അവർ പറഞ്ഞേക്കും; അല്ല, നിങ്ങൾ ഞങ്ങളോട് അസൂയ കാണിക്കുകയാണ് എന്ന്. അങ്ങനെയല്ല. അവർ (കാര്യം) ഗ്രഹിക്കാതിരിക്കുകയാകുന്നു; അൽപം മാത്രമല്ലാതെ.

16. ഗ്രാമീണ അറബികളിൽനിന്നും പിന്നാക്കം മാറി നിന്നവരോട് നീ പറയുക: കനത്ത ആക്രമണ ശേഷിയുള്ള ഒരു ജനവിഭാഗത്തെ നേരിടാനായി നിങ്ങൾ വഴിയെ വിളിക്കപ്പെടും. അവർ കീഴടങ്ങുന്നതുവരെ നിങ്ങൾക്ക് അവരുമായി യുദ്ധം ചെയ്യേണ്ടിവരും. അപ്പോൾ നിങ്ങൾ അനുസരിക്കുന്നപക്ഷം അല്ലാഹു നിങ്ങൾക്ക് ഉത്തമമായ പ്രതിഫലം നൽകുന്നതാണ്. മുമ്പ് നിങ്ങൾ പിന്തിരിഞ്ഞുകളഞ്ഞതുപോലെ (ഇനിയും) പിന്തിരിഞ്ഞുകളയുന്ന പക്ഷം വേദനയേറിയ ശിക്ഷ അവൻ നിങ്ങൾക്കു നൽകുന്നതുമാണ്.

17. അന്ധന്റെമേൽ കുറ്റമില്ല. മുടന്തന്റെമേലും കുറ്റമില്ല. രോഗിയുടെമേലും കുറ്റമില്ല. വല്ലവനും അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുന്ന പക്ഷം താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്. വല്ലവനും

لَّيْسَ عَلَى ٱلْأَعْمَىٰ حَرَجٌ وَلَا عَلَى ٱلْأَعْرَجِ حَرَجٌ
وَلَا عَلَى ٱلْمَرِيضِ حَرَجٌ ۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ
يُدْخِلْهُ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ وَمَن
يَتَوَلَّ يُعَذِّبْهُ عَذَابًا أَلِيمًا ﴿١٧﴾
۞ لَّقَدْ رَضِىَ ٱللَّهُ عَنِ ٱلْمُؤْمِنِينَ إِذْ
يُبَايِعُونَكَ تَحْتَ ٱلشَّجَرَةِ فَعَلِمَ مَا فِى قُلُوبِهِمْ
فَأَنزَلَ ٱلسَّكِينَةَ عَلَيْهِمْ وَأَثَٰبَهُمْ فَتْحًا قَرِيبًا ﴿١٨﴾
وَمَغَانِمَ كَثِيرَةً يَأْخُذُونَهَا ۗ وَكَانَ ٱللَّهُ عَزِيزًا
حَكِيمًا ﴿١٩﴾

പിന്തിരിഞ്ഞുകളയുന്നപക്ഷം വേദനയേറിയ ശിക്ഷ അവന്നു നൽകുന്നതാണ്.

18. ആ മരത്തിന്റെ ചുവട്ടിൽവെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും, അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കികൊടുക്കുകയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു.

19. അവർക്ക് പിടിച്ചെടുക്കുവാൻ ധാരാളം സമരാർജിത സ്വത്തുകളും (അവൻ നൽകി). അല്ലാഹു പ്രതാപിയും യുക്തിമാനമാകുന്നു.

**14.** ആകാശഭൂമികളുടെ ആധിപത്യം അവന് മാത്രമുള്ളതാണ്. പ്രതിഫലത്തിന്റെ തീരുമാനങ്ങളും മതവിധികളും ഷൈറുമെല്ലാം അവ രണ്ടിലും അവനുദ്ദേശിക്കുന്നപോലെ കൈകാര്യം ചെയ്യുന്നു. അതിനാലാണ് മതവിധികൾ ക്കുള്ള പ്രതിഫലത്തെക്കുറിച്ച് തുടർന്ന് പരാമർശിച്ചത്: (അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും) അല്ലാഹു കൽപിച്ചത് നിർവഹിക്കുന്നവർക്ക്. (അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും) അല്ലാഹുവിന്റെ കൽപനകളിൽ ലാഘവത്വം കാണിക്കുന്നവരെ. (അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു). കരുണയും പാപമോചനവും അവനിൽനിന്ന് വിട്ടുപോകാത്ത അനിവാര്യ വിശേഷണങ്ങളാണ്. ഓരോ സമയത്തും അവൻ പാപികളുടെ പാപം പൊറുത്തുകൊണ്ടേയിരിക്കും. തെറ്റ് സംഭവിക്കുന്നവർക്ക് വിട്ടുവീഴ്ച നൽകുകയും ചെയ്യും. പശ്ചാത്തപിക്കുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുകയും കോരിച്ചൊരിയുന്ന അവന്റെ നന്മകൾ രാപ്പകലിൽ ഇറങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും.

**15.** പിന്മാറി നിന്നവരെ അല്ലാഹു ആക്ഷേപിച്ച് പറഞ്ഞപ്പോൾ, ഭൗതികമായി അവർക്കുള്ള ഒരു ശിക്ഷയെക്കുറിച്ച് പരാമർശിക്കുന്നു. യുദ്ധം ചെയ്യാതെ സമ്പത്ത് കിട്ടുന്ന യുദ്ധാനന്തര സ്വത്തിലേക്ക് നബി(സ്വ)യും അനുചരന്മാരും പോകുമ്പോൾ കൂടെവരട്ടെ എന്ന് അവർ ആവശ്യപ്പെടും. അവർ പറയും: (ഞങ്ങളെ നിങ്ങൾ-തടയാതെ-വിട്ടേക്കണം. ഞങ്ങളും നിങ്ങളെ അനുഗമിക്കാം. അവരുദ്ദേശിക്കുന്നത്) ഈ വാക്ക് മൂലം. (അല്ലാഹുവിന്റെ വാക്കിന് മാറ്റം വരുത്താനാണ്). അവർക്ക് ശിക്ഷയെന്നോണം നൽകാതിരിക്കുവാനും സത്യവിശ്വാസികളായ സ്വഹാബത്തിന് മതവിധിയനുസരിച്ച് -അവർക്ക് മാത്രമായി- നൽകണമെന്നുമുള്ള വാക്കിനെ. (നീ പറയുക) അവരോട്. (നിങ്ങളൊരിക്കലും ഞങ്ങളെ അനുഗമിക്കുകയില്ല, അപ്രകാരമാണ് അല്ലാഹു മുമ്പേ പറഞ്ഞിട്ടുള്ളത്) ആദ്യഘട്ടത്തിൽ യുദ്ധത്തിന് വരാത്തതിനാലും നിങ്ങൾ നിങ്ങളോടുതന്നെ കുറ്റം ചെയ്തതിനാലും ആ സ്വത്ത് നിങ്ങൾക്ക് തടയപ്പെട്ടതാണ്. (അപ്പോൾ അവർ പറഞ്ഞേക്കും) പുറപ്പെടാൻ അനുമതി നിഷേധിച്ച വാക്കിന് മറുപടിയായി. (അല്ല, നിങ്ങൾ ഞങ്ങളോട് അസൂയ കാണിക്കുകയാണ്) യുദ്ധാനന്തര സ്വത്തിന്റെ കാര്യത്തിൽ. ഇവിടെ അവർക്ക് മനസ്സിലായതിന്റെ പരമാവധി ഇതാണ്. അവർക്ക് ശരിയായി മനസ്സിലായിരുന്നുവെങ്കിൽ, അവർക്ക് തടയപ്പെട്ടത് അവരുടെ അനുസരണക്കേടുകൊണ്ടാണെന്ന് അവർക്ക് അറിയാമായിരുന്നു. കാരണം, അനുസരണക്കേടിന് ഇഹത്തിലും പരത്തിലും ശിക്ഷയുണ്ട്. അതാണ് അല്ലാഹു പറഞ്ഞത്: (അവർ കാര്യം ഗ്രഹിക്കാതിരിക്കുകയാകുന്നു, അൽപം മാത്രമല്ലാതെ).

**16.** അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നതിൽനിന്ന് പിന്നാക്കം മാറിനിന്ന ഗ്രാമീണ അറബികളെക്കുറിച്ചാണ് അല്ലാഹു പറയുന്നത്. ന്യായമായ കാരണങ്ങളില്ലാതെ അവർ ഒഴികഴിവ് പറയുന്നു. യുദ്ധമോ ബുദ്ധിമുട്ടികളോ ഇല്ലെങ്കിൽ അവർ വിശ്വാസികളോടൊപ്പം പുറപ്പെടാൻ ആവശ്യം ഉന്നയിക്കും. അവർക്കാവശ്യം യുദ്ധാനന്തര സ്വത്ത് മാത്രമാണ്. അവരെ പരീക്ഷിച്ചുകൊണ്ട് അവരോട് അല്ലാഹു പറയുന്നു: (ഗ്രാമീണ അറബികളിൽനിന്നും പിന്നാക്കം മാറിനിന്നവരോട് നീ പറയുക; കനത്ത ആക്രമണശേഷിയുള്ള ഒരു ജന

വിഭാഗത്തെ നേരിടാനായി വഴിയെ നിങ്ങൾ വിളിക്കപ്പെടും) അതായത്, പ്രവാചകനോ അല്ലെങ്കിൽ പ്രവാചകന്റെ സ്ഥാനത്ത് പിന്നീട് വരുന്ന ഖലീഫമാരോ ഇമാമീങ്ങളോ നിങ്ങളെ വിളിക്കും. ഇവിടെ ശക്തരായ ജനത എന്ന് പറഞ്ഞത് പേർഷ്യക്കാരോ റോമക്കാരോ അവരെപ്പോലുള്ളവരോ ആയിരിക്കാം. (അവർ കീഴടങ്ങുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്യേണ്ടിവരും) രണ്ടിലേതെങ്കിലുമൊന്ന് വേണ്ടിവരും.

ഇത് സംഭവിക്കുന്ന ഒരു കാര്യമാണ്. ഇക്കൂട്ടരോട് യുദ്ധം ചെയ്യുന്ന അവസരത്തിൽ കനത്ത ആക്രമണശേഷിയുള്ളവരാണെങ്കിൽ അവർ ജിസ്‌യ (സംരക്ഷണനികുതി) കൊടുക്കാൻ തയ്യാറാവില്ല. അല്ലെങ്കിൽ അവർ ഇസ്‌ലാമിൽ പ്രവേശിക്കണം. അല്ലാത്ത അവസ്ഥയിൽ അവരോട് യുദ്ധം ചെയ്യേണ്ടിവരും. അങ്ങനെ മുസ്‌ലിംകൾ അവരെ കീഴ്പ്പെടുത്തിയപ്പോൾ അവർ ദുർബലരും നിന്ദ്യരുമായി. അവരുടെ ശക്തിയെല്ലാം പോയി. അവർ ഇസ്‌ലാം സ്വീകരിക്കുകയോ ജിസ്‌യ നൽകുകയോ ചെയ്യുന്നവരായി. (അപ്പോൾ നിങ്ങൾ അനുസരിക്കുന്നപക്ഷം) ഇവരുമായി യുദ്ധം ചെയ്യാൻ നിങ്ങളെ ക്ഷണിക്കുന്നവനെ. (അല്ലാഹു നിങ്ങൾക്ക് ഉത്തമമായ പ്രതിഫലം നൽകുന്നതാണ്) ഈ പ്രതിഫലം അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നവർക്ക് അല്ലാഹുവും റസൂലും അറിയിച്ചതായ പ്രതിഫലമാണ്. (മുമ്പ് നിങ്ങൾ പിന്തിരിഞ്ഞുകളഞ്ഞതുപോലെ പിന്തിരിഞ്ഞുകളയുന്നപക്ഷം) അല്ലാഹുവിന്റെ ദൂതന്മാരോട് യുദ്ധംചെയ്യാൻ ക്ഷണിക്കുന്ന ഖുലഫാഉർറാശിദീങ്ങളുടെ മഹത്ത്വംകൂടി ഈ വചനത്തിലുണ്ട്. ഈ കാര്യത്തിൽ അവരെ അനുസരിക്കൽ നിർബന്ധമാണെന്നും.

**17.** യുദ്ധത്തിന് പുറപ്പെടാതിരിക്കാനുള്ള കാരണങ്ങളെയാണ് പരാമർശിക്കുന്നത്. (അന്ധന്റെ മേൽ കുറ്റമില്ല. മുടന്തന്റെ മേലും കുറ്റമില്ല. രോഗിയുടെ മേലും കുറ്റമില്ല). ഈ തടസ്സങ്ങൾ കാരണം യുദ്ധത്തിൽനിന്ന് പിൻമാറി നിൽക്കുന്നതിന്. (വല്ലവനും അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നപക്ഷം) അവരുടെ രണ്ടുപേരുടെയും കൽപനകൾ പ്രവർത്തിക്കുകയും വിരോധങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക. (താഴ്ഭാഗത്തുകൂടി നദികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്) കണ്ണുകൾ ആസ്വദിക്കുന്നതും മനസ്സുകൊതിക്കുന്നതുമെല്ലാം അതിലുണ്ട്. (വല്ലവനും പിന്തിരിഞ്ഞുകളയുന്നപക്ഷം) അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നതിൽനിന്ന്. (വേദനയേറിയ ശിക്ഷ അവന് നൽകുന്നതാണ്) എല്ലാ സൗഭാഗ്യവും അല്ലാഹുവിനെ അനുസരിക്കുന്നതിലാണ്. ദുരിതങ്ങളാകട്ടെ, അവനെ അനുസരിക്കാതിരിക്കുന്നതിലും എതിരു പ്രവർത്തിക്കുന്നതിലുമാണ്.

**18-19.** മുഖങ്ങൾ തിളങ്ങുകയും രണ്ടു ലോകത്തെയും സൗഭാഗ്യം കരസ്ഥമാക്കുകയും ചെയ്ത ആ പ്രതിജ്ഞ ആ പ്രവാചകനോട് അവർ ചെയ്തപ്പോൾ സത്യവിശ്വാസികൾക്ക് അവന്റെ കരുണയും ഔദാര്യവുംകൊണ്ട് അവന്റെ തൃപ്തിയുണ്ടായി എന്ന് അറിയിക്കുകയാണ് അല്ലാഹു ഇവിടെ. ബൈഅതുരിള്‌വാൻ എന്നറിയപ്പെടുന്ന, അതായത് സത്യവിശ്വാസികൾക്ക് അല്ലാഹുവിന്റെ തൃപ്തിയുണ്ടായ പ്രതിജ്ഞ. മറ്റൊരു പേര് 'ബൈഅതു അഹ്‌ലുശ്ശജറ' എന്നാണ്. ഹുദൈബിയ ദിനത്തിൽ നബിയുടെ വരവിനെക്കുറിച്ച് മുശ്‌രിക്കുകൾക്കും പ്രവാചകനും ഇടയിൽ സംസാരം നടന്നു. നബി(സ്വ) ഒരാളോടും യുദ്ധത്തിന് വന്നതല്ലെന്നും കഅ്ബയെ ആദരിച്ച് അതിനെ സന്ദർശിക്കാൻ മാത്രം വന്നതാണെന്നും അറിയിച്ച് ഉസ്മാനുബ്നു അഫ്ഫാനെ മക്കയിലേക്ക് നിയോഗിച്ചു. അപ്പോഴാണ് ഉസ്മാൻ(റ)വിനെ മുശ്‌രിക്കുകൾ വധിച്ചു എന്ന തെറ്റായ വാർത്ത വന്നത്. അപ്പോൾ നബി(സ്വ) തന്റെ കൂടെയുള്ള അനുചരന്മാരെ ഒരുമിച്ചുകൂട്ടി. അവർ ഏകദേശം ആയിരത്തി അഞ്ഞൂറ് പേരുണ്ടായിരുന്നു. അവിടെവെച്ച് മുശ്‌രിക്കുകൾക്കെതിരെ യുദ്ധം ചെയ്യണമെന്നും മരണംവരെ യുദ്ധത്തിൽനിന്ന് ഓടിപ്പോകില്ലെന്നും ആ മരച്ചുവട്ടിൽവെച്ച് അവർ പ്രതിജ്ഞ ചെയ്തു.

ഏറ്റവും വലിയ പുണ്യവും അനുസരണവും കാണിച്ച ഈ സന്ദർഭത്തിൽ സത്യവിശ്വാസികളെ അല്ലാഹു തൃപ്തിപ്പെട്ടുവെന്ന് അവനറിയിച്ചു. (അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും) വിശ്വാസത്തിൽനിന്ന്. (അങ്ങനെ അവർക്കവൻ മനസ്സമാധാനം ഇറക്കിക്കൊടുക്കുകയും) അവരുടെ ഹൃദയങ്ങളിലുള്ളതിന് നന്ദിയായി, അവർക്ക് സന്മാർഗത്തെ വർധിപ്പിച്ചുകൊടുത്തു. പ്രവാചകനോട് മുശ്‌രിക്കുകൾ കരാറു ചെയ്തപ്പോൾ വെച്ച നിബന്ധനകളിൽ അവരുടെ മനസ്സിനുണ്ടായ അസ്വസ്ഥത അവനറിയുകയും അവരെ ഉറപ്പിച്ചുനിർത്തത്തക്കവിധത്തിൽ സമാധാനം അവരുടെമേൽ ഇറക്കുകയും ചെയ്തു; അവരുടെ മനസ്സുകൾ ശാന്തിയടയാൻ വേണ്ടി. (ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു) അത് ഖൈബറിലെ വിജയമാണ്.

ഹുദൈബിയയിൽ ഉണ്ടായിരുന്നവരല്ലാതെ അതിൽ പങ്കെടുത്തിട്ടില്ല. ഖൈബറും അതിലെ സ്വത്തുക്കളും അല്ലാഹുവിന്റെ തൃപ്തിക്ക് നിലകൊണ്ടതിനും അവനെ അനുസരിച്ച് പ്രവർത്തിച്ചതിനുമുള്ള നന്ദിയും പ്രതിഫലവുമായി അവർക്ക് മാത്രം ലഭിച്ചു. (അവർക്ക് പിടിച്ചെടുക്കുവാൻ ധാരാളം സമരാർജിത സ്വത്തുക്കളും - അവൻ നൽകി - അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു) ശക്തിയും പ്രതാപവും അവനുള്ളതാണ്; എല്ലാറ്റിനെയും അടക്കിഭരിക്കുന്ന. അവനുദ്ദേശിച്ചാൽ വിശ്വാസികൾക്കും മുശ്‌രിക്കുകൾക്കും ഇടയിലുണ്ടാകുന്ന എല്ലാ സംഭവങ്ങളിലും സത്യവിശ്വാസികൾ വിജയിക്കുമായിരുന്നു. പക്ഷേ, യുക്തിമാൻ ചിലരെ ചിലരെക്കൊണ്ട് പരീക്ഷിക്കുന്നു; സത്യവിശ്വാസിയെ അവിശ്വാസിയെക്കൊണ്ടും. ■





# സത്യസന്ധതക്ക് അംഗീകാരം

ഹുസൈൻ സലഫി
: +971 50 634 6963

“കഅ്ബ്(റ) പറഞ്ഞു; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ‘എന്നാൽ ഇദ്ദേഹം സത്യമാണ് പറഞ്ഞത്. അതിനാൽ താങ്കൾ എഴുന്നേറ്റുപോകുക. അല്ലാഹു താങ്കളുടെ കാര്യത്തിൽ തീരുമാനമെടുക്കട്ടെ.’ ബനൂസലമയിൽനിന്നുള്ള കുറച്ചാളുകളും എന്നെ തുടർന്നു യാത്രയായി. അവർ എന്നോട് പറയുകയും ചെയ്തു: ‘ഇതിനുമുമ്പ് താങ്കൾ ഒരു തെറ്റുചെയ്തത് ഞങ്ങൾക്ക് അറിയില്ല. യുദ്ധത്തിൽ പിന്തിനിന്നവർ അല്ലാഹുവിന്റെ റസൂലി(സ്വ)നോട് കാരണം ബോധിപ്പിച്ചതുകൊണ്ട് താങ്കൾ കാരണം ബോധിപ്പിക്കാത്തതിൽ അശക്തനായിരിക്കുന്നു. താങ്കൾ ചെയ്ത തെറ്റിന് അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ പാപമോചന തേട്ടം താങ്കൾക്ക് മതിയാകുമായിരുന്നു.’ അദ്ദേഹം പറഞ്ഞു: ‘അല്ലാഹുവാണെ സത്യം, അവർ എന്നെ ആക്ഷേപിച്ചുകൊണ്ടേയിരുന്നു. അല്ലാഹുവിന്റെ റസൂലി(സ്വ)ങ്കലേക്ക് മടങ്ങിച്ചെന്ന് ഞാൻ എന്നോടുതന്നെ കളവ് പറഞ്ഞാലോ എന്ന് ഞാൻ വിചാരിച്ചു.’ പിന്നീട് ഞാൻ അവരോട് ചോദിച്ചു: ‘എന്റെ കൂടെ ഇതുപോലെയുള്ള ആരെങ്കിലും അദ്ദേഹത്തെ കണ്ടിട്ടുണ്ടോ?’ അവർ പറഞ്ഞു: ‘അതെ, താങ്കൾ പറഞ്ഞതുപോലെ പറഞ്ഞ രണ്ടാളുകൾ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. താങ്കളോട് പറയപ്പെട്ടതുപോലെ തന്നെയാണ് അവരോട് പറയപ്പെടുകയും ചെയ്തത്.’ ഞാൻ ചോദിച്ചു: ‘അവർ ആരെല്ലാമാണ്?’ അവർ പറഞ്ഞു: ‘മുറാറ ഇബ്നുർറബീഅ് അൽഅംരിയും ഹിലാൽ ഇബ്നു ഉമയ്യ അൽവാക്വിഫിയ്യും.’ അദ്ദേഹം പറഞ്ഞു: ‘ബദ്റിൽ പങ്കെടുത്ത സ്വാലിഹുകളായ, മാതൃകായോഗ്യരായ രണ്ടാളുകളെ അവർ എന്നോട് പറഞ്ഞു. അവർ അവരെക്കുറിച്ച് എന്നോട് പറഞ്ഞ സന്ദർഭത്തിൽ ഞാൻ (വീട്ടിലേക്ക്) പോയി.’

തന്നിൽനിന്നും പിന്തിയ ഈ മൂന്നാളുകളായ ഞങ്ങളോട് സംസാരിക്കുന്നത് അല്ലാഹുവിന്റെ റസൂൽ(സ്വ) വിലക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'ജനങ്ങൾ ഞങ്ങളെ വെടിഞ്ഞു. അല്ലെങ്കിൽ ഞങ്ങളോടുള്ള (പെരുമാറ്റത്തിൽ) മറ്റം വരുത്തി. ഈ ഭൂമി എനിക്ക് അപരിചിതമായി (തോന്നുന്നത്) വരെ (ഇത് തുടർന്നു). അതെ, ഈ ഭൂമി ഞാൻ മനസ്സിലാക്കിയതുപോലെയല്ലാതായി.'

അങ്ങനെ ഞങ്ങൾ അമ്പത് ദിവസം കഴിച്ചു കൂട്ടി. എന്നാൽ എന്റെ രണ്ട് കൂട്ടുകാർ അവരുടെ വീടുകളിൽ കരഞ്ഞുകൊണ്ടിരുന്ന് താമസമാക്കി. എന്നാൽ ആ കൂട്ടത്തിൽ ഏറ്റവും ചെറുപ്പക്കാരനം ആരോഗ്യവാനം ഞാനായിരുന്നു. അതിനാൽ ഞാൻ (വീട്ടിൽനിന്ന്) പുറത്തിറങ്ങുകയും മുസ്‌ലിംകൾക്കൊപ്പം നമസ്കാരത്തിന് പങ്കെടുക്കുകയും ചെയ്യും. ഞാൻ അങ്ങാടികളിലൂടെ ചുറ്റിനടക്കും. ഒരാളും എന്നോട് സംസാരിക്കില്ല. നബി(സ്വ) നമസ്കാരശേഷം തന്റെ ഇരിപ്പിടത്തിൽ ആകുമ്പോൾ ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ(സ്വ) സമീപത്ത് ചെല്ലുകയും സലാം പറയുകയും ചെയ്യും. അപ്പോൾ ഞാൻ എന്റെ മനസ്സിൽ പറയും; അവിടുന്ന് സലാം മടക്കിക്കൊണ്ട് ചുണ്ടുകൾ അനക്കിയോ ഇല്ലയോ? പിന്നീട് ഞാൻ അവിടുത്തെ അടുത്ത് (വെച്ച്) നമസ്കരിക്കും. (നമസ്കാരത്തിൽ) ഞാൻ അദ്ദേഹത്തെ കട്ടുനോക്കുമായിരുന്നു. ഞാൻ എന്റെ നമസ്കാരത്തിലായാൽ അവിടുന്ന് എന്നെയും നോക്കും. ഞാൻ അവിടുത്തേക്ക് തിരിഞ്ഞാൽ അവിടുന്ന് എന്നിൽനിന്ന് (മുഖം) തിരിക്കുകയും ചെയ്യും. മുസ്‌ലിംകൾക്കിടയിൽനിന്ന് എന്റെമേൽ ആ (അവസ്ഥ) ദീർഘിച്ചപ്പോൾ ഞാൻ എന്റെ പിതൃവ്യ പുത്രനായ അബൂകതാദയുടെ മതിൽ ചാടി (അദ്ദേഹത്തിന്റെ അടുത്തേക്ക്) നടന്നു. അദ്ദേഹം എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവനായിരുന്നു. അങ്ങനെ ഞാൻ അദ്ദേഹത്തോട് സലാം പറഞ്ഞു. അല്ലാഹുവാണെ സത്യം, അദ്ദേഹം എന്നോട് സലാം മടക്കിയില്ല! അപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു: 'ഓ, അബൂകതാദാ...! ഞാൻ അല്ലാഹുവിനെക്കൊണ്ട് അങ്ങയോട് ചോദിക്കട്ടെയോ? ഞാൻ അല്ലാഹുവിനെയും അവന്റെ റസൂലി(സ്വ)നെയും ഇഷ്ടപ്പെടുന്നത് അങ്ങേക്ക് അറിയില്ലയോ?' അദ്ദേഹം മൗനിയായി. അപ്പോൾ ഞാൻ ആവർത്തിച്ചു ചോദിച്ചു. അദ്ദേഹം മൗനം പാലിച്ചു. വീണ്ടും ഞാൻ ആവർത്തിച്ചു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ സത്യം, അല്ലാഹുവിനം അവന്റെ റസൂലിനം അറിയാം.' അപ്പോൾ എന്റെ ഇരു കണ്ണുകളും നിറഞ്ഞൊഴുകി. ഞാൻ അദ്ദേഹത്തിൽനിന്ന് പിന്തിരിയുകയും ചുമര് ചാടിക്കടക്കുകയും ചെയ്തു.

അങ്ങനെ ഞാൻ മദീനയിലെ അങ്ങാടിയിലായിരിക്കെ, മദീനയിൽ ഭക്ഷ്യസാധനങ്ങൾ വിൽക്കാനായി വന്നിട്ടുള്ള ശാമുകാരിൽപെട്ട ഒരു കർഷകനെ കാണുകയുണ്ടായി. അയാൾ ചോദിക്കുന്നുണ്ടായിരുന്നു: 'ആരാണ് കഅ്ബ് ഇബ്‌നു മാലികിനെ പറ്റിയുള്ള വിവരം (എനിക്ക്) അറിയിച്ചു തരിക?' അപ്പോൾ ജനങ്ങൾ എന്നെ ചൂണ്ടിയപ്പോൾ അദ്ദേഹം എന്നെ സമീപിക്കുകയും ഗസ്സാൻ രാജാവിൽനിന്നുള്ള ഒരു കത്ത് എനിക്ക് കൈമാറുകയും ചെയ്തു. ഞാൻ എഴുത്ത് അറിയുന്നവനായിരുന്നു. അങ്ങനെ ഞാൻ അത് വായിച്ചപ്പോൾ അതിലുള്ളത് (ഇതായിരുന്നു:) 'തീർച്ചയായും താങ്കളുടെ കൂട്ടുകാരൻ താങ്കളോട് നിസ്സഹകരണം നടത്തിയ വിവരം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. അല്ലാഹു താങ്കളെ നിന്ദ്യരുടെയും അവഗണിക്കുന്നവരുടെയും നാട്ടിൽ ആക്കുകയില്ല. അതിനാൽ ഞങ്ങളിലേക്ക് താങ്കൾ ചേരുവിൻ. ഞങ്ങൾ താങ്കളോട് സഹകരിക്കാം.' ഞാൻ അത് വായിച്ചവേളയിൽ പറഞ്ഞു: 'ഇതും ഒരു പരീക്ഷണം തന്നെയാണ്.' അതിനാൽ അത് പിച്ചിച്ചീന്തി അടുപ്പിലിട്ട് കത്തിക്കാൻ ഞാൻ വിചാരിച്ചു. അങ്ങനെ അമ്പതിലെ നാൽപത് (ദിവസങ്ങൾ കഴിഞ്ഞു) പോയി. വഹ്‌യ് ഇറങ്ങുന്നതും

**മുസ്‌ലിംകൾക്കിടയിൽനിന്ന് എന്റെമേൽ ആ (അവസ്ഥ) ദീർഘിച്ചപ്പോൾ ഞാൻ എന്റെ പിതൃവ്യ പുത്രനായ അബൂകതാദയുടെ മതിൽ ചാടി (അദ്ദേഹത്തിന്റെ അടുത്തേക്ക്) നടന്നു. അദ്ദേഹം എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവനായിരുന്നു. അങ്ങനെ ഞാൻ അദ്ദേഹത്തോട് സലാം പറഞ്ഞു. അല്ലാഹുവാണെ സത്യം, അദ്ദേഹം എന്നോട് സലാം മടക്കിയില്ല! അപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു: 'ഓ, അബൂകതാദാ...! ഞാൻ അല്ലാഹുവിനെക്കൊണ്ട് അങ്ങയോട് ചോദിക്കട്ടെയോ? ഞാൻ അല്ലാഹുവിനെയും അവന്റെ റസൂലി(സ്വ)നെയും ഇഷ്ടപ്പെടുന്നത് അങ്ങേക്ക് അറിയില്ലയോ?' അദ്ദേഹം മൗനിയായി. അപ്പോൾ ഞാൻ ആവർത്തിച്ചു ചോദിച്ചു. അദ്ദേഹം മൗനം പാലിച്ചു. വീണ്ടും ഞാൻ ആവർത്തിച്ചു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ സത്യം, അല്ലാഹുവിനും അവന്റെ റസൂലിനും അറിയാം.' അപ്പോൾ എന്റെ ഇരു കണ്ണുകളും നിറഞ്ഞൊഴുകി. ഞാൻ അദ്ദേഹത്തിൽനിന്ന് പിന്തിരിയുകയും ചുമര് ചാടിക്കടക്കുകയും ചെയ്തു.**

താമസിച്ചു. അങ്ങനെയിരിക്കെ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ ഒരു ദൂതൻ എന്നെ സമീപിച്ചു. എന്നിട്ട് പറഞ്ഞു: 'താങ്കളോട് താങ്കളുടെ ഭാര്യയിൽനിന്ന് അകലാൻ അല്ലാഹുവിന്റെ റസൂൽ(സ്വ) കൽപിച്ചിരിക്കുന്നു.' അപ്പോൾ ഞാൻ ചോദിച്ചു: 'ഞാൻ അവളെ വിവാഹമോചനം ചെയ്യാനാണോ അതല്ല (വേറെ) എന്തെങ്കിലും ചെയ്യാനാണോ (അവിടുന്ന് കൽപിച്ചത്)?' അദ്ദേഹം പറഞ്ഞു: 'അല്ല. താങ്കൾ അവളെ മാറ്റിനിർത്തുക. അവളെ സമീപിക്കരുത്.' എന്റെ കൂട്ടുകാരിലേക്കും അതുപോലെ അവിടുന്ന് അയച്ചിരുന്നു. അങ്ങനെ ഞാൻ എന്റെ ഭാര്യയോട് പറഞ്ഞു: 'ഈ കാര്യത്തിൽ അല്ലാഹു ഒരു തീരുമാനം എടുക്കുന്നതുവരെ നീ നിന്റെ കുടുംബക്കാരിലേക്ക് പോയിക്കൊള്ളുക.'

**അല്ലാഹുവിന്റെ റസൂലി (സ്വ)ന്റെ ഒരു ദൂതൻ എന്നെ സമീപിച്ചു. എന്നിട്ട് പറഞ്ഞു: 'താങ്കളോട് താങ്കളുടെ ഭാര്യയിൽനിന്ന് അകലാൻ അല്ലാഹുവിന്റെ റസൂൽ(സ്വ) കൽപിച്ചിരിക്കുന്നു.' അപ്പോൾ ഞാൻ ചോദിച്ചു: 'ഞാൻ അവളെ വിവാഹമോചനം ചെയ്യാനാണോ അതല്ല (വേറെ) എന്തെങ്കിലും ചെയ്യാനാണോ (അവിടുന്ന് കൽപിച്ചത്)?' അദ്ദേഹം പറഞ്ഞു: 'അല്ല. താങ്കൾ അവളെ മാറ്റിനിർത്തുക. അവളെ സമീപിക്കരുത്.' എന്റെ കൂട്ടുകാരിലേക്കും അതുപോലെ അവിടുന്ന് അയിച്ചിരുന്നു. അങ്ങനെ ഞാൻ എന്റെ ഭാര്യയോട് പറഞ്ഞു: 'ഈ കാര്യത്തിൽ അല്ലാഹു ഒരു തീരുമാനം എടുക്കുന്നതുവരെ നീ നിന്റെ കുടുംബക്കാരിലേക്ക് പോയിക്കൊള്ളുക.'**

അങ്ങനെ ഹിലാൽ ഇബ്‌നു ഉമയ്യയുടെ ഭാര്യ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ അടുക്കൽ ചെന്നു. എന്നിട്ട് അവിടുത്തോട് അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഹിലാൽ ഇബ്‌നു ഉമയ്യ വൃദ്ധനും അവശനുമാണ്. അദ്ദേഹത്തിന് മറ്റു സഹായിയുമില്ല. അതിനാൽ ഞാൻ അദ്ദേഹത്തിന് സേവനം ചെയ്യുന്നത് അങ്ങേക്ക് വെറുപ്പാകുമോ?' അവിടുന്ന് പറഞ്ഞു: 'ഇല്ല. പക്ഷേ, നീ അദ്ദേഹത്തെ (ശാരീരികമായി) സമീപിച്ചേക്കരുത്.' അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവാണെ സത്യം, തീർച്ചയായും അദ്ദേഹം അതിനൊന്നും താൽപര്യമുള്ളവനല്ല. അല്ലാഹുവാണെ സത്യം, അദ്ദേഹത്തിന് ഈ കാര്യമുണ്ടായത് മുതൽ ഇന്നുവരെ അദ്ദേഹം കരഞ്ഞിരിക്കുകയാണ്.'

എന്നോട് എന്റെ ചില കുടുംബക്കാർ പറഞ്ഞു: 'നിന്റെ ഭാര്യയുടെ കാര്യത്തിലും നീ അല്ലാഹുവിന്റെ റസൂലി(സ്വ)നോട് അനുവാദം ചോദിക്കൂ.' അപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലി(സ്വ)നോട് അവളുടെ കാര്യത്തിൽ ഞാൻ സമ്മതം ചോദിക്കുകയില്ല. ഞാൻ അവളുടെ കാര്യത്തിൽ അവിടുത്തോട് സമ്മതം ചോദിച്ചാൽ അല്ലാഹുവിന്റെ റസൂൽ(സ്വ) എന്നോട് എന്ത് പറയുമെന്ന് എനിക്കറിയാം. ഞാൻ ഒരു ചെറുപ്പക്കാരനാണല്ലോ!' അങ്ങനെ ഞാൻ പത്ത് ദിവസം കഴിച്ചുകൂട്ടി. ഞങ്ങളോട് സംസാരിക്കുന്നതിനെതൊട്ട് വിലക്കിയ ആ അമ്പത് ദിവസം പൂർത്തിയായി. പിന്നീട് അമ്പതിന്റെ പ്രഭാതത്തിൽ ഞാൻ ഞങ്ങളുടെ ഒരു വീട്ടിന്റെ മുകളിൽവെച്ച് ഫജ്ര് നമസ്കരിച്ചു. അല്ലാഹു പറഞ്ഞതുപോലെ ഭൂമി വിശാലമായിരുന്നിട്ടും എനിക്കതു ഇടുങ്ങിയതായിക്കൊണ്ടിരിക്കുകയായിരുന്നു.

അപ്പോഴതാ, സൽഅ് മലയുടെ മുകളിൽനിന്ന് ഒരാൾ അത്യുച്ചത്തിൽ വിളിച്ചു പറയുന്നു: 'കഅ്ബ് ഇബ്‌നു മാലികേ, സന്തോഷിച്ചുകൊള്ളുക.' അപ്പോൾ ഞാൻ സുജൂദിലായി നിലത്തുവീണു. ഒരു തുറവി വന്നു കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുകയും ചെയ്തു. ഫജ്റ് നമസ്കാരാനന്തരം അല്ലാഹുവിൽനിന്നു (ഞങ്ങളുടെ) പശ്ചാത്താപം സ്വീകരിച്ച വിവരം നബി(സ്വ) ജനങ്ങളിൽ പ്രഖ്യാപനം ചെയ്തിരുന്നു. എന്റെ രണ്ടു കൂട്ടുകാരിലേക്കും ആളുകൾ പോയിരുന്നു. എന്റെ അടുക്കലേക്ക് ഒരാൾ കുതിരപ്പുറത്ത് കയറിയും വേറൊരാൾ ഓടിക്കൊണ്ടും കുതിച്ചുവന്നു. പക്ഷേ, (ആ മലയിൽനിന്നും ഞാൻ കേട്ട) ആ ശബ്ദമായിരുന്നു ആദ്യം എനിക്ക് എത്തിയത്. ഞാൻ കേട്ട ശബ്ദം എന്റെ അടുക്കൽ വന്ന് എന്നെ സന്തോഷിപ്പിച്ചപ്പോൾ എന്റെ വസ്ത്രം അദ്ദേഹത്തിന് വേണ്ടി ഞാൻ അഴിക്കുകയും അദ്ദേഹത്തെ അവ അണിയിപ്പിക്കുകയും ചെയ്തു. അല്ലാഹുവാണെ സത്യം, അന്നേദിവസം അവ രണ്ടുമല്ലാത്തവ എനിക്ക് ഉണ്ടായിരുന്നില്ല. (ശേഷം) രണ്ട് വസ്ത്രങ്ങൾ വായ്പ വാങ്ങുകയും അവ ധരിക്കുകയും ചെയ്തുകൊണ്ട് ഞാൻ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ അടുത്തേക്ക് പോയി. ജനങ്ങൾ എന്നെ കൂട്ടം കൂട്ടമായി വന്നു കാണുകയും എന്നെ അനുമോദിക്കുകയും ചെയ്തുകൊണ്ട് എന്നോട് പറഞ്ഞു: 'അല്ലാഹു താങ്കളുടെ പശ്ചാത്താപം സ്വീകരിച്ചതിനാൽ താങ്കൾക്ക് മംഗളം.'

ഞാൻ പള്ളിയിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പള്ളിയിൽ ഇരിക്കുന്നുണ്ടായിരുന്നു. അവിടുത്തെ ചുറ്റും ജനങ്ങളുമുണ്ട്. ത്വൽഹ(റ) ഓടിവരികയും എന്റെ കൈപിടിക്കുകയും എന്നെ അനുമോദിക്കുകയും ചെയ്തു. അല്ലാഹുവാണെ സത്യം, മുഹാജിറുകളിൽ അദ്ദേഹമല്ലാത്ത വേറൊരാളും എഴുന്നേറ്റു വന്നിരുന്നില്ല. -(ത്വൽഹ(റ)യെ അതുകാരണത്താൽ കഅ്ബ്(റ) മറക്കുമായിരുന്നില്ല).

കഅ്ബ്(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലി(സ്വ)നോട് ഞാൻ സലാം പറഞ്ഞപ്പോൾ അവിടുത്തെ മുഖം സന്തോഷ

ത്താൽ പ്രകാശിക്കുന്നുണ്ടായിരുന്നു. (അങ്ങനെ) അവിടുന്ന് പറഞ്ഞു: 'താങ്കളുടെ മാതാവ് താങ്കളെ പ്രസവിച്ചത് മുതൽ ഏറ്റവും നല്ല ഒരു ദിവസത്തെ കുറിച്ച് സന്തോഷിച്ചുകൊള്ളുക.' അപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇത് അല്ലാഹുവിന്റെ റസൂലിൽനിന്നുള്ളതാണോ അതോ അല്ലാഹുവിൽനിന്നുള്ളതാണോ?' അവിടുന്ന് പറഞ്ഞു: 'അല്ല, ഇത് അല്ലാഹുവിൽനിന്നുള്ളത് തന്നെ. -അല്ലാഹുവിന്റെ റസൂൽ സന്തുഷ്ടനായാൽ ചന്ദ്രന്റെ കഷ്ണം പോലെ അവിടുത്തെ മുഖം പ്രകാശിക്കുമായിരുന്നു. അത് അവിടുത്തെ (മുഖത്ത്) നിന്ന് ഞങ്ങൾ മനസ്സിലാക്കാറുണ്ടായിരുന്നു- അങ്ങനെ ഞാൻ ഇരുന്നു. ഞാൻ (ഇപ്രകാരം) പറയുകയും ചെയ്തു: 'എന്റെ തൗബയുടെ പൂർത്തീകരണമായി ഞാൻ എന്റെ ധനം മുഴുവൻ ധർമമായി അല്ലാഹുവിനും റസൂലിനും ഒഴിഞ്ഞുതരുവാൻ ഉദ്ദേശിക്കുന്നു.' അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'കുറച്ചു ധനം താങ്കൾ സൂക്ഷിച്ചുകൊള്ളുക. അതു തനിക്ക് നല്ലതാണ്.' ഞാൻ പറഞ്ഞു: 'ഖയ്ബറിലുള്ള എന്റെ ഓഹരി ഞാൻ സൂക്ഷിച്ചുകൊള്ളാം' (ബാക്കിയുള്ളതെല്ലാം ധർമം ചെയ്യുന്നു). എന്നിട്ട് ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും അല്ലാഹു എന്നെ രക്ഷിച്ചത് (എന്റെ) സത്യസന്ധതകൊണ്ട് മാത്രമാകുന്നു. (അതിനാൽ) ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം ആരോടും കളവു പറയുകയില്ലെന്നുള്ളതും എന്റെ തൗബയിൽ പെട്ടതാകുന്നു.'

അല്ലാഹുവാണെ സത്യം, അല്ലാഹുവിന്റെ റസൂൽ(സ്വ)നോട് അത് ഞാൻ പറഞ്ഞത് മുതൽ എന്നെ അല്ലാഹു പരീക്ഷിച്ചതിലേറെ സത്യസന്ധതയുടെ കാര്യത്തിൽ മുസ്‌ലിംകളിൽ ഒരാളെയും അല്ലാഹു പരീക്ഷിച്ചത് ഞാൻ അറിഞ്ഞിട്ടില്ല. അല്ലാഹുവാണെ സത്യം, അല്ലാഹുവിന്റെ റസൂലി(സ്വ)നോട് അത് ഞാൻ

**സൽഅ് മലയുടെ മുകളിൽനിന്ന് ഒരാൾ അത്യുച്ചത്തിൽ വിളിച്ചു പറയുന്നു: 'കഅ്ബ് ഇബ്നു മാലികേ, സന്തോഷിച്ചുകൊള്ളുക.' അപ്പോൾ ഞാൻ സുജൂദിലായി നിലത്തുവീണു. ഒരു തുറവി വന്നു കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുകയും ചെയ്തു. ഫജ്റ് നമസ്കാരാനന്തരം അല്ലാഹുവിൽ നിന്നു (ഞങ്ങളുടെ) പശ്ചാത്താപം സ്വീകരിച്ച വിവരം നബി(സ്വ) ജനങ്ങളിൽ പ്രഖ്യാപനം ചെയ്തിരുന്നു. ഫജ്റ് നമസ്കാരാനന്തരം അല്ലാഹുവിൽ നിന്നു (ഞങ്ങളുടെ) പശ്ചാത്താപം സ്വീകരിച്ച വിവരം നബി(സ്വ) ജനങ്ങളിൽ പ്രഖ്യാപനം ചെയ്തിരുന്നു. എന്റെ രണ്ടു കൂട്ടുകാരിലേക്കും ആളുകൾ പോയിരുന്നു. എന്റെ അടുക്കലേക്ക് ഒരാൾ കുതിരപ്പുറത്ത് കയറിയും വേറൊരാൾ ഓടിക്കൊണ്ടും കുതിച്ചുവന്നു. പക്ഷേ, (ആ മലയിൽനിന്നും ഞാൻ കേട്ട) ആ ശബ്ദമായിരുന്നു ആദ്യം എനിക്ക് എത്തിയത്**

പറഞ്ഞത് മുതൽ അറിഞ്ഞുകൊണ്ട് ഒരാളോടും ഈ ദിവസംവരെ കളവ് പറയുകയും ചെയ്തിട്ടില്ല. അവശേഷിക്കുന്ന ദിവസങ്ങളിലും അല്ലാഹു എന്നെ കാത്തുകൊള്ളാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹു (ഈ ക്വുർആൻ സൂക്തം) ഇറക്കി: 'തീർച്ചയായും നബിയുടെയും (ആ)ഞെരുക്കത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നു പോയവരായ മുഹാജിറുകളുടെയും അൻസ്വാറുകളുടെയും പേരിൽ അല്ലാഹു (കനിഞ്ഞു) മടങ്ങിയിട്ടുണ്ട്. (അവർക്കു പൊറുത്തുകൊടുത്തിട്ടുണ്ട്). അവരിൽ നിന്നുള്ള ഒരു കൂട്ടരുടെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിന് ശേഷം:- (അതെ) പിന്നെ, അവരുടെ മേൽ അവൻ (കനിഞ്ഞു) മടങ്ങി. നിശ്ചയമായും അവൻ അവരിൽ വളരെ കൃപയുള്ളവനും കരുണാനിധിയുമാകുന്നു. പിന്നേക്കു വെക്കപ്പെട്ടവരായ മൂന്നാളുകളുടെ പേരിലും (അല്ലാഹു കനിഞ്ഞു മടങ്ങിയിരിക്കുന്നു). ഭൂമി വിശാലമായതോടെ(ത്തന്നെ അതവർക്ക് ഇടുങ്ങി(യതായി ത്തോന്നി)പ്പോകുന്നതുവരെയും, തങ്ങളുടെ മനസ്സുകൾ തങ്ങൾക്കു ഞെരുങ്ങിപ്പോകുകയും, അല്ലാഹുവിൽനിന്നു (രക്ഷക്കു) അവങ്കലേക്കല്ലാതെ (വേറെ) ആശ്രയസ്ഥാനമില്ലെന്നു അവർ കരുതുകയും ചെയ്യുന്നതു വരെയും അവർ ക്ലേശമനുഭവിച്ചു). (അതെ, എന്നിട്ടു) പിന്നെ അവർ (പശ്ചാത്തപിച്ചു) മടങ്ങുവാൻ വേണ്ടി അവൻ അവരുടെ മേൽ (കനിഞ്ഞു) മടങ്ങി. നിശ്ചയമായും അല്ലാഹുതന്നെയാണ് വളരെ (കനിഞ്ഞു) മടങ്ങുന്നവനും കരുണാനിധിയുമായുള്ളവൻ. ഹേ, സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും സത്യം പറയുന്നവരുടെ കൂടെയായിരിക്കുകയും ചെയ്യുവിൻ" (9:117-119).

കഅ്ബി(റ)ന് അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ കൂടെ തബൂകി



ലേക്ക് പുറപ്പെടണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ യാത്രക്കുള്ള എല്ലാ സൗകര്യങ്ങളുമുണ്ടായിരുന്നു, നല്ല വാഹനവുമുണ്ട്. പോകാം.. പോകാം.. എന്നും വിചാരിച്ച് ഇരുന്നു. എന്നാൽ അവസാനം അദ്ദേഹത്തിന് അതിന് സാധിക്കാതെ പോയി. ഒരു നല്ല കാര്യം ചെയ്യാനുള്ള അവസരം നമുക്ക് മുമ്പിൽ വന്നാൽ അത് പിന്നീടാകാം എന്ന് വിചാരിച്ച് നീട്ടിവെക്കുന്നത് നമുക്ക് തന്നെ വിനയായി മാറുമെന്നത് ഇതിൽനിന്ന് നാം സ്വീകരിക്കേണ്ട ഗുണപാഠമാണ്. ഒരാൾക്ക് ഹജ്ജ് നിർവഹിക്കാൻ പോകാനുള്ള സാമ്പത്തികവും ശാരീരികവുമായ സൗകര്യം ഒത്തുവന്നു. എന്നാലും അടുത്ത തവണയാകാം എന്നു വിചാരിച്ച് നീട്ടിവെച്ചാൽ അത് നടന്നുകൊള്ളണമെന്നില്ല. പിന്നീട് അതിന്റെ പേരിൽ ദുഃഖിക്കേണ്ടിവരും. അതിനാൽ സൽകർമം ചെയ്യാൻ തീരുമാനിച്ചാൽ അത് ഉടനെത്തന്നെ നിർവഹിക്കലാണ് നല്ലത്. അല്ലെങ്കിൽ മനസ്സിൽ പല തോന്നലുകളും വന്ന് അതിൽനിന്നും പിന്മാറലാകും ഉണ്ടാകുക. ഈ മൂന്ന് സ്വഹാബിമാർക്കും സംഭവിച്ചത് അതായിരുന്നു.

നബി(സ്വ)യും സ്വഹാബിമാരും തബൂകിൽ എത്തിയപ്പോൾ പലരെക്കുറിച്ചും ചോദിച്ചിരുന്നു. മുസ്‌ലിം സൈന്യത്തിൽ ആയിരക്കണക്കിന് പേർ ഉണ്ടായിരുന്നതിനാൽ പലരും അതിന്റെ മറവിൽ രക്ഷപ്പെടാൻ വഴി കണ്ടു; എന്നാൽ കഅ്ബ്(റ) അടക്കമുള്ള ഈ മൂന്ന് സ്വഹാബിമാർ പോകാൻ താൽപര്യം കാണിച്ചവരായിരുന്നു.

നബി(സ്വ) മദീനയിലെ പള്ളിയിൽ ഇരിക്കുന്ന സന്ദർഭത്തിൽ എൺപതോളം ആളുകൾ കഅ്ബി(റ)ന്റെ മുന്നിൽ വെച്ച് നബി(സ്വ)യോട് കാരണം ബോധിപ്പിച്ചിരുന്നു. അങ്ങനെ കഅ്ബി(റ)ന്റെ ഊഴമായി. കഅ്ബ്(റ) നബി(സ്വ)യെ സമീപിച്ചു. നബി(സ്വ)യോട് സലാം പറഞ്ഞു. അപ്പോൾ നബി(സ്വ) അദ്ദേഹത്തോട് കുപിതനായി ഒന്നു ചിരിച്ചു. കഅ്ബ്(റ) തന്റെ കൂടെ വരാത്തതിൽ വലിയ വിഷമമുണ്ടായിരുന്നു. എന്നിട്ട് നബി(സ്വ) കഅ്ബി(റ)നെ തന്റെ അടുത്തേക്ക് വിളിച്ചു. അദ്ദേഹം നബി(സ്വ)യുടെ മുമ്പിൽ ഭവ്യതയോടെ ഇരുന്നു. യുദ്ധത്തിന് വരാതെ പിന്തിനിൽക്കാനുള്ള കാരണം നബി(സ്വ) ചോദിച്ചു. അദ്ദേഹം സത്യസന്ധമായി കാര്യം തുറന്നുപറഞ്ഞു. നബി(സ്വ) കഅ്ബ് പറഞ്ഞത് സത്യമാണെന്ന് പറഞ്ഞു. 'നിന്റെ കാര്യത്തിൽ അല്ലാഹു തീരുമാനം എടുക്കട്ടെ' എന്ന് ആശ്വസിപ്പിച്ചു.

കഅ്ബി(റ)ന് അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ കൂടെ തബൂകിലേക്ക് പുറപ്പെടണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ യാത്രക്കുള്ള എല്ലാ സൗകര്യങ്ങളുമുണ്ടായിരുന്നു, നല്ല വാഹനവുമുണ്ട്. പോകാം.. പോകാം.. എന്നും വിചാരിച്ച് ഇരുന്നു. എന്നാൽ അവസാനം അദ്ദേഹത്തിന് അതിന് സാധിക്കാതെ പോയി. ഒരു നല്ല കാര്യം ചെയ്യാനുള്ള അവസരം നമുക്ക് മുമ്പിൽ വന്നാൽ അത് പിന്നീടാകാം എന്ന് വിചാരിച്ച് നീട്ടിവെക്കുന്നത് നമുക്ക് തന്നെ വിനയായി മാറും

എന്തെങ്കിലും ഒരു കാരണം നബി(സ്വ)യോട് പറഞ്ഞാൽ അവിടുന്ന് താങ്കൾക്കും മാപ്പ് നൽകില്ലേ എന്ന് പലരും ചോദിച്ചു. എന്നാൽ അദ്ദേഹം ഇല്ലാത്ത കാരണം പറഞ്ഞ് രക്ഷപ്പെടാൻ തയ്യാറായില്ല. അങ്ങനെ അദ്ദേഹം തനിക്ക് സംഭവിച്ചതുപോലെ സംഭവിച്ച ആരെങ്കിലും ഉണ്ടോ എന്ന് അന്വേഷിച്ചു. ഹിലാൽ ഇബ്നു ഉമയ്യയും മുറാറ ഇബ്നുർറബീഉം ഉണ്ടെന്ന് മനസ്സിലാക്കി.

ഈ രണ്ടു സ്വഹാബിമാരും ബദ്ര് യുദ്ധത്തിൽ പങ്കെടുത്ത മഹാന്മാരാണ്. ഇവർ തനിക്ക് കൂട്ടിനുണ്ടല്ലോ എന്നോർത്ത് കഅ്ബ്(റ) സന്തോഷിച്ചു. ഈ മൂന്ന് പേരും നബി(സ്വ)യുടെ മുന്നിൽ സത്യസന്ധമായി അവരുടെ കാരണം ബോധിപ്പിച്ചവരാണ്.

അല്ലാഹു തീരുമാനം ഇറക്കി. നബി(സ്വ)യോട് ഈ മൂന്നു പേരെയും ബഹിഷ്കരിക്കാൻ വേണ്ടി അല്ലാഹു കൽപിച്ചു. അങ്ങനെ ഇവർക്ക് എതിരിലുള്ള ഉപരോധം തുടങ്ങി. അത് അമ്പത് ദിവസം നീണ്ടു. അവർക്കുള്ള ശിക്ഷയായിരുന്നു അത്. ഈ മൂന്ന് സ്വഹാബിമാർ മദീനയിൽ ഒറ്റപ്പെടുകയാണ്. അത് അവർക്ക് വല്ലാത്ത പ്രയാസമായി. അവരുടെ ആ പ്രയാസത്തെ സംബന്ധിച്ച് ക്വുർആൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

ഭൂമി വിശാലമായിട്ടും, തങ്ങൾക്ക് വേണ്ടപ്പെട്ടവർ എവിടെവെച്ചും സംസാരിക്കാത്ത, യാതൊരു ബന്ധവുമില്ലാത്ത അവസ്ഥ കാരണത്താൽ ഭൂമി അവർക്ക് ഇടുങ്ങിയതുപോലെ ആയിത്തീർന്നു. ഇതിൽ നിന്നും മോചനം ലഭിക്കാൻ അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങലല്ലാതെ മറ്റൊരു വഴിയില്ലെന്ന് ഈ മഹാന്മാർക്ക് ബോധ്യമായി. മൂവരും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങി. അങ്ങനെ അവരുടെ തൗബ അല്ലാഹു സ്വീകരിച്ചു. അവർക്ക് മാപ്പുകൊടുത്തതായുള്ള സന്തോഷവാർത്ത ക്വുർആൻ സൂക്തത്തിലൂടെ അല്ലാഹു അറിയിച്ചു.

ആ മൂന്ന് മഹാന്മാർക്കും അല്ലാഹുവിങ്കൽ നിന്നുള്ള മഹത്ത്വവും അംഗീകാരവും ലഭിക്കാനുള്ള കാരണം അവരുടെ സത്യസന്ധതയായിരുന്നു. അതിനാൽ ആ സൽഗുണത്തിന്റെ വക്താക്കളാകാൻ മുഴുവൻ വിശ്വാസികളും പരിശ്രമിക്കേണ്ടതുണ്ട്. അവിടെയാണ് അല്ലാഹുവിന്റെ സഹായം ഉണ്ടാകുക. ആ മൂന്നു പേരുടെയും കാര്യം ഉണർത്തി അല്ലാഹു പറയുന്ന ആ വചനത്തിന് ശേഷം മുഴുവൻ വിശ്വാസികളോടും ഒരു കാര്യം ഉണർത്തി: 'ഹേ, സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും സത്യം പറയുന്നവരുടെ കൂടെയായിരിക്കുകയും ചെയ്യുവിൻ.' (തുടരും)




**‘‘സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ ഭക്തിയുള്ളവരായേക്കാം’’ (ക്വുർആൻ 2:183).**

# വ്രതം: ആത്മീയതയ്ക്കും ആരോഗ്യത്തിനും

ഡോ. ടി. കെ യൂസുഫ്
:9349798262

മനുഷ്യന്റെ ആത്മീയതയെ പരിപോഷിപ്പിക്കുന്നതിനും മൃഗീയവാസനകൾക്ക് കടിഞ്ഞാണിടുന്നതിനും വേണ്ടിയാണ് നോമ്പ് നിർബന്ധമാക്കപ്പെട്ടതെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങളിൽനിന്ന് ഗ്രഹിക്കാൻ കഴിയുന്നത്. അല്ലാഹു പറയുന്നു:

‘‘സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ ഭക്തിയുള്ളവരായേക്കാം.’’ (ക്വുർആൻ 2:183).

മനുഷ്യൻ അമിതമായി ആഹാരം കഴിച്ചാൽ അത് അവന്റെ മതകാര്യങ്ങളിൽ ആലസ്യമുണ്ടാക്കുകയും അതുവഴി ആത്മീയ ചൈതന്യം ചോർന്നുപോകുകയും ചെയ്യും. മാനവചരിത്രം പരിശോധിക്കുകയാണെങ്കിൽ സമൂഹത്തിലെ പട്ടിണിപ്പാവങ്ങൾ പണക്കൊഴുപ്പുള്ളവരെക്കാൾ ഭക്തരും, മതകാര്യങ്ങളിൽ നിഷ്ഠപുലർത്തുന്നവരുമാണന്ന് കാണാൻ കഴിയും. ഏത് മതവിഭാഗങ്ങളിലുള്ളവരാണങ്കിലും അതിലെ ഭക്തർ താരതമ്യേന സാമ്പത്തിക രംഗത്ത് പിന്നാക്കം നിൽക്കുന്നവരായിരിക്കും. പ്രവാചകന്മാരെ പിൻപറ്റിയവരിൽ അധികപേരും സമൂഹത്തിലെ താഴെക്കിടയിൽനിന്നുള്ളവരായിരുന്നു എന്നു കാണാം. നമ്മുടെ നാട്ടിൽ റമദാൻ മാസത്തിൽ മാത്രം ജനങ്ങൾ കാണിക്കുന്ന ഭക്തിയും ആരാധനാതൽപരതയും മതപ്രഭാഷണങ്ങൾ കേൾക്കാനുള്ള ത്വരയും വ്രതം കാരണമായുണ്ടാകുന്ന ആത്മീയതയുടെ നിദർശനം തന്നെയാണ്.

മാനവകുലത്തിന്റെ ചരിത്രത്തിന് ഒരു ആമുഖമെഴുതി പ്രസിദ്ധിയാർജിച്ച ഇബ്‌നു ഖൽദൂൻ തന്റെ വിഖ്യാതമായ ‘മുക്വദ്ദിമ’യിൽ മനുഷ്യജീവിതത്തിൽ വിശപ്പുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ചും പട്ടിണിയുടെ പോഷക ഗുണങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്: ‘‘ഭൂമിയിലെ ഫലഭൂയിഷ്ഠമായ മേഖലകളിൽ ധാന്യങ്ങളും പഴങ്ങളും ധാരാളം വളരുകയും അവിടെയുള്ളവർക്ക് ജീവിതത്തിൽ സുഭിക്ഷതയുണ്ടാകുകയും ചെയ്യും, എന്നാൽ മണൽക്കാടുകളിലും തരിശുഭൂമികളിലും താമസിക്കുന്നവർക്ക് താരതേമ്യന കുറഞ്ഞ ഭക്ഷണമാണ് ലഭ്യമാവുക. ഇങ്ങനെയൊക്കെയാണെങ്കിലും ധാന്യങ്ങളും കറിക്കൂട്ടുകളും കിട്ടാനില്ലാത്ത മരുഭൂവാസികൾക്ക് സുഖസമൃദ്ധിയിൽ കഴിയുന്നവരെക്കാൾ നല്ല ശരീരാരോഗ്യവും സ്വഭാവഗുണങ്ങളും ഉള്ളതായി കാണാം. അവരുടെ നിറം കൂടുതൽ തെളിഞ്ഞതും ശരീരം വെടിപ്പുള്ളതും ആകാരം കുറ്റമറ്റതും ഭംഗിയുള്ളതുമായിരിക്കും.’’ (മുക്വദ്ദിമ, പേജ് 17).

‘‘വിശപ്പ് സഹിക്കുന്നവരിൽ സന്തുലിതമായ സ്വഭാവഗുണങ്ങളും അറിവ് ആർജിക്കുന്നതിലും വസ്തുതകൾ നിരീക്ഷിക്കുന്നതിലും മറ്റുള്ളവരെക്കാൾ ഉന്മേഷവും ഊർജസ്വലതയും കാണപ്പെടുകയും ചെയ്യുന്നുണ്ട്. ഇതിന് കാരണം മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തിന്റെ ആധിക്യവും അതുൾക്കൊള്ളുന്ന വിനാശകരമായ അധികപ്പറ്റുകളും ദുർനീരുകളും അവന്റെ തലച്ചോറിൽ എത്തുകയും മനസ്സിനെയും ചിന്താശക്തിയെയും അത് മന്ദീഭവിപ്പിക്കുകയും ചെയ്യുന്നതാണ്. മൃഷ്ടാന്നഭോജികൾ പൊതുവെ മൂഢന്മാരായിട്ടാണല്ലോ കാണപ്പെടാറുള്ളത്. അമിതാഹാരം

മനുഷ്യന്റെ ബൗദ്ധികവികാസത്തിന് മാത്രമല്ല ദോഷംവരുത്തുന്നത്; അവന്റെ ശരീര സൗന്ദര്യത്തിനും അത് മങ്ങലേൽപിക്കുന്നുണ്ട്. ഉദാഹരണമായി, തരിശുഭൂമിയിൽ ജീവിക്കുന്ന ജന്തുക്കളായ കലമാൻ, ജിറാഫ് എന്നിവ സമൃദ്ധമായ മേച്ചിൽപുറങ്ങളിൽ ജീവിക്കുന്ന ആട്-മാടുകളെക്കാൾ രൂപഭംഗിയും സൗന്ദര്യവും ഉള്ളവയാണ്'' (മുക്വദ്ദിമ, പേജ് 18).

ഭക്ഷണസമൃദ്ധി ബുദ്ധിയിലും സൗന്ദര്യത്തിലും മാത്രമല്ല മതകാര്യങ്ങളിലും ദൈവാരാധനയിലും വരെ സ്വാധീനം ചെലുത്തുന്നുണ്ട്. നാട്ടിൻപുറങ്ങളിലാണെങ്കിലും നഗരങ്ങളിലാണെങ്കിലും അഷ്ടിക്ക് വകയില്ലാതെ വിശപ്പും പേറി ഞെങ്ങിഞെരുങ്ങി കഴിയുന്നവർ ഐശ്വര്യത്തിലും സുഭിക്ഷതയിലും കഴിയുന്നവരെക്കാൾ മതബോധമുള്ളവരും മതാനുഷ്ഠാനങ്ങളിൽ ഏർപ്പെടുന്നവരുമായി കാണപ്പെടുന്നുണ്ട്. പ്രപഞ്ചനാഥനും സകല സമ്പത്തുക്കളുടെ ഉടമയുമായ അല്ലാഹു തന്റെ ശ്രേഷ്ഠനായ പ്രവാചകന് വയറ് നിറച്ച് ആഹാരം കഴിക്കാൻ അവസരം നൽകിയില്ല എന്ന വസ്തുതയിലും ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്. വിശപ്പ് വിനാശകരമായ ഒരു ശാപമായിരുന്നുവെങ്കിൽ അല്ലാഹു തന്റെ തിരുദൂതനെ അതിന്റെ പീഡനമേൽക്കാൻ അനുവദിക്കുമായിരുന്നില്ല. ദാരിദ്ര്യത്തിന് ആത്മീയരംഗത്ത് നമുക്ക് അജ്ഞാതമായ ചില പോഷണങ്ങൾ നൽകാൻ കഴിയുന്നതുകൊണ്ടായിരിക്കാം പല പ്രവാചകന്മാരെയും സാത്വികരെയും അല്ലാഹു പട്ടിണിയിൽനിന്ന് കരകയറ്റാതിരുന്നത്.

വിശപ്പ് താങ്ങാനോ ഭക്ഷണം കുറക്കാനോ കഴിയുന്നത് ആത്മീയരംഗത്ത് മാത്രമല്ല ആരോഗ്യരംഗത്തും വളരെ പ്രയോജനകരമാണ്. ഇവിടെയാണ് വ്രതം പ്രസക്തമാകുന്നത്. ഒരാൾക്ക് പട്ടിണിമരണം സംഭവിക്കുന്നത് കേവലം വിശപ്പ് അനുഭവിക്കുന്നതുകൊണ്ട് മാത്രമല്ല; പ്രത്യുത മുമ്പ് അവൻ വയറുനിറച്ച് ശീലമാക്കിയതുകൊണ്ടുകൂടിയാണ്. അതുപോലെ ആദ്യമായി നോമ്പെടുക്കുന്നവർക്കും ചില ശാരീരിക പ്രയാസകങ്ങൾ ഉണ്ടാകാനിടയുണ്ട്. എന്നാൽ വ്രതം ശീലമാകുന്നതോടുകൂടി ഇത്തരം പ്രയാസങ്ങൾ വിട്ടുമാറുകയും അത് ആരോഗ്യദായകമായി മാറുകയും ചെയ്യും. വ്രതം ആരോഗ്യത്തിന് ഹാനികരമായിരുന്നുവെങ്കിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ അത് ഒരായുധമാക്കി നമ്മെ വിമർശിക്കുമായിരുന്നു. എന്നാൽ ഇസ്‌ലാമിന്റെ എതിരാളികൾ പോലും ഇന്ന് നോമ്പിനെ പ്രശംസിക്കുകയാണ് ചെയ്യുന്നത്. സർവോപരി ആധുനിക വൈദ്യശാസത്ര പഠനങ്ങളും ഗവേഷണങ്ങളും വ്രതത്തിന്റെ ആരോഗ്യശാസ്ത്ര മാനങ്ങളാണ് വെളിപ്പെടുത്തുന്നത്.

നോമ്പനുഷ്ഠിക്കുന്നത് ആരോഗ്യത്തിന് ഒട്ടും അപകടകരമല്ല എന്നതിലുപരി പ്രകൃതി ചികിത്സയിൽ ഒട്ടനവധി അസുഖങ്ങളുടെ ശമനത്തിന് അത് അത്യാവശ്യവുമാണ്. ഭൂമുഖത്തുള്ള ഒരു ജീവിയും രോഗാവസ്ഥയിൽ ഭക്ഷണം കഴിക്കാറില്ല. മനുഷ്യനും ഒരളവോളം അങ്ങനെ തന്നെയാണ്. അവൻ രോഗിയായിരിക്കുമ്പോൾ ഭക്ഷണത്തോട് താൽപര്യം കാണിക്കാറില്ല. രോഗിയുടെ ഉറ്റവരുടെ നിർബന്ധംകൊണ്ട് മാത്രമാണ് അവൻ വല്ലതും അകത്താക്കാറുള്ളത്. നാം കഴിക്കുന്ന ഭക്ഷണം ദഹിപ്പിക്കാൻ ശരീരം അൽപം ഊർജം ചെലവഴിക്കുകയും അധ്വാനിക്കുകയും ചെയ്യേ

''വിശപ്പ് സഹിക്കുന്നവരിൽ സന്തുലിതമായ സ്വഭാവഗുണങ്ങളും അറിവ് ആർജിക്കുന്നതിലും വസ്തുതകൾ നിരീക്ഷിക്കുന്നതിലും മറ്റുള്ളവരെക്കാൾ ഉന്മേഷവും ഊർജസ്വലതയും കാണപ്പെടുകയും ചെയ്യുന്നുണ്ട്. ഇതിന് കാരണം മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തിന്റെ ആധിക്യവും അതുൾക്കൊള്ളുന്ന വിനാശകരമായ അധികപ്പറ്റുകളും ദുർനീരുകളും അവന്റെ തലച്ചോറിൽ എത്തുകയും മനസ്സിനെയും ചിന്താശക്തിയെയും അത് മന്ദീഭവിപ്പിക്കുകയും ചെയ്യുന്നതാണ്. മൃഷ്ടാന്നഭോജികൾ പൊതുവെ മൂഢന്മാരായിട്ടാണല്ലോ കാണപ്പെടാറുള്ളത്. അമിതാഹാരം മനുഷ്യന്റെ ബൗദ്ധികവികാസത്തിന് മാത്രമല്ല ദോഷംവരുത്തുന്നത്; അവന്റെ ശരീര സൗന്ദര്യത്തിനും അത് മങ്ങലേൽപിക്കുന്നുണ്ട്. ഉദാഹരണമായി, തരിശുഭൂമിയിൽ ജീവിക്കുന്ന ജന്തുക്കളായ കലമാൻ, ജിറാഫ് എന്നിവ സമൃദ്ധമായ മേച്ചിൽപുറങ്ങളിൽ ജീവിക്കുന്ന ആട്-മാടുകളെക്കാൾ രൂപഭംഗിയും സൗന്ദര്യവും ഉള്ളവയാണ്''
(മുക്വദ്ദിമ, പേജ് 18).



ണ്ടതുണ്ട്. അതുകൊണ്ട്തന്നെ രോഗാവസ്ഥയിൽ ഭക്ഷണം കഴിക്കുന്നത് സ്വാഭാവിക രോഗശമനത്തിന് വിഘാതം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. മൃഗങ്ങൾ ചെയ്യാറുള്ളതുപോലെ മനുഷ്യനും രോഗാവസ്ഥയിൽ തീറ്റ നിയന്ത്രിക്കുകയാണെങ്കിൽ പല അസുഖങ്ങളും ചികിത്സയില്ലാതെതന്നെ ഭേദമാകാനിടയുണ്ട്.

മനുഷ്യന്റെ ശാരീരിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഇന്ധനം ലഭിക്കുന്നത് അവൻ കഴിക്കുന്ന ഭക്ഷണത്തിൽനിന്നാണെങ്കിലും ഭക്ഷണം തീരുന്നതോടുകൂടി അവന്റെ പ്രവർത്തനങ്ങൾ പാടെ നിലയ്ക്കുന്ന രൂപത്തിലല്ല അല്ലാഹു മനുഷ്യശരീരം രൂപകൽപന ചെയ്തിട്ടുള്ളത്. അടിയന്തിര ആവശ്യങ്ങൾക്ക് വേണ്ടി കരൾ മിച്ചംവരുന്ന ഭക്ഷണത്തെ ഗ്ലൈക്കോജനാക്കി കരുതിവയ്ക്കാറുണ്ട്. ഇങ്ങനെ കരുതിവച്ച ഗ്ലൈക്കോജനെ ഗ്ലൂക്കോസാക്കി മാറ്റിയാണ് ഭക്ഷണം ലഭിക്കാതെ വരുമ്പോഴുള്ള ഊർജപ്രതിസന്ധി പരിഹരിക്കാറുള്ളത്. തുടർന്നും ഭക്ഷണം ലഭിക്കാതെ മണിക്കൂറുകൾ പിന്നിട്ടാൽ, ശരീരം കൊഴുപ്പിലും മാംസപേശികളിലും കൈവച്ച് പ്രതിസന്ധി പരിഹരിക്കും. ഒരു നോമ്പുകാരനെ സംബന്ധിച്ചിടത്തോളം അവന് തീരെ നിൽക്കക്കള്ളിയില്ലാതാകുന്നതിന് മുമ്പായി നോമ്പിന്റെ സമയം അവസാനിക്കുകയും വീണ്ടും ഭക്ഷണം കഴിച്ച് ഊർജ പ്രതിസന്ധി തീർക്കാനാവുകയും ചെയ്യും.

മനുഷ്യന്റെ ദഹനേന്ദ്രിയ വ്യവസ്ഥയുമായി ബന്ധപ്പെട്ട ഒട്ടേറെ അവയവങ്ങൾക്ക് അൽപം വിശ്രമം ലഭിക്കും എന്നതാണ് നോമ്പുകൊണ്ട് ലഭിക്കുന്ന മറ്റൊരു ഭൗതികനേട്ടം. ഉദാഹരണമായി, വൃക്കകൾ രക്തത്തിലെ മാലിന്യങ്ങൾ അരിക്കുന്ന ജോലിയിൽ മുഴുകിയിരിക്കുകയാണല്ലോ. എത്രകണ്ട് ഭക്ഷണം അകത്താക്കുന്നുവോ അത്രകണ്ട് അതിന് ജോലിഭാരവും കൂടും. നോമ്പെടുക്കുമ്പോൾ വൃക്കകൾക്ക് ജോലിഭാരം കുറയുകയും അതുമൂലം ഇന്ന് മനുഷ്യന് ഏറെ വിഷമഘട്ടത്തിലെത്തിക്കുന്ന വൃക്കരോഗങ്ങളിൽനിന്ന് രക്ഷനേടാൻ സാധിക്കുകയും ചെയ്യും.




അബൂഹുറയ്റ(റ)യിൽ നിന്ന് ത്വബ്റാനി ഉദ്ധരിച്ച പ്രസ്തുത ഹദീസ് പ്രകാരം വ്രതം ആരോഗ്യദായകമാണെങ്കിലും പകലന്തിയോളം പട്ടിണികിടക്കുകയും രാത്രിയിൽ മൂക്കറ്റം തിന്നുകയും ചെയ്യുന്നവർക്ക് വ്രതത്തിന്റെ ആരോഗ്യനേട്ടങ്ങൾ ലഭിക്കണമെന്നില്ല. റമദാനിലാണെങ്കിലും അല്ലെങ്കിലും ഭക്ഷണത്തെക്കുറിച്ചുള്ള ഇസ്‌ലാമിക മാർഗദർശനങ്ങൾ പാലിക്കേണ്ടതുണ്ട്.
ൾ പാലിക്കേണ്ടതുണ്ട്.
നബി(സ്വ) പറഞ്ഞു: ''ഒരു മനുഷ്യന് തന്റെ നട്ടെല്ല് നിവർത്താൻ ഏതാനും ചെറിയ ഉരുളകൾ മതി. ഇനി കൂടാതെകഴിയില്ലെങ്കിൽ അവന്റെ ആമാശയത്തിന്റെ മൂന്നിലൊന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊന്ന് വായുവിനും ആയിരിക്കട്ടെ.''

പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങളാണ് മുമ്പ് ജനങ്ങളെ വേട്ടയാടിയിരുന്നതെങ്കിൽ ഇന്ന് ഭക്ഷ്യജന്യരോഗങ്ങളാണ് പലരെയും ബാധിക്കുന്നത്. പ്രമേഹം, പ്രഷർ, ഹൃദ്രോഗം എന്നിവ അതിനുദാഹരണമാണ്. ഭക്ഷണനിയന്ത്രണത്തിലൂടെ ഒരളവോളം ഇവ നിയന്ത്രിക്കാനാവും. ഇത്തരം രോഗങ്ങൾ ബാധിക്കുന്നതിൽ പാരമ്പര്യമാണ് പ്രധാന വില്ലനെങ്കിലും വ്രതത്തിലൂടെ ഇവയുടെ പീഡകൾ കുറെയൊക്കെ ലഘൂകരിക്കാനാവും. 'നിങ്ങൾ നോമ്പെടുക്കുക, ആരോഗ്യവാന്മാരാവുക' എന്ന പ്രവാചക വചനം ഇവിടെയാണ് പ്രസക്തമാകുന്നത്.

അബൂഹുറയ്റ(റ)യിൽ നിന്ന് ത്വബ്റാനി ഉദ്ധരിച്ച പ്രസ്തുത ഹദീസ് പ്രകാരം വ്രതം ആരോഗ്യദായകമാണെങ്കിലും പകലന്തിയോളം പട്ടിണികിടക്കുകയും രാത്രിയിൽ മൂക്കറ്റം തിന്നുകയും ചെയ്യുന്നവർക്ക് വ്രതത്തിന്റെ ആരോഗ്യനേട്ടങ്ങൾ ലഭിക്കണമെന്നില്ല. റമദാനിലാണെങ്കിലും അല്ലെങ്കിലും ഭക്ഷണത്തെക്കുറിച്ചുള്ള ഇസ്‌ലാമിക മാർഗദർശനങ്ങൾ പാലിക്കേണ്ടതുണ്ട്.

നബി(സ്വ) പറഞ്ഞു: ''ഒരു മനുഷ്യന് തന്റെ നട്ടെല്ല് നിവർത്താൻ ഏതാനും ചെറിയ ഉരുളകൾ മതി. ഇനി കൂടാതെകഴിയില്ലെങ്കിൽ അവന്റെ ആമാശയത്തിന്റെ മൂന്നിലൊന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊന്ന് വായുവിനും ആയിരിക്കട്ടെ.''

'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, അമിതമാകരുത്' എന്നാണ് ഖുർആൻ ആവർത്തിച്ച് ആവശ്യപ്പെടുന്നത്. നോമ്പെടുക്കുന്നവരും ഈ മാർഗനിർദേശങ്ങൾ പാലിച്ചെങ്കിൽ മാത്രമെ വ്രതത്തിലൂടെ അവന് ഖുർആൻ പ്രഖ്യാപിച്ച ആത്മീയതയും ഹദീസിൽ വന്ന ആരോഗ്യവും ആർജിക്കാനാവുകയുള്ളൂ.




# കൊല്ലാൻ പ്രേരിപ്പിക്കുന്ന ധനമോഹം


**ടി.കെ അശ്റഫ്**
✆: 81118 07199


ഉറങ്ങിക്കിടക്കുകയായിരുന്ന മകനെയും മരുമകളെയും രണ്ടു പേരമക്കളെയും റൂമിനകത്തേക്ക് പെട്രോൾ കുപ്പികൾ കത്തിച്ചെറിഞ്ഞ് അതിക്രൂരമായി ചുട്ടുകൊന്ന സംഭവം ഞെട്ടലുളവാക്കുന്നതാണ്. സ്വത്തു തർക്കത്തിലെ വൈരാഗ്യത്തെ തുടർന്നാണത്രെ പിതാവ് മകനെയും കുടുംബത്തെയും നിഷ്‌കരുണം കത്തിച്ചത്!

കുടുംബ ബന്ധത്തിന് ഇസ്‌ലാം നൽകുന്ന പവിത്രത മനസ്സിലാക്കിയ ഒരാൾക്ക് ഇങ്ങനെയൊരു കടുംകൈ ചെയ്യാൻ കഴിയില്ല. ഇസ്‌ലാമിനെപോലെ കുടുംബ ബന്ധങ്ങളുടെ മഹത്ത്വവും ബന്ധങ്ങൾ ചേർക്കേണ്ടതിന്റെ അനിവാര്യതയും ബന്ധങ്ങൾ മുറിക്കുന്നതിലെ കുറ്റവും വിശദമാക്കിയ മറ്റൊരു മതവും ദർശനവും കാണാൻ സാധ്യമല്ല.

അബൂഅയ്യൂബുൽ അൻസ്വാരി(റ)യിൽ നിന്നുദ്ധരിക്കുന്നു. ഒരാൾ പറഞ്ഞു: ''പ്രവാചകരേ! സ്വർഗത്തിലേക്കെന്നെ അടുപ്പിക്കുന്നതും നരകത്തിൽനിന്നെന്നെ അകറ്റുന്നതുമായ ഒരു പ്രവർത്തനത്തെ കുറിച്ചു പറഞ്ഞുതരിക.'' പ്രവാചകൻ(സ്വ) പറഞ്ഞു: ''നീ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ യാതൊന്നും പങ്കുചേർക്കാതിരിക്കുക. നമസ്‌കാരം നിലനിർത്തുകയും സകാത്തു കൊടുക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുക'' (ബുഖാരി, മുസ്‌ലിം).

ബന്ധം ചേർക്കുന്നവരെ പുകഴ്ത്തികൊണ്ട് അല്ലാഹു പറഞ്ഞിരിക്കുന്നു: ''കൂട്ടിയിണക്കപ്പെടാൻ അല്ലാഹു കൽപിച്ചത് (ബന്ധങ്ങൾ) കൂട്ടിയിണക്കുകയും തങ്ങളുടെ രക്ഷിതാവിനെ പേടിക്കുകയും കടുത്ത വിചാരണയെ ഭയപ്പെടുകയും ചെയ്യുന്നവർ'' (റഅ്ദ്: 21).

ഇസ്‌ലാം ഇണക്കത്തിന്റെ മതമാണ്. നന്മയുടെയും കാരുണ്യത്തിന്റെയും മതമാണ്. അത് ബന്ധം ചേർക്കാൻ കൽപിക്കുകയും ബന്ധം മുറിക്കുന്നത് വിരോധിക്കുകയും ചെയ്യുന്നു. ബന്ധം ചേർക്കുന്നതിന്റെ പ്രാധാന്യം ഉൾകൊളളാത്ത, അതിനെ പരിഗണിക്കാത്ത ഭൂമുഖത്തുള്ള സർവ വ്യവസ്ഥിതികൾക്കും വിരുദ്ധമായി മുസ്‌ലിം സമൂഹത്തെ പരസ്പരം ബന്ധപ്പെട്ടവരും ഇണക്കമുള്ളവരും കാരുണ്യം കാണിക്കുന്നവരും ആക്കി മാറ്റാൻ ഇസ്‌ലാമിന് സാധിക്കുന്നു.

എന്നാൽ ഇസ്‌ലാമിനെ മനസ്സിലാക്കാത്ത മുസ്‌ലിം നാമധാരികൾ അവരുടെ മതവിരുദ്ധമായ പ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമിനെ അപമാനിക്കുകയാണ് ചെയ്യുന്നത്. തൊടുപുഴയിലെ കൊലയാളിക്ക് മാനസിക വൈകല്യം ഉള്ളതായി പറയപ്പെടുന്നില്ല. 79 വയസ്സ് പ്രായമായ ഈ പ്രതിയെക്കുറിച്ചോർക്കുമ്പോൾ വയസ്സാകുംതോറും ആയുസ്സിനോടും സമ്പത്തിനോടുമുള്ള താൽപര്യം വർധിക്കുമെന്ന പ്രവാചകവചനം ഓർമവരികയാണ്.

സ്വത്ത് ഭാഗം വയ്ക്കുന്നിടത്തുള്ള നിയമനിർദേശങ്ങളെ സംബന്ധിച്ച് യാതൊരു ബോധവും ഇല്ലാത്തവരാണ് സമുദായത്തിലെ മഹാഭൂരിപക്ഷവും. ബോധമുള്ളവർ തന്നെ കൗശലത്തിലൂടെ മറ്റുള്ളവരെ കബളിപ്പിച്ച് സ്വത്ത് തട്ടിയെടുക്കുന്ന പ്രവണതയും വ്യാപകമാണ്. പ്രായമായ മാതാപിതാക്കളെ പരിചരിക്കുന്നതിന് ഉപാധിവച്ച് അവരുടെ മരണത്തിനു മുമ്പുതന്നെ സ്വത്ത് ഓഹരി വയ്ക്കാൻ ശാഠ്യം പിടിക്കുന്ന മക്കൾ വർധിച്ചുവരികയാണ്. അങ്ങനെ സ്വത്ത് ലഭിച്ചാലാകട്ടെ, മാതാപിതാക്കൾ വഴിയാധാരമാക്കപ്പെടുന്ന സംഭവങ്ങളും ഒറ്റപ്പെട്ടതല്ല. മക്കൾക്കിടയിൽ നീതി പാലിക്കാതെ സ്വത്ത് ഭാഗം വയ്ക്കുന്നതിന്റെ പേരിൽ അവർക്കിടയിൽ പകയുടെ വിത്ത് വിതക്കുന്ന മാതാപിതാക്കളും ഇല്ലാതില്ല.

തൊട്ടടുത്ത പ്രദേശത്ത് പുതിയ വീടുവച്ച് അതിലേക്ക് തന്റെ മകനും കുടുംബവും മാറാനിരിക്കുന്നത് തടയാൻ ലക്ഷ്യംവെച്ചാണ് പിതാവ് ആസൂത്രിതമായി ഇവരെ ചുട്ടെരിക്കാൻ തീരുമാനിച്ചതെന്ന് അറിയുമ്പോൾ എന്താണ് ഈ 'മനുഷ്യനെ' നയിക്കുന്ന വികാരമെന്ന് അറിയൽ അനിവാര്യമാണ്.

ഇത്തരം സംഭവങ്ങൾ സമൂഹ ശാസ്ത്രജ്ഞർ പഠനവിധേയമാക്കേണ്ടതുണ്ട്. ബോധവത്കരണം നടത്തേണ്ടതുണ്ട്. ഇല്ലെങ്കിൽ സമ്പത്തിന്റെ പേരിൽ അഗ്നിപർവത സമാനമായി മാറിയ പല കുടുംബങ്ങളും ഇനിയും പൊട്ടിത്തെറിക്കുന്നത് നാം കാണേണ്ടിവരും. സർക്കാരും മതസംഘടനകളും മഹല്ലുകളും കുടുംബങ്ങളും വിവിധ സമുദായങ്ങളുമെല്ലാം ഇക്കാര്യം ഗൗരവത്തിലെടുക്കണം.

schoolOfQuranJamia

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# നല്ല നാളേക്കായ് ഇന്ന് പഠിക്കാം

ക്ലാസുകൾ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് പ്രവേശനം

## 2022-23 രജിസ്ട്രേഷൻ ആരംഭിച്ചു

FOR MORE ENQUIRY +91 8606 788 882



അപേക്ഷകർ
www.schoolofquran.in
എന്ന വെബ്സെറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക

SCHOOL OF Qura'n

Jamia Al-Hind Al-Islamiyya Vadi Al Hikma,
Jamia Campus, Mini Ootty, Oorakam
Malappuram, Kerala, India, PIN 676519
mail@schoolofquran.in
www.schoolofquran.in

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 APRIL 02

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANIZATION

നോമ്പ്
തുറപ്പിക്കുക
പുണ്യം
നേടുക

# ഇഫ്ത്വാർ
# കിറ്റ്



**DONATE US**

**Wisdom Islamic Organisation**
**Account No: 920010022468211**
**Axis Bank, Kallai Road Branch**
**IFSC UTIB0001908**

SCAN AND PAY

ഒരു കുടുംബത്തിന്
**₹1500**
താങ്കൾക്കും
ഈ മഹത്
സംരംഭത്തിൽ
പങ്കാളിയാകാം

9567070031
9947520597
8606000750
7907182956

Relief
.......without boundaries